കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മലപ്പുറം ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

**e-mail: dompm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.എം.പി.എം.23/2673/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം ജില്ല.

e-mail:dompm.ksad@kerala.gov.in

തീയതി.18-01-2018

സീനീയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മലപ്പുറം ജില്ലാ പഞ്ചായത്ത്

സർ,

വിഷയം :മലപ്പുറം ജില്ലാ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം രണ്ടിലെ 2-2, 2-3 ഭാഗം മൂന്നിലെ 3-7, 3-11, 3-17, 3-18, 3-19, 3-30, 3-31, 3-34, 3-35, 3-36, 3-43, 3-52ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക ഭരണസമിതി യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)സെക്രട്ടറി, എൽ.എസ്.ജി.ഡി,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

എം.എ.1/18

കെ.എസ്.എ.എം.പി.എം23/2673/2017 തീയതി.18-01-2018

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ

ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2016 മുതൽ 31.10.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 62 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ പതിനൊന്ന് എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വി.കെ.ഷാജി,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.11.2017 മുതൽ 08.12.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സി.പി.അബ്ദുൽ സത്താർ.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.ദിനേശൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ടി.കെ.നസീർ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.മുഹമ്മദലി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.റിഷിൽ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സക്കീർ ഹുസൈൻ പി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹമ്മദ് ഫസലു റഹ്മാൻ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹമ്മദ് സലീം ടി,അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | ശ്രീ.മൂസ.ഇ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സന്തോഷ്.പി.ടി.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. യൂസഫ്.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.പി. ഉണ്ണികൃഷ്ണൻ | 01.04.2016 – 31.03.2017 |
| സെക്രട്ടറി | ശ്രീ.എ.അബ്ദുൽ ലത്തീഫ് | 01.04.2016 – 01.10..2016 |
| | ശ്രീ.മൻസൂർ ഹുസൈൻ.എച്ച്. | 02.10.2016-31.03.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ.

| | തസ്തിക | പേര് | കാലയളവ് |
|---|---|---|---|
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ -എൽ.എസ്.ജി.ഡി | ശ്രീ.മുഹമ്മദ് ബഷീർ.ടി | 01.04.2016-03.10.2016 |
| | | ശ്രീ.രാജൻ.എൻ.വി | 04.10.2016-31.03.2017 |
| 2 | ഡെപ്യൂട്ടി ഡയരക്ടർ-മൃഗസംരക്ഷണം | ഡോ.മീര മോഹൻദാസ് | 01.04.2016-31.03.2017 |
| 3 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -കൃഷി, ആനക്കയം | ശ്രീമതി.പ്രഭാ ദേവി.പി.എസ്. | 01.04.2016-09.01..2017 |
| | | ശ്രീ.സി.എൽ.ലാൽ | 21.01.2017-06.03.2017 |
| | | ശ്രീ.അബ്ദുൽ വഹാബ്.വി.എസ് | 07.03.2017-31.03.2017 |
| | | 10.01.2017-20.01.2017, കാലയളവിൽ ചുമതല വഹിച്ചവരുടെ പേര് വിവരം ലഭ്യമാക്കിയിട്ടില്ല. | |
| 4 | ഡെപ്യൂട്ടി ഡയരക്ടർ-വിദ്യാഭ്യാസം | ശ്രീ.പി.സഫറുള്ള | 01.04.2016-31.03.2017 |
| 5 | ജില്ലാ പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി.ലതാ നായർ | 01.04.2016-31.03.2017 |
| 6 | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | ശ്രീ.സുഭാഷ് കുമാർ ,കെ.വി | 01.04.2016-31.03.2017 |
| 7 | ജില്ലാ മെഡിക്കൽ ഓഫീസർ-അലോപ്പതി | ഡോ.വി .ഉമർ ഫാറൂഖ് | 01.04.2016-31.03.2017 |
| 8 | ജില്ലാ മെഡിക്കൽ ഓഫീസർ-ആയുർവേദ | ഡോ.ലീന | 01.04.2016-31.12.2016 |
| | | ഡോ.കെ.എം.ശ്രീദേവി. | 01.01.2017-06.02.2017 |
| | | ഡോ.കെ.സുശീല | 07.02.2017-31.03.2017 |
| 9 | മാനേജർ ജില്ലാ വ്യവസായ കേന്ദ്രം | ശ്രീ.ജയ.സി | 01.04.2016-16.07.2016 |
| | | ശ്രീ.ബാബുരാജ്.കെ | 17.07.2016-31.03.2017 |
| 10 | ഫാം സൂപ്രണ്ട്-ജില്ലാ കൃഷിത്തോട്ടം-ചുങ്കത്തറ | ശ്രീ.കെ.എസ്സ്.കുര്യച്ചൻ | 01.04.2016-18.08.2016 |
| | | ശ്രീമതി.ഗീത.പി.ടി | 19.08.2016-29.12.2016 |
| | | ശ്രീ.ജയ പീറ്റർ | 30.12.2016-09.03.2017 |
| | | ശ്രീ.മാത്യു ഉമ്മൻ | 10.03.2017-31.03.2017 |
| 11 | സീനിയർ കൃഷി ഓഫീസർ- സ്റ്റേറ്റ് സീഡ് ഫാം, ചോക്കാട് | ശ്രീ.ബിജു.പി.മാത്യു | 01.04.2016-18.08.2016 |
| | | ശ്രീ.റജി. എ വർഗീസ് | 29.08.2016-31.03.2017 |
| | | 19.08.2016-28.08.2016 വിവരം ലഭ്യമാക്കിയിട്ടില്ല | |
| 12 | സൂപ്രണ്ട്-ജില്ലാ ആശുപത്രി പെരിന്തൽമണ്ണ | ഡോ.ഷാജി.എ | 01.04.2016-31.03.2017 |
| 13 | ചീഫ് മെഡിക്കൽ ഓഫീസർ-ജില്ലാ ആയുർവേദ ആശുപത്രി, വളവന്നൂർ | ഡോ.കെ.എം.മൻസൂർ | 01.04.2016-31.03.2017 |
| 14 | സീനിയർ കൃഷി ഓഫീസർ-സ്റ്റേറ്റ് സീഡ് ഫാം, തവനൂർ | ശ്രീമതി.സക്കീന ബാനു.ഇ.പി | 01.04.2016-31.03.2017 |
| 15 | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, ആനക്കയം | ശ്രീ.കൃഷ്ണ കുമാർ.എം.പി | 01.04.2016-22.06.2016 |
| | | ശ്രീമതി.റീന കെ മേമോൻ | 23.06.2016-18.08.016 |
| | | ശ്രീമതി ലളിതാ ബേബി.പി.ടി | 19.08.2016-31.03.207 |
| 16 | സൂപ്രണ്ട്-ജില്ലാ ആശുപത്രി നിലമ്പൂർ | ഡോ.ടി.സീമാമു | 01.04.2016-26.01.2017 |
| | | ഡോ.സി.ഹമീദ് (i/c) | 27.01.2017-31.03.2017 |
| 17 | സൂപ്രണ്ട്-ജില്ലാ ആശുപത്രി.തിരൂർ | ഡോ.ഉസ്മാൻ കുട്ടി.എ.എം | 01.04.2016-21.10.2016 |
| | | ഡോ.വിനോദ് | 22.10.2016-31.03.2017 |
| 18 | സീനിയർ കൃഷി ഓഫീസർ, കോക്കനട്ട് | ശ്രീ.ഒ.പ്രസന്നൻ | 01.04.2016-31.03.2017 |

| | | | |
|---|---|---|---|
| | നഴ്സറി,പരപ്പനങ്ങാടി | | |
| 19 | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ ക്യാൻസർ ആശുപത്രി-വണ്ടൂർ (ചേതന) | ഡോ.ഇ.എൻ.ദേവദാസ് | 01.04.2016-31.03.2017 |
| 20 | പ്രോജക്ട് ഡയരക്ടർ-ദാരിദ്ര്യ ലഘൂകരണം | ശ്രീ.പി.ഡി.ഫിലിപ്പ് | 01.04.2016-11.07.2016 |
| | | ശ്രീ.പി.സി.ബാലഗോപാൽ | 12.07.2016-31.03.2017 |
| 21 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ-(വൈ.പി ) | ശ്രീ,സദാനന്ദൻ.എൻ.യു | 01.04.2016-31.03.2017 |
| 22 | കൃഷി ഡെപ്പ്യൂട്ടി ഡയരക്ടർ-(ഡബ്ലിയു .എം) | ശ്രീമതി.ചന്ദ്രകുമാരി | 01.04.2016-30.08.2016 |
| | | ശ്രീമതി.ജമീല | 01.09.2016-31.03.2017 |
| 23 | വെറ്റിനറി സർജൻ- റീജിയണൽ പൗൾട്രി ഫാം-ആതവനാട് | ഡോ.മധു | 01.04.2016-31.03.2017 |
| 24 | ജില്ലാ മിഷൻ കോ ഓർഡിനേറ്റർ-കുടുംബശ്രീ | ശ്രീ.കെ.മുഹമ്മദ് ഇസ്മായീൽ | 01.04.2016-25.11.2016 |
| | | ശ്രീമതി.സി.കെ ഹേമലത | 25.11.2016-31.03.2017 |
| 25 | സൂപ്രണ്ട് ജില്ലാ ഹോമിയോ ആശുപത്രി-മുണ്ടുപറമ്പ | ഡോ.രാംദാസ് | 01.04.2016-9.01.2017 |
| | | ഡോ.ഗോപാല കൃഷ്ണൻ | 20.01.2017-31.03.2017 |

## റിപ്പോർട്ട് ഉള്ളടക്കം-


| ക്രമ നം. | ഓഡിറ്റ് പരാമർശം | ഖണ്ഡിക നമ്പർ |
|---|---|---|
| | *ഭാഗം - 1* | |
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക - പരിശോധന | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | കാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | അഭ്യന്തര നിയന്ത്രണം | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| ഭാഗം - 2 | | |
| 12 | തനത് വരുമാനം അക്കൗണ്ടിംഗ് അപാകതകൾ | 2-1 |
| 13 | ആതവനാട് കോഴി വളർത്തൽ കേന്ദ്രം -കളക്ഷൻ തുകകൾ ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നതിൽ കാല താമസം വരുത്തുന്നു | 2-2 |
| 14 | കിൻഫ്ര ടെക്നോപാർക്ക്- സംരംഭകരിൽ നിന്ന് വാടക കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല | 2-3 |
| ഭാഗം - 3 | | |
| 15 | റോഡ് പ്രവർത്തി-ഐറിഷ് ഡ്രൈനേജ് അധിക കനം അനുവദിച്ചു-56992 രൂപ അംഗീകരിക്കുന്നില്ല | 3-1 |
| 16 | മരാമത്ത് പ്രവൃത്തികൾ -തെറ്റായി നികതി നിർണ്ണയിച്ചത് വഴി കൺവീനർമാർക്ക് 42197 അധികം നൽകി | 3-2 |
| 17 | ചാപ്പപടി ഡ്രൈനേജ് കവർ സ്ലാബും ഡ്രൈനേജ് ഉയർത്തലും- 14873രൂപയുടെ അധിക ചെലവ് | 3-3 |
| 18 | സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 3-4 |
| 19 | കുടിവെള്ള പദ്ധതികൾ - GI പൈപ്പിന് അധിക വില നൽകി. 83957രൂപയുടെ അധിക ചെലവ് | 3-5 |
| 20 | ജി.എച്ച്.എസ്.കുന്നക്കാവ് കെട്ടിട നിർമ്മാണം പ്രവൃത്തിയിലെ അപാകതകൾ | 3-6 |
| 21 | കൺവീനർ പ്രവൃത്തികൾ -രേഖകളിൽ സുതാര്യതയില്ല | 3-7 |
| 22 | സംരക്ഷണ ഭിത്തികളിൽ ആർ.ആർ ന്ന് പകരം ഡി.ആർ പോയന്റിങ് ചെയ്യാത്തത് സംബന്ധിച്ച് | 3-8 |
| 23 | മാട്ടുമ്മൽ ജി.എച്ച്.എസ്. ആതവനാട് - സ്റ്റേജിന്റെ ബാക്കി - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച് | 3-9 |
| 24 | ഡ്രൈനേജ് സൈഡ് കോൺക്രീറ്റിംഗ്, റീടെയ്നിംഗ് വാള് ടോപ്പ് കോൺക്രീറ്റിംഗ്-അധികനിരക്ക് അനുവദിച്ചു | 3-10 |
| 25 | മരാമത്ത് പ്രവൃത്തികൾ – പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല | 3-11 |
| 26 | പ്രതീക്ഷ കെട്ടിട നിർമ്മാണം – മാറാക്കര | 3-12 |
| 27 | കക്കറ ശ്മശാനം – വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-13 |
| 28 | പൂങ്കുടിയിൽ വി.സി.ബി. നിർമ്മാണം-അപാകതകൾ | 3-14 |
| 29 | റോഡ് കോൺക്രീറ്റ് -അധിക കനം അനുവദിച്ചത് സംബന്ധിച്ച് | 3-15 |
| 30 | ചട്ട വിരുദ്ധമായി മരാമത്ത് പ്രവർത്തി-പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകി. | 3-16 |
| 31 | കെട്ടിടങ്ങൾക്ക് ട്രസ്സ് വർക്ക് -അധിക നിരക്ക് അനുവദിച്ചു | 3-17 |
| 32 | സ്ഥല ലഭ്യത ഉറപ്പുവരുത്താതെ കുടിവെള്ള പദ്ധതിക്ക് തുക ഡെപ്പോസിറ്റ് ചെയ്തു. | 3-18 |
| 33 | കെട്ടിട നിർമ്മാണം-റൂഫിങ്-പ്രൊഫൈൽഷീറ്റ് -അധിക നിരക്ക് അനുവദിച്ചു | 3-19 |
| 34 | ടെൻണ്ടർ ഫോം വില അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പ്-12595851/-രൂപ | 3-20 |
| 35 | കെട്ടിട നിർമ്മാണത്തിന് സർവ്വീസ് ടാക്സ് വകയിരുത്താത്തത് സംബന്ധിച്ച് | 3-21 |
| 36 | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം -രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് | 3-22 |

| | | |
|---|---|---|
| 37 | ഡെപ്പോസിറ്റ് പ്രവൃത്തി -പൂർത്തിയായില്ല | 3-23 |
| 38 | കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിച്ചത് കാരണം 5898 രൂപ അധികച്ചെലവ്. | 3-24 |
| 39 | സ്ലാബ് നിർമ്മാണം അധിക നിരക്ക് അനുവദിച്ചു -12367 രൂപ അധികം നൽകി | 3-25 |
| 40 | സെന്ററിങ് ഷട്ടറിങ് അധിക നിരക്ക് അനുവദിച്ചു-290674 രൂപ നിരാകരിക്കുന്നു. | 3-26 |
| 41 | പത്ത് ലക്ഷം രൂപയിൽ അധികം എസ്റ്റിമേറ്റ് തുക വരുന്ന പ്രവർത്തികൾക്ക് 2% വിദ്യാഭ്യാസ സെസ്സ് ഈടാക്കാത്തത് സംബന്ധിച്ച് | 3-27 |
| 42 | കൺവീനർക്ക് കരാറുകാരന്റെ ലാഭവിഹിതം നൽകി- 9443 രൂപ അധികം നൽകി | 3-28 |
| 43 | സെക്രട്ടറിയുടെ പ്രൊജക്ട് – ഒരു അവലോകനം | 3-29 |
| 44 | പദ്ധതി നിർവ്വഹണത്തിൽ പുരോഗതിയില്ല | 3-30 |
| 45 | നിലവിലില്ലാത്ത സ്ഥാപനങ്ങളുടെ പേരിൽ പ്രൊജക്റ്റുണ്ടാക്കി ഉപകരണങ്ങൾ വാങ്ങി. | 3-31 |
| 46 | കോൺഫറൻസ് ഹാൾ ബുക്ക് ചെയ്തത് കാൻസൽ ചെയ്തതിനാൽ യൂസർഫീ ഇനത്തിൽ നൽകിയ തുക തിരികെ നൽകിയത് സംബന്ധിച്ച്. | 3-32 |
| 47 | മരുന്ന് ലഭ്യമാക്കിയില്ല. | 3-33 |
| 48 | തവനൂർ സീഡ് ഫാം- ദൈനംദിന ചെലവുകൾ- അപാകതകൾ | 3-34 |
| 49 | ആനക്കയം സീഡ് ഫാം- ദൈനംദിന ചെലവുകൾ- അപാകതകൾ | 3-35 |
| 50 | കോഴിവളർത്തു കേന്ദ്രം- പദ്ധതി നിർവഹണം- അപാകതകൾ | 3-36 |
| 51 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ്-മാർഗരേഖ പാലിച്ചില്ല. | 3-37 |
| 52 | തെരുവു നായ നിയന്ത്രണ പദ്ധതി - അപാകതകൾ | 3-38 |
| 53 | പച്ചക്കറി കൃഷിക്ക് പ്രോൽസാഹനം-മാർഗരേഖ പാലിച്ചില്ല. | 3-39 |
| 54 | വിജയഭേരി പ്രൊജക്റ്റുകൾ പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 3-40 |
| 55 | ഒതുക്കുങ്ങൽ സ്കൂളിന് സ്മാർട്ട് ക്ലാസ് റൂം- | 3-41 |
| 56 | പുതുപ്പറമ്പ് സ്കൂളിന് ബസ്-ഇൻവോയ്സ് ഇല്ല | 3-42 |
| 57 | ഫയലുകൾ ലഭ്യമാക്കിയില്ല-ചെലവ് തുക തടസ്സം ചെയ്യുന്നു | 3-43 |
| 58 | പുതുപ്പറമ്പ് സ്കൂളിന് ഉപകരണങ്ങൾ - വ്യക്തമായ വിവരങ്ങൾ ഇല്ല | 3-44 |
| 59 | പൊൻമുണ്ടം GHSS ന് കമ്പ്യൂട്ടർ -സ്റ്റോക്ക് വിവരങ്ങൾ ഇല്ല | 3-45 |
| 60 | രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. | 3-46 |
| 61 | കോക്കനട്ട് നഴ്സറി- തുക നല്കിയതിന് കൈപ്പറ്റ് ഇല്ല. | 3-47 |
| 62 | നിർമ്മിതി കേന്ദ്രയെ പ്രവൃത്തി ഏല്പിച്ചത് ക്രമത്തിലല്ല. | 3-48 |
| 63 | ഐ.എ.വൈ. വിഹിതം നല്കൽ-- കൈപ്പറ്റും വിനിയോഗവും ലഭ്യമായിട്ടില്ല. | 3-49 |
| 64 | കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് മഞ്ചേരി - കമ്പ്യൂട്ടർ വാങ്ങൽ-പ്രവൃത്തി പൂർത്തിയായില്ല | 3-50 |
| 65 | മിനി കാപ്പിൽ കുടിവെള്ള പദ്ധതി - ആസൂത്രണത്തിൽ വീഴ്ചകൾ | 3-51 |
| 66 | വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം - ലക്ഷ്യം കൈവരിക്കാനായില്ല | 3-52 |
| | *ഭാഗം ---4* | |
| 68 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 69 | ഡേപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4.2 |
| 70 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 71 | വായ്പ-വായ്പ തിരിച്ചടവ് | 4.4 |
| 72 | സ്ഥിര നിക്ഷേപങ്ങൾ | 4.5 |
| 73 | ഓഡിറ്റ് റിക്കവറി | 4.6 |
| 74 | C.A.R ൽ ഉൾപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ | 4.7 |
| 75 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |

| | | |
|---|---|---|
| 76 | തീർപ്പാക്കാനുള്ള മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ | 4.9 |

## ഭാഗം 1

### പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 15.03.2016 തിയ്യതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം ജില്ലാ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 30.06.2017 (F1-2579/2017 Dtd 29.06/2017 കത്ത് പ്രകാരം ) |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 18.11.2017 | KSAMPM-23/2673/2017 Dtd 18.01.2018 |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

വാർഷിക കണക്കിലെ അപാകതകൾ

1- ബാലൻസ് ഷീറ്റ് പരിശോധനയിൽ മുൻ വർഷങ്ങളിൽ ലഭിച്ച വിവിധ ഫണ്ടുകൾ ചെലവഴിക്കുകയോ, റീഫണ്ട് ചെയ്യുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു.വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇനം | 2014-15 തുക | 2015-16 തുക | 2016-17 തുക |
|---|---|---|---|
| SGSY | 46461 | 46461 | 46461 |
| NRHM | 1500000 | 1500000 | 1500000 |
| Road renevation Fund | 64988 | 64988 | 64988 |
| Animal Husbandry | | 240185 | 240185 |
| Nabard Assistance | | 287000 | 287000 |
| Specific Purpose Grant | | 338148 | 338148 |
| Joint Venture Projects- Grama Panchayaths | 884662 | 884662 | 884662 |
| Joint Venture Projects- Block Panchayaths | | 387134 | 387134 |
| Award Fund | 300000 | 300000 | 300000 |

ഇതിൽ ഏതാനും തുകകൾ 2014-15 വർഷം മുതൽ വാർഷിക കണക്കിൽ മാറ്റമില്ലാതെ തുടരുന്നതായി കാണുന്നു. ഈ ഇനങ്ങളിൽ ജില്ലാ പഞ്ചായത്തിന് ലഭിച്ച ധനസഹായ തുക വിനിയോഗിക്കാനാവാത്തത് ശ്രദ്ധയിൽ പെടുത്തുന്നു.

2-വാർഷിക കണക്ക് പ്രകാരം തൻവർഷം ഗുണഭോക്തൃ വിഹിതം ഇനത്തിൽ അകെ വരവ് 1,06,757 രൂപയാണ് എന്ന് കാണുന്നു.എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ജില്ലാ പഞ്ചായത്തിന്റെ ബാധ്യതയായി 31,14,255 രൂപയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. മുൻവർഷങ്ങളിൽ ഈ ഇനത്തിൽ ലഭിച്ച തുക വിനിയോഗിക്കാനായില്ല എന്ന് വ്യക്തമാവുന്നു.

3-ബാലൻസ് ഷീറ്റ് പ്രകാരം 45.21 ലക്ഷം രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ജില്ലാ പഞ്ചായത്തിന് ബാധ്യതയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്ന് വർഷത്തിന് ശേഷം ക്ലയിം ചെയ്യാത്ത ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്.

എന്നാൽ ഡെപ്പോസിറ്റ് ഇനത്തിലെ വരവിന്റെ വിവരം വ്യക്തമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4-കഴിഞ്ഞ മൂന്ന് വാർഷിക കണക്കിലും ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ Stale Cheques എന്ന് രേഖപ്പെടുത്തി 69,256 രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. നാളിത് വരെ ഈ അപാകത പരിഹരിക്കാനായിട്ടില്ല.

5-കഴിഞ്ഞ മൂന്ന് വാർഷിക കണക്കിലും HBA ഇനത്തിൽ റിക്കവർ ചെയ്ത 4350 രൂപ ബാധ്യതയായി നിലനിൽക്കുന്നുണ്ട്. ഈ തുക ബന്ധപ്പെട്ട വകുപ്പിൽ അടവാക്കുന്നതിൽ വീഴ്ച്ച വന്നതായി വ്യക്തമാവുന്നു.

6-വാർഷിക കണക്ക് പ്രകാരം SSA യുടെ അക്കൗണ്ടിൽ 57,25,334 രൂപ ബാലൻസ് ഉണ്ട്. എന്നാൽ ഈ അക്കൗണ്ട് 25.12.2016 ന് ശേഷം അപ്ഡേറ്റ് ചെയ്തിട്ടില്ല. ആയതിനാൽ തന്നെ 31.03.2017 ലെ ബാലൻസ് തുകയല്ല വാർഷിക കണക്കിൽ ഉൾപ്പെടുത്തിയത് എന്ന് വ്യക്തമാവുന്നു.

7-അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പ് ആർജിച്ച ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ അസറ്റ് സൈഡിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമല്ല.

8-മുൻ വർഷ ഓഡിറ്റ് റിപ്പോർട്ട് റിപ്പോർട്ട് പ്രകാരം ജില്ലാ പഞ്ചായത്തിന് വാടക ഇനത്തിൽ കിൻഫ്ര വ്യവസായ ടെക്നോ പാർക്കിൽ നിന്ന് കുടിശ്ശിക ഇനത്തിൽ 15,82,394 രൂപ പിരിഞ്ഞ് കിട്ടാനുണ്ട്. എന്നാൽ ഈ കുടിശ്ശിക തുകയുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റിൽ സൺഡ്രി ഡെറ്റേഴ്സ് ഇനത്തിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

9-ജില്ലാ പഞ്ചായത്തിന് കിൻഫ്ര വ്യവസായ ടെക്നോ പാർക്കിൽ നിന്നും, പോരൂർ വനിതാ വ്യവസായ എസ്റ്റേറ്റിൽ നിന്നും വാടക ഇനത്തിൽ തുക ഡിമാന്റ് ചെയ്യാനുണ്ട്. എന്നാൽ ആയത് സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുന്ന വാടക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

10-വാർഷിക കണക്കിൽ Receipt and Payment Shedule, RP7 പ്രകാരം സോഷ്യൽ വെൽഫയർ വകുപ്പിന് ഓർഫനേജ് ഗ്രാന്റ് നൽകുന്നതിനായി നൽകിയ തുക 2,44,46,470 രൂപയാണ്. എന്നാൽ ബന്ധപ്പെട്ട വകുപ്പിന്റെ ബിൽ ബുക്ക് പ്രകാരം ഈ ഇനത്തിൽ 3,62,85,470 രൂപ പിൻവലിച്ച് വിതരണം ചെയ്തതായി വ്യക്തമാവുന്നു. ഈ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

11. ജില്ലാ പഞ്ചായത്തിന്റെ എംബ്ലം ഉപയോഗിക്കുകയും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലയിൽ വരുന്നതുമായ സ്ഥാപനങ്ങളാണ് ജില്ലാ പഞ്ചായത്ത് പ്രസ്സ്, MIED, കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി, പ്രതീക്ഷ, വിജയഭേരി എന്നിവ. എന്നാൽ ഈ സ്ഥാപനങ്ങളുടെ വരവ് ചെലവ് കണക്കുകൾ ജില്ലാ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7,18,48,133 |
| വരവ് | 51,93,77,181 |
| ആകെ | 59,12,25,314 |
| ചെലവ് | 51,94,45,987 |
| നീക്കിയിരിപ്പ് | 7,17,79,327 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 475774465 | 475774465 | 211822951 | 263951514 |
| വികസനഫണ്ട് എസ്.സി.പി. | 0 | 175254072 | 175254072 | 97009047 | 78245025 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 10316988 | 10316988 | 5951140 | 4365848 |
| സംരക്ഷണഗ്രാന്റ്- റോഡ് | 0 | 194936541 | 194936541 | 65476810 | 129459731 |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | 0 | 106217235 | 106217235 | 70200606 | 36016629 |
| ബി ഫണ്ട് | 0 | 24446470 | 24446470 | 24446470 | 0 |

നീക്കിയിരിപ്പ് കോളത്തിലെ തുക ജില്ലയുടെ വികസനത്തിന് വിനിയോഗിക്കാനുള്ള അവസരം നഷ്ടപ്പെട്ടത് നിർവഹണ രംഗത്തെ ഗുരുതര വീഴ്ചയാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1090 | 1212589118 | 405 | 466551210 | | 685 | 37 |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 15.5 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 13923501 | 16052299 | 2128798 | (+)15 |
| മറ്റു വരവുകൾ | 794261 | 957927 | 163666 | (+)20.6 |
| ആകെ | 14717762 | 17010226 | 2292464 | (+)15.5 |

## 1-8 ക്ഷേമപദ്ധതികൾ

ജില്ലാ പഞ്ചായത്തിന് ക്ഷേമ പദ്ധതികളുടെ വിതരണം ഇല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.12.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1980 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1) ജില്ലാ പഞ്ചായത്ത് പദ്ധതി നിർവഹണം- എല്ലാ മേഖലയിലും പദ്ധതികൾ ആസൂത്രണം ചെയ്യുതായി കാണുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 173(1) പ്രകാരമുള്ള പട്ടിക 5-ൽ ജില്ലാ പഞ്ചായത്തിന്റെ *ബി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ* എന്ന ഭാഗത്ത് 16 മേഖലകളിൽ ജില്ലാ പഞ്ചായത്തിന് സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനും പരിപൂർണ അധികാരം നല്കിയിട്ടുണ്ട്. എന്നാൽ 2016-17 വർഷത്തെ പദ്ധതികൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന മേഖലകളിലെ നിർവഹണ ഉദ്യോഗസ്ഥർക്ക് യാതൊരു പ്രൊജക്ടും ആസൂത്രണം ചെയ്യുതായി കാണുന്നില്ല.

| മേഖല നം. | മേഖലയുടെ പേര് |
|---|---|
| II | ക്ഷീരോൽപ്പാദനം (ഉപ വിഭാഗം) |
| III | ചെറുകിട ജലസേചനം |
| IV | മത്സ്യ ബന്ധനം |
| VII | ജലവിതരണം |
| VIII | വിദ്യുച്ഛക്തിയും ഊർജവും |
| XV | കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും |
| XVI | സഹകരണം |

ചെറുകിട ജലസേചനം, ജലവിതരണം തുടങ്ങിയ മേഖലകളിലെ പദ്ധതികൾ തദ്ദേശ സ്വയംഭരണ വകുപ്പിലെ സിവിൽ എഞ്ചിനിയറിംഗ് വിഭാഗമാണ് നിർവഹണം നടത്തിക്കാണുന്നത്. ഭവന നിർമാണ മേഖലയിൽ പഞ്ചായത്ത് രാജ് നിയമത്തിൽ നിർദേശിച്ച പ്രകാരമുള്ള പണം സ്വരൂപിക്കാൻ ഹൗസിംഗ് ബോർഡ് പോലുള്ള സർക്കാർ സ്ഥാപനങ്ങളെ

പ്രയോജനപ്പെടുത്തിയതായും കാണുന്നില്ല.

GO(P)No. 177/2006/Fin. Dt. 12-4-2006 ന്റെ ഖണ്ഡിക 5.2, 5.3 എന്നിവ പ്രകാരമുള്ള Annexure -D- യിലെ (ഇ). ജില്ലാ പഞ്ചായത്തുകൾ എന്നതിൽ 28 നിർവഹണ ഉദ്യോഗസ്ഥരുടെ പട്ടിക ചേർത്തിട്ടുണ്ട്. അതിലെ താഴെപ്പറയുന്ന നിർവഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി തയ്യാറാക്കിയതായി കാണുന്നില്ല.

*1) District Soil Conservation Officer.*

*2)Assistant Engineer (Minor Irrigation*

*3) District Women Development Officer*

*4) Head Master, GHS*

*5) Head Master, GUPS*

*6) Head Master, Fisheries School*

*7) DEO (HQ)*

*8) Principal, HSS/VHSC*

*9) District Programme Officer, Social Justice.*

*10) Project Officer, Tribal Department.*

*11) Assistant Registrar, Co-op Department*

*12) Project Officer , District Khadi & Village Industries.*

*13) Deputy Director of Dairies.*

*14) Deputy Director of Fisheries.*

*2)നിർവഹണ ഉദ്യോഗസ്ഥർ, പ്രോജക്ടിന്റെ നിർവഹണത്തിനായി ലഭിക്കുന്ന തുകയുടെ വരവ് ചെലവുകൾ TR7A- ഫോറത്തിലുള്ള പ്രധാന കാഷ്ബുക്കിൽ തന്നെ ചേർക്കുകയും, തുടർന്ന് Annexure B-IV മാതൃകയിലുള്ള സബ്സിഡിയറി കാഷ്ബുക്കിൽ വിശദമായ വിവരങ്ങൾ ചേർക്കുകയും വേണം. ഈ രജിസ്റ്റർ നിർവഹണ ഉദ്യോഗസ്ഥർക്ക് പഞ്ചായത്ത് നല്കേണ്ടതാണ്.*

*നിർവഹണഉദ്യോഗസ്ഥർ ഓഫീസ് മേധാവിയാണെങ്കിൽ പ്രധാന കാഷ്ബുക്കിലും ഓഫീസ് മേധാവിയല്ലെങ്കിൽ ഇതിനായി പ്രത്യേക TR7A കാഷ്ബുക്കും ഉപയോഗിക്കണം. (GO(P)No. 177/2006/Fin. Dt. 12-4-2006 Paragraph 15 & 18.3കാണുക.)*

*നിർവഹണഉദ്യോഗസ്ഥർ സ്റ്റോക്ക് രജിസ്റ്റർ, കാഷ്ബുക്ക്, മറ്റു രജിസ്റ്ററുകൾ എന്നിവ പ്രോജെക്ട് നിർവഹണത്തിനായി പ്രത്യേകം തയ്യാറാക്കാതെ, ഓഫീസിലെ സ്ഥിരം രജിസ്റ്ററുകൾ ഉപയോഗിക്കണം. പ്രത്യേക സ്കീമുകൾക്കോ പ്രോജെക്ടുകൾക്കോ ഉള്ള സ്റ്റോക്കുകളും തുകകളും സബ്സിഡറിയായി പ്രത്യേക രജിസ്റ്ററിലേക്ക് പിന്നീട് മാറ്റാവുന്നതാണ്.*

3)നിർവഹണ ഉദ്യോഗസ്ഥർക്ക് പദ്ധതികൾ ചുമതലപ്പെടുത്തുമ്പോൾ, പ്രൊജക്ട് രജിസ്റ്റർ, സബ്സിഡിയറി കാഷ് ബുക്ക് തുടങ്ങിയ, പഞ്ചായത്ത് രാജ് നിയമങ്ങളുടെ അടിസ്ഥാനത്തിലുള്ള ഫോറങ്ങളും രജിസ്റ്ററുകളും ജില്ലാ പഞ്ചായത്ത്, ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങി വിതരണം ചെയ്യേണ്ടതാണ്.

*4)ജില്ലാ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് രസീതി ബുക്കുകൾ നല്കുമ്പോൾ, കൂടെ നിശ്ചിത ഫോറത്തിലുള്ള കലക്ഷൻ രജിസ്റ്ററും നല്കേണ്ടതാണ്. രസീതി നല്കിയ സ്ഥാപനം ഏതെന്നു വ്യക്തമാക്കുന്ന സീൽ രസീതിയിൽ പതിക്കാൻ നിർദേശിക്കേണ്ടതുമാണ്. കൂടാതെ, പിരിച്ചെടുത്ത തുകകൾ ജില്ലാപഞ്ചായത്തിൽ നിശ്ചിത സമയപരിധിക്കകം ഒടുക്കുവാൻ ( 2011 ലെ കേ. പ. രാ. (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16(2) പ്രകാരം , തൊട്ടടുത്ത ദിവസം) വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. [ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ ഏത് ട്രഷറിയിൽ നിന്നും പണം നിക്ഷേപിക്കാൻ സൗകര്യമുണ്ട്.] അതു പോലെ, നിർവഹണ ഉദ്യോഗസ്ഥർക്കടക്കം നല്കുന്ന രസീതി ബുക്കുകളുടെ കൗണ്ടർഫോയിൽ പഞ്ചായത്തിന് തിരിച്ചേല്പിക്കണമെന്ന ചട്ടം 83-ൽ നിർദേശിക്കുന്നത് പാലിക്കേണ്ടതാണ്.*

5) ജില്ലാ പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്ക് പ്രോജെക്ട് തയ്യാറാക്കുമ്പോൾ വ്യക്തമായ ബജറ്റ് ഉണ്ടായിരിക്കണം. (സ്ഥാപനത്തിൽ നിന്നും ബജറ്റ് പ്രൊപ്പോസൽ വാങ്ങുകയും അത് ഫയലിൽ ചേർക്കുകയും വേണം).പ്രോജെക്ട് പ്രകാരമുള്ള ചെലവുകൾ കണ്ടിജന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ലോഗ്ബുക്ക് തുടങ്ങിയവയിൽചേർക്കുകയും വാർഷിക സംഗ്രഹം തയ്യാറാക്കുകയും അത് അടുത്ത വർഷത്തെ പ്രോജെക്ടും ബജറ്റും തയ്യാറാക്കാൻ ഉപയോഗിക്കുകയും വേണം.

തൻവർഷം ജില്ലാ പൗൾട്രിഫാം, റീജ്യനൽ ആനിമൽ ഹസ്ബന്ററി സെന്ററുകൾ, ജില്ലാ മൃഗാശുപത്രി, ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടം, ചോക്കാട്, ആനക്കയം സ്റ്റേറ്റ് സീഡ് ഫാമുകൾ, പെരിന്തൽമണ്ണ, നിലമ്പൂർ, തിരൂർ ജില്ലാ ആശുപത്രികൾ, ഹോമിയോ, ആയുർവേദ ജില്ലാ ആശുപത്രികൾ, വണ്ടൂർ ചേതന ഹോമിയോ ആശുപത്രി, കോക്കനട്ട് നഴ്സറി എന്നിവയുടെ ദൈനംദിന ചെലവുകൾക്ക് പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പരിശോധനാ കേന്ദ്രം പോലെയുള്ള ചില സ്ഥാപനങ്ങൾക്ക് പ്രൊജക്ടുകൾ തയ്യാറാക്കാതെയും തുക അനുവദിച്ചിട്ടുണ്ട്. (Vr. No. 21600845/4-3-17 Rs.5376 – ജില്ലാ മണ്ണ് പരിശോധനാ ശാല, Vr. No.

21600846/4-3-17 Rs.1665 – സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ശാല). (പ്രോജക്ടുകൾ തയ്യാറാക്കാതെ തുക നല്കിയവയുടെ ചെലവു വിവരങ്ങൾ വൗച്ചറിൽ ചേർക്കാതെ, ഓഡിറ്റിനു ഹാജരാക്കാൻ നിർദേശിച്ചത്, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 10 (2) ന് വിരുദ്ധമായ നടപടിയാണ്.) എന്നാൽ ജില്ലാ പഞ്ചായത്തു സ്ഥാപനങ്ങളായ ഹൈസ്കൂൾ- ഹയർ സെക്കന്ററി സ്കൂളുകളുടെ ദൈനംദിന ചെലവുകൾക്ക് തുകയൊന്നും നല്കിയിട്ടില്ല. ഇതു ജില്ലാപഞ്ചായത്തിന്റെ ചുമതലകൾ നിർവഹിക്കുന്നതിലെ വീഴ്ചയാണ്.

(ജനറൽ പർപസ് ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ വിനിയോഗം സംബന്ധിച്ച ജി.ഒ.(എം.എസ്)No. 330/2004/ തസ്വഭവ. തി. 9-12-2004 കാണുക.)

*6) ജില്ലാ പഞ്ചായത്തിന് വിട്ടു കിട്ടിയ ഫാമുകൾ, ആശുപത്രികൾ, സ്കൂളുകൾ മുതലായ സ്ഥാപനങ്ങളിൽ നിന്നുള്ള വരവു ചെലവുകൾ രേഖപ്പെടുത്താൻ Annexure B-II- വിലുള്ള ഒരു രജിസ്റ്റർ പഞ്ചായത്ത് തയ്യാറാക്കണമെന്ന് GO(P)No. 177/2006/Fin. Dt. 12-4-2006 Paragraph 26.1-ൽ പരാമർശിക്കുന്നുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് പ്രസ്തുത രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.*

*അതു പോലെ, സ്ഥാപനങ്ങൾ വിവിധ വരവിനങ്ങൾക്ക് വാർഷികമായി ഒരു DCB പത്രിക തയ്യാറാക്കുന്നതിനായി ഓരോ ഡിമാന്റ് രജിസ്റ്ററും പരിപാലിക്കേണ്ടതാണ്.*

7) സംയുക്ത പ്രോജെക്ടുകൾക്ക്, ഘടകസ്ഥാപനങ്ങളിൽ നിന്നും തുക മുൻകൂറായി വാങ്ങുന്ന പ്രവണതക ക്രമത്തിലല്ല. ചെലവിനനുസരിച്ച് പ്രോജെക്ടിന്റെ അനുപാതത്തിൽ ഘടകസ്ഥാപനങ്ങളിൽ നിന്നും അലോട്ട്മെന്റ്/തുക വാങ്ങുകയാണ് വേണ്ടത്. ഉദാ:- ഭവനനിർമ്മാണം,എ ബി സി ect. (GO(P)No. 187/2015/Fin. Dt. 19-5-2015 കാണുക.)

*8) പ്രോജെക്ട് പ്രകാരമുള്ള തുകകൾ മുൻകൂർ പിൻവലിക്കുന്ന പ്രവണത കാണുന്നുണ്ട്. മരുന്നു വാങ്ങാനല്ലാതെ മുൻകൂർ പിൻവലിക്കാൻ അനുവാദമില്ല. മറ്റെല്ലാ കാര്യങ്ങൾക്കും ചെലവിനനുസരിച്ച് ഗഡുക്കളായാണ് പണം പിൻവലിക്കേണ്ടത്.(GO(P)No. 177/2006/Fin. Dt. 12-4-2006 Paragraph 6 കാണുക.)*

9) ജില്ലാ പഞ്ചായത്തിൽ 2017 മാർച്ച് മാസത്തെ വൗച്ചർ അടിസ്ഥാനമാക്കിയാൽ 11 കരാർ ജീവനക്കാർ (8 പേർ പഞ്ചായത്തു കാര്യാലയത്തിലും 3പേർ ഇ.ഇ. കാര്യാലയത്തിലും) ജോലി ചെയ്യുന്നുണ്ട്. ഇവരിൽ പലരും മുൻവർഷങ്ങളിലും ഇപ്രകാരം ജോലി ചെയ്തതായി കാണുന്നു. ജില്ലാപഞ്ചായത്തിന്റെ അംഗീകൃത സ്റ്റാഫ് പാറ്റേണിലുള്ള മുഴുവൻ ജീവനക്കാരും ഉണ്ടായിരിക്കവേയാണ് ഇത്തരത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. സ്റ്റാഫ് പാറ്റേൺ ഉയർത്തുന്നതിന് പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചതായി വൗച്ചറിൽ രേഖപ്പെടുത്തിയിട്ടില്ല. 6 മാസത്തിൽ കൂടിയ കാലയളവിൽ ഇങ്ങനെ താൽക്കാലിക ജീവനക്കാരെ നിയമിച്ചതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ അനുമതി ലഭ്യമാക്കിയ രേഖകളും വിശദാംശങ്ങളും വൗച്ചറിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, ഈ ജീവനക്കാരുമായി എന്തെങ്കിലും കരാറിലേർപ്പെട്ടിട്ടുമില്ല. അതിനാൽത്തന്നെ, കരാർ ജീവനക്കാർക്ക് അർഹമായ പല ക്ഷേമ പദ്ധതികളിലും ഇവരെ ഉൾപ്പെടുത്തിയതായും കാണുന്നില്ല. നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

*10) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 4 -ൽ നിർദേശിച്ച പ്രകാരം വൗച്ചറുകൾ ക്രമപ്പെടുത്തി കെട്ടി വച്ച് സൂക്ഷിക്കേണ്ടതാണ്.*

11) ജില്ലാപഞ്ചായത്ത് കെട്ടിടത്തിലെ കോൺഫ്രൻസ് ഹാൾ, മറ്റു റൂമുകൾ എന്നിവ വാടകയ്ക്ക് നല്കിയതായി കാണുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററും, DCB പത്രികയും തയ്യാറാക്കിയിട്ടില്ല. കോൺഫ്രൻസ് ഹാളിൽ നിന്നും, അക്ഷയയ്ക്ക് വാടകയ്ക്ക് നല്കിയ റൂമിൽ നിന്നും മാത്രമാണ് വാടക ലഭിച്ചിട്ടുള്ളത്. വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കുകയും, റൂമുകൾ കൈവശം വച്ചവരിൽ നിന്നും വാടക ഡിമാന്റ് ചെയ്യുകയും, തുകയുടെ പിരിവ്, എഴുതിത്തള്ളൽ/ ഒഴിവാക്കൽ (Write off/ Remission) എന്നിവയുടെ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

*12) ജില്ലാപഞ്ചായത്തിന്റെ എംബ്ലവും പേരും ഉപയോഗിക്കുകയും, പഞ്ചായത്ത് സെക്രട്ടറിയെ ഔദ്യോഗിക അംഗവുമാക്കിയ MIED, കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി, ജില്ലാ പഞ്ചായത്ത് പ്രസ്- കൊണ്ടോട്ടി, പ്രതീക്ഷ, വിജയഭേരി തുടങ്ങിയവയും ജില്ലാപഞ്ചായത്തുമായുള്ള അഫിലിയേഷനിൽ വ്യക്തത വരുത്തുകയും, ഉചിതമായ കൈയൊഴിക്കൽ നയം (Exit Policy) രൂപീകരിക്കുകയും ചെയ്യേണ്ടതാണ്. ജില്ലാപഞ്ചായത്തിന്റെ പേരും എംബ്ലവും ഉപയോഗിക്കുവാനും, സെക്രട്ടറിയെ അംഗമാക്കുവാനും സർക്കാർ അനുവാദം ലഭിച്ചിട്ടുണ്ടെങ്കിൽ അക്കാര്യം വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കുകയും, ടി സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ ജില്ലാപഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നില്ലെങ്കിൽ ജില്ലാപഞ്ചായത്തിന്റെ പേരും എംബ്ലവും, സെക്രട്ടറിയുടെ സേവനവും ദുരുപയോഗിക്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ( കേ. പ. രാ. ആക്ടിലെ വകുപ്പ് 182 , 1996 -ലെ കേ. പ. രാ. (പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും ഒപ്പുകളുടെ മുദ്ര ഉപയോഗിക്കൽ) ചട്ടങ്ങൾ എന്നിവ കാണുക).*

13) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 80 പ്രകാരം സെക്രട്ടറി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണെങ്കിലും, ടി രജിസ്റ്റർ ഓഡിറ്റ് വർഷത്തിൽ തയ്യാറാക്കിയിട്ടില്ല.

*14) ജി.ഒ. (എം. എസ്.) 165/ 2010/തസ്വഭവ. തി.16-1-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളിൽ കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുവാൻ നിർദ്ദേശമുള്ളതാണ്. ജില്ലാ പഞ്ചായത്തിന്റെ റോഡുകളിൽ മഞ്ഞ നിറത്തിലുള്ള കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കാനാണ് നിർദ്ദേശമുള്ളത്. എന്നാൽ ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളിൽ ഇത്തരം കല്ലുകൾ സ്ഥാപിച്ചിട്ടില്ല. സർക്കാർ ഉത്തരവു പാലിക്കേണ്ടതാണ്.*

15) കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 192 പ്രകാരം പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് സെപ്തംബർ 30-നകം

പ്രസിദ്ധപ്പെടുത്തണം. അതു പോലെ വകുപ്പ് 272 A പ്രകാരം പൗരന്മാർക്കുള്ള അവകാശങ്ങളും പ്രസിദ്ധപ്പെടുത്തണം. എന്നാൽ ഇത്തരം വിവരങ്ങൾ ഒന്നും തന്നെ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ ഇല്ല. പദ്ധതി നിർവഹണം, വികസന പ്രവർത്തനങ്ങൾ, ബജറ്റ്, വാർഷിക കണക്കുകൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ചേർത്തിട്ടില്ല. ഔദ്യോഗിക സ്ഥാനത്തെ പല മാറ്റങ്ങളും വെബ്സൈറ്റിൽ കാലികമാക്കിയിട്ടില്ല.

16) ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ ഫലപ്രദമായി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് ഇനത്തിലെ ഈ.എം.ഡി, എഫ്.ഡി തിരികെ നൽകുന്ന സമയത്ത് ഒറിജിനൽ രസീത് ഫയലിൽ ഉള്ളടക്കം ചെയ്യുന്നില്ല.

17) ജില്ലാ പഞ്ചായത്തിൽ സോളാർ സംവിധാനം സ്ഥാപിച്ചിട്ടുണ്ട് എങ്കിലും വൈദ്യുതി ചാർജിൽ കുറവ് വന്നില്ല എന്ന് കാണുന്നു.

18) കൈമാറി കിട്ടിയ സ്ഥാപനങ്ങളായ വേങ്ങര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ്, പൊന്നാനി ജി.ഐ.എഫ്.ഡി സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ ഇപ്പോഴും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവക്ക് സ്വന്തമായ കെട്ടിടങ്ങൽ സ്ഥാപിക്കാൻ ജില്ലാ പഞ്ചായത്തിനായിട്ടില്ല.

19) ഓഡിറ്റിന്റെ ഭാഗമായുള്ള വസ്തുതാന്വേഷണത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് രേഖാമൂലം നൽകിയ വിവരങ്ങൾ വസ്തുതാപരമല്ല. യാതൊരു പരിശോധനയും നടത്താതെയാണ് ഈ വിവരങ്ങൾ നൽകുന്നത് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.P1-4389/17(2) കത്ത് പ്രകാരവും , P4-3504/2017 തിയ്യതി 07.12.2017 പ്രകാരവും ലഭ്യമാക്കിയ വിവരങ്ങൾ അപാകതകൾ നിറഞ്ഞതാണ്.

പരാമർശിക്കപ്പെട്ട രീതിയിലുള്ള അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാന കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.09.2017 | 2016-17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.04.2017 | 2012-13, 2014-15 | 29.06.2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് വരുമാനം അക്കൗണ്ടിംഗ് അപാകതകൾ

ജില്ലാ പഞ്ചായത്തിന്റെ പ്രധാന തനത് വരുമാന സ്രോതസ്സ്, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളായ ചുങ്കത്തറ, ചോക്കാട്, ആനക്കയം, തവനൂർ എന്നീ വിത്ത് തോട്ടങ്ങൾ, പരപ്പനങ്ങാടി കോക്കനട്ട് നേഴ്സറി, ആതവനാട് പൗൾട്രി ഫാം എന്നീ സ്ഥാപനങ്ങളിൽനിന്നുള്ള ഉൽപന്നങ്ങളുടെ വിൽപന, ആനക്കയം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽനിന്നുള്ള കാർഷിക യന്ത്രങ്ങളുടെ വാടക, ജില്ലാ പഞ്ചായത്ത് വാടകക്ക് നൽകിയ കെട്ടിടങ്ങളിൽനിന്നുള്ള വാടക എന്നിവയാണ്. ഇവയിൽനിന്നും ഓരോ വർഷവും ലഭിക്കേണ്ട തുകകൾ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലും ലഭിച്ച തുകകൾ റസിപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റിലും ലഭിക്കാനവശേഷിക്കുന്നവ ബാലൻസ് ഷീറ്റിലും ഉൾപ്പെടുത്തേണ്ടതാണ്. വിത്ത് തോട്ടങ്ങളിൽനിന്നും കൃഷി ഭവനുകൾ, കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി,മറ്റു സർക്കാർ ഏജൻസികൾ എന്നിവർക്ക് മുൻകൂറായി നൽകുന്ന ഉൽപന്നങ്ങളുടെ വില നേരിട്ടോ, വിത്ത് തോട്ടങ്ങൾ വഴിയോ ജില്ലാ പഞ്ചായത്തിന് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നില്ല. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിനു മുമ്പ് ജില്ലാ പഞ്ചായത്ത് ഈ സ്ഥാപനങ്ങളിൽ നിന്നു ഡി.സി.ബി പത്രിക വാങ്ങിക്കേണ്ടതും അതു പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ജില്ലാ പഞ്ചായത്ത് കിൻഫ്രയിൽ വാടകക്ക് നൽകിയ പ്ലോട്ടുകളിൽനിന്നു മാത്രം 31.3.17 വരെ 1767446 രൂപ വാടക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും ഇത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 2-2 ആതവനാട് കോഴി വളർത്തൽ കേന്ദ്രം -കളക്ഷൻ തുകകൾ ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നതിൽ കാല താമസം വരുത്തുന്നു

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16(2) പ്രകാരം ,ഓരോ എക്സ് ഒഫീഷ്യോ സെക്രട്ടറി / നിർവ്വഹണ ഉദ്യോഗസ്ഥനും പഞ്ചായത്തിനു വേണ്ടി കൈപ്പറ്റുന്ന തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. ചട്ടം 23 പ്രകാരം, 500 രൂപയിൽ അധികരിച്ച് ലഭിക്കുന്ന തുകകൾ പ്രസ്തുത ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.വിദൂര പ്രദേശങ്ങളായി സർക്കാർ നോട്ടിഫൈ ചെയ്ത പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ തുക അടയ്ക്കുന്നതിന് പരമാവധി ഒരാഴ്ച അനുവദിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിനു വേണ്ടി ആതവനാട് കോഴി വളർത്തൽ കേന്ദ്രത്തിൽ സ്വീകരിക്കുന്ന തുകകൾ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഒടുക്കു വരുത്തുന്നതിൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചു കാണുന്നില്ല.

2016ഏപ്രിൽ മാസം മുതൽ 17.11.2017 വരെയുള്ള കളക്ഷനും ആയതിന്റെ ഒടുക്കു വിവരവും താഴെ കൊടുക്കുന്നു.

| രശീതി | രശീതി നം. / തീയതി | കോഴി/കോഴിമുട്ട | VAT | ആകെ |
|---|---|---|---|---|

| ബുക്ക് നം. | | വില | | |
|---|---|---|---|---|
| 134 | 23/07.04.16മുതൽ 100/11.07.16 വരെ | 4,81,552 | 69,824 | 5,51,376 |
| 145 | 01/11.07.16 മുതൽ 100/19.07.16 വരെ | 1,54,660 | 22,447 | 1,77,107 |
| 150 | 01/19.07.16 മുതൽ 100/12.08.16 വരെ | 3,10,280 | 45,000 | 3,55,280 |
| 801 | 01/12.08.16 മുതൽ 100/03.10.16 വരെ | 5,01,206 | 72,816 | 5,74,022 |
| 805 | 01/ 05.10.16 മുതൽ 100/11.01.17 വരെ | 7,15,171 | 99,363 | 8,14,534 |
| 816 | 01/12.01.17മുതൽ 100/20.09.17 വരെ | 1484470 | 1,65,491 | 16,49,961 |
| 844 | 01/04.10.17 മുതൽ 100/ 17.11.17വരെ | 1,22,699 | 00 | 1,22,699 |
| ആകെ | | 37,70,038 | 4,74,941 | 42,44,979 |

മലപ്പുറം ജില്ലാ പഞ്ചായത്തിൽ ഒടുക്കിയ തുകയുടെ വിവരം:

| രശീതി നം./തീയതി | തുക |
|---|---|
| 11606100323/20.03.17 | 24,39,829. 00 |
| 117060100152/25.08.17 | 5,90,520. 00 |
| 117060100153/25.08.17 | 2,83,570. 00 |
| ആകെ | 33,13,919.00 |

കെ.വാറ്റ് അടവാക്കിയ വിവരം.

| ചെലാൻ നം./തീയതി | തുക |
|---|---|
| 774 / 08.03.17 | 3,48,087.00 |
| 106/................ | 85,625.00 |
| ......./.............. | 41,121.00 |
| ആകെ | 4,74,833.00 |

അടവാക്കാൻ ശേഷിക്കുന്ന തുക:

| ഇനം | കളക്ഷൻ | ഒടുക്കിയത് | ബാക്കി |
|---|---|---|---|
| കോഴി/കോഴിമുട്ട വില | 37,70,038 | 33,13,919 | 4,56,119 |
| കെ.വാറ്റ് | 4,74,941 | 4,74,833 | 108 |
| ആകെ | 42,44,979 | 37,88,752 | 4,56,227 |

സാമ്പത്തിക വർഷാരംഭം മുതൽ സ്വീകരിച്ച തുകകൾ പോലും ജില്ലാ പഞ്ചായത്തിൽ ഒടുക്കിയത് വർഷാവസാന മാസത്തിലാണ്. കളക്ഷൻ തുകകൾ യഥാസമയം അക്കൗണ്ടിൽ ഒടുക്കാത്തത് സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് ഏതെങ്കിലും അന്വേഷണം നടത്തിയതായും കാണുന്നില്ല.

ജില്ലാ പഞ്ചായത്തിനു വേണ്ടി സ്വീകരിക്കുന്ന തുകകൾ ആയതിന്റെ അക്കൗണ്ടിൽ യഥാസമയം ഒടുക്കാതെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ബന്ധപ്പെട്ട ചട്ടങ്ങൾ ലംഘിക്കാനിടയായത് സംബന്ധിച്ച് 34/30.11.2017നമ്പർ എൻക്വയറി മുഖേന വിശദീകരണം തേടിയെങ്കിലും ലഭ്യമാക്കിയില്ല.

ജില്ലാ പഞ്ചായത്തിനു വേണ്ടി സ്വീകരിക്കുന്ന തുകകൾ യഥാസമയം അതിന്റെ അക്കൗണ്ടിൽ ഒടുക്കാത്തതിനാൽ പലിശയിനത്തിലുള്ള നഷ്ടം സംഭവിക്കുന്നുണ്ട്. നിലവിലുള്ള നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന വിധം പിരിച്ചെടുക്കുന്ന തുകകൾ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-3 കിൻഫ്ര ടെക്നോപാർക്ക്- സംരംഭകരിൽ നിന്ന് വാടക കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല

കാക്കഞ്ചേരി കിൻഫ്ര ടെക്നോപാർക്കിൽ ലീസിനെടുത്ത് 13.9.2007- ലെ വി.എം.198/04 നമ്പർ ഉത്തരവ് പ്രകാരം സ്പെയ്സ് അലോട്ട് ചെയ്ത് നൽകിയ സംരംഭകരിൽ നിന്ന് പിരിച്ചെടുത്ത വാടക വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സംരംഭകൻ | സ്പെയ്സ് അലോട്ട് ചെയ്ത തിയ്യതി | പ്രതിമാസ വാടക | 31.3.17 വരെ യുള്ള വാടക (114 മാസം) | 31.3.17 വരെ അടച്ച തുക | 31.03.17വരെബാലൻസ് |
|---|---|---|---|---|---|---|
| 1 | കിളിയമണ്ണിൽ യാക്കൂബ് | 13.9.07 | 1408 | 160512 | 78756 | 81756 |
| 2 | അബ്ദുൽ റസാക്ക് വരിക്കോടൻ | 13.9.07 | 1540 | 175560 | 85993 | 89567 |
| 3 | രാജേഷ് കരുവത്ത് | 13.9.07 | 1540 | 175560 | 85993 | 89567 |
| 4 | മുജീബ് കക്കോടി | 13.9.07 | 1540 | 175560 | 85993 | 89567 |
| 5 | ഫസൽ വരിക്കോടൻ | 13.9.07 | 1540 | 175560 | 85993 | 89567 |
| 6 | നാഫിഹ്. പി | 13.9.07 | 1408 | 160512 | 78756 | 81756 |
| 7 | അബ്ദുൽ ഗഫൂർ | 13.9.07 | 1408 | 160512 | 78756 | 81756 |
| 8 | മുഹമ്മദ് ജഫ്സൽ | 13.9.07 | 1408 | 160512 | 78756 | 81756 |
| 9 | വിനോദ്.പി | 13.9.07 | 441 | 50274 | 11646 | 38628 |
| 10 | പ്രകാശ്. പി | 13.9.07 | 441 | 50274 | 21778 | 28496 |
| 11 | ഹംസ അഞ്ചുമുക്കിൽ | 13.9.07 | 662 | 75468 | 32679 | 42789 |
| 12 | മുഹമ്മദ് ആഷിർ. എൻ. | 13.9.07 | 441 | 50274 | 21469 | 28805 |
| 13 | മുഹമ്മദ് സഫീർ എ. | 13.9.07 | 1632 | 186048 | 79005 | 107043 |
| ആകെ പിരിച്ചെടുത്ത തുക | | | | 17,56,626 | 8,25,573 | 9,31,053 |

സംരംഭകർക്ക് സെക്രട്ടറി നൽകിയ കത്തുകൾ (13.10.17ലെ പി.4 – 413/17) പ്രകാരം കരാർ ചമച്ചത് 2008 സെപ്തംബറിലും ജൂലായിലുമാണ്. ആയത് പ്രകാരം വാടക ലഭിക്കേണ്ട മാസങ്ങളുടെ എണ്ണത്തിൽ കുറവ് കാണുന്നു.

സംരഭകരിൽ നിന്നും വാടക പിരിക്കാത്തത് സംബന്ധിച്ച് വിശദമായി മുൻ വർഷ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. (2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.1 കാണുക)

വാടക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി ഏറ്റവും ഒടുവിൽ സംരംഭകർക്ക് 13.10.17ലെ പി.4 – 413/17 നമ്പർ കത്ത് നൽകിയിട്ടുണ്ട്. 2017 ഓഗസ്റ്റ് വരെ ആകെ വാടക 16,55,997 രൂപയും ജൂൺ 2017 വരെയുള്ള കോമൺ ഫെസിലിറ്റി ചാർജ് കുടിശ്ശിക 313785 രൂപയുമാണ്.

സംരംഭകർ അനുവദിച്ച സ്പേസ് പ്രയോജനപ്പെടുത്താതെ അടച്ചിടുകയും വാടക കുടിശ്ശിക വരുത്തുകയുമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച സംരംഭകരുടെ പരാതിയിൽ അന്വേഷണം നടത്തി ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നൽകിയ 08.09.2017ലെ വി.എം./198/2004 നമ്പർ റിപ്പോർട്ടിൽ 13 സംരംഭകരും പ്രവർത്തനം നടത്തുന്നില്ലെന്ന് വ്യക്തമാക്കുന്നു. ഇതിലെ 8സംരംഭകരുടെ കൂട്ടായ്മയായ ക്ലാഡിയോ ടെക്നോളജി എന്ന സ്ഥാപനം ചുരുങ്ങിയത് 3 വർഷമായി പ്രവർത്തിക്കുന്നില്ലെന്നും പ്രസ്തുത റിപ്പോർട്ടിൽ പറയുന്നു.

പ്രവർത്തനം നടത്താതിരിക്കുകയും, വാടക കുടിശ്ശിക വരുത്തുകയും ചെയ്തിട്ടും നിലവിലെ സംരംഭകരെ ഒഴിപ്പിച്ച് താത്പര്യമുള്ള

പുതിയ സംരംഭകർക്ക് അവസരം നൽകുന്നതിന് ഫലപ്രദമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

10 വർഷം മുമ്പ് നിശ്ചയിച്ച വാടകയാണ് നിലവിലും ബാധകമാക്കിയിരിക്കുന്നത്. ഈ കാലയളവിൽ വാടക പുതുക്കി നിശ്ചയിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. സംരംഭകർക്ക് സ്പേസ് വാടകയ്ക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അംഗീകൃത ബൈലോ നിലവിലുണ്ടോയെന്നും വ്യക്തമല്ല.ഇത് സംബന്ധിച്ച് 61/ 08.12.2017 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

കുടിശ്ശിക വരുത്തിയ വാടക നിയമാനുസൃത പലിശ സഹിതം പിരിച്ചെടുത്തും ആവശ്യമെങ്കിൽ നിഷ്ക്രിയമായി കിടക്കുന്ന സ്പേസുകൾ ഏറ്റെടുത്ത് പുതിയ സംരംഭകർക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചും വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് പ്രവൃത്തി-ഐറിഷ് ഡ്രൈനേജ് അധിക കനം അനുവദിച്ചു- 56190 രൂപ അംഗീകരിക്കുന്നില്ല

2016-17 ലെ റോഡ് കോൺക്രീററ് പ്രവൃത്തികൾ സംബന്ധിച്ച് രേഖകൾ പരിശോധിച്ചതിൽ അധിക കനം (1:2:4 cc -20mm) അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

ചീഫ് എൻജിയറുടെ 28.9.2015 ലെ നമ്പർ DB-4 -9099/2015/C.E /LSGD നമ്പർ കത്ത് പ്രകാരം റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ 1:4:8 ന്റെ കനം 10cm മുതൽ 15 cm വരെയും 1:2:4ന്റെ കനം 5.cm മുതൽ 7.5 cm വരെയും നൽകാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവർത്തികളിൽ അധിക കനം (0.025cm) അനുവദിച്ചത് വഴി പഞ്ചായത്ത് ഫണ്ടിന് അധിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്.

| | | | |
|---|---|---|---|
| പ്രോജക്ട് നം | 215/17 -നേർക്കയം -കാച്ചടി റോഡ് (വേങ്ങര ഗ്രാ.പ )വേങ്ങര ബ്ലോക്ക് | കൺവീനർ | ഉസ്മാൻ |
| ചെലവ് | 490000/- | ബില്ല് | 24/16-17 /22.8.16 |
| എംബുക്ക് | 1385/15-16 | എഗ്രിമെൻറ് | 341/4.3.16 |

മേൽ പ്രവർത്തിയിൽ റോഡിന്റെ ഇരുവശങ്ങളിലുമായി 1.50 മീറ്ററിൽ താഴേയാണ് ഐറിഷ് ഡ്രൈനിന് വീതിയുള്ളത്. പ്രവൃത്തിക്ക് പണം അനുവദിച്ചതിന്റെ വിവരം താഴെ നൽകുന്നു.

| ഐററം | അളവ് | തുക |
|---|---|---|
| (1)എർത്ത് വർക്ക് (30സെ.മി കനം ) | 104.22 എം3 @186.51/എം3 | 19438/- |
| (5)ക്വാറി മക്ക് (15സെ.മി കനം ) | 52.09 എം3 @1037.50/എം3 | 54043/- |
| (6)1:4:8 CC -40 mm (10സെ.മി കനം ) | 34.73/എം3 @4770/എം3 | 165675/- |
| (7)1:2:4 CC -20 mm (10സെ.മി കനം ) | 34.73/എം3 @6473.53/എം3 | 224825/- |

ചീഫ് എഞ്ചിനീയറുടെ കത്തിലെ നിർദ്ദേശ പ്രകാരം മേൽ പ്രവൃത്തിയിൽ ചെയ്യേണ്ട 1:2:4 CC യുടെ അളവ് 26.05$M^3$ ആണ്. (34.73/0.1 x 0.075)

ഇതനുസരിച്ച് മേൽ ഇനം പ്രവൃത്തിക്ക് അനുവദിക്കാവുന്ന തുക 168635 രൂപ ആണ്. (26.05 x 6473.53)

ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം പാലിക്കാതെ മരാമത്ത് പ്രവൃത്തി നടപ്പാക്കിയത് മൂലം അധികം ചെലവഴിച്ച 56190 (224825 – 168635) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

2016-17 ൽ നടപ്പാക്കിയ പ്രോജക്ട് നം -480/17 ഓരോടം പാലം -വഴിപ്പാറ റോഡ് പ്രവർത്തി (പെരിന്തൽമണ്ണ ബ്ലോക്ക് ) എന്ന പ്രവൃത്തിയിൽ ഐറിഷ് ഡ്രൈനേജിന് 1:4:8 (40mm ) 10 cm കനവും 1:2:4 (20mm ) 0.075 cm കനവും മാത്രമാണ് അനുവദിച്ചിട്ടുള്ളത് -

### 3-2 മരാമത്ത് പ്രവൃത്തികൾ -തെറ്റായി നികുതി നിർണ്ണയിച്ചു 42197 നഷ്ടം

മലപ്പുറം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ബിൽ തയ്യാറാക്കിയപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ ഈടാക്കിയതിലെ അപാകത കാരണം 42197 രൂപ ജില്ലാ പഞ്ചായത്തിന് അധികം ചെലവായി.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. നിയമാനുസൃതം അടവാക്കേണ്ട വാറ്റ്, ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നീ നികുതികൾക്കുള്ള 7.5% തുകയും കൂടി ഉൾപ്പെടുത്തിയാണ് പ്രൈസ്

സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഓരോ ഇനത്തിനുമുള്ള നിരക്ക് കണക്കാക്കിയിട്ടുള്ളത്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നിർവ്വഹിച്ച ശേഷം ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ മൊത്തം മൂല്യ നിർണ്ണയ തുകയിൽ നിന്ന് നിയമാനുസൃതം നികുതി കുറവ് ചെയ്ത് അടവാക്കി ബാക്കി തുക കൺവീനർക്ക് നൽകുകയാണ് വേണ്ടത്. എന്നാൽ ഈ പ്രവൃത്തിയുടെ മൊത്തം മൂല്യ നിർണ്ണയ തുകയുടെ കൂടെ 6% നികുതി കൂടി കൂട്ടി ആയതിൽ നിന്ന് നികുതി കുറവ് ചെയ്ത് കൺവീനർക്ക് തുക നൽകിയത് വഴിയാണ് അധിക ചെലവ് ഉണ്ടായത്. അധികം ചെലവായ 42197 രൂപ കൺവീനർമാരിൽ നിന്നോ അല്ലാത്ത പക്ഷം ആവശ്യമായ പരിശോധന നടത്താതെ ബിൽ തുക നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ചെലവ് | ചെലഴിക്കാവുന്ന തുക | അധികം |
|---|---|---|---|---|
| ആനമങ്ങാട് GHSസ്കൂളിൽ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് നിർമ്മാണം (473/17)<br>അടങ്കൽ . 490000<br>കൺവീനർ. ശ്രീ. സൈതലവി. ബിൽ-227 /31.3.2017 തുക.490000<br>അളവ് പുസ്തകം. 1587/16-17 | 463610 | 490000 | 463610 | 26390 |
| വടശ്ശേരി GHSസ്കൂൾ പുനരുദ്ധാരണം (379/17) അടങ്കൽ 300000കൺവീനർ. ഹെഡ് മാസ്റ്റർ. ബിൽ 236/31.3.2017<br>തുക. 294844<br>അളവ് പുസ്തകം. 1982/16-17 | 279037 | 294844 | 279037 | 15807 |
| ആകെ | | | | 42197 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 <u>ചാപ്പപടി ഡ്രൈനേജ് കവർ സ്ലാബും ഡ്രൈനേജ് ഉയർത്തലും- 14873രൂപയുടെ അധിക ചെലവ്</u>

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രവൃത്തിയുടെ 3-ാം ഇനമായി ഡ്രൈനേജിന്റെ കവർ സ്ലാബ് കോൺക്രീറ്റിന് വേണ്ടി 102.37 $m^2$ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ചെയ്തതിന് 433.40/$m^2$ നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയിൽ സ്ലാബ് തറ നിരപ്പിൽ വെച്ചാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയത് കൊണ്ട് തന്നെ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി 10 cm ഉയരത്തിൽ സ്ലാബിന്റെ വശങ്ങളിൽ മാത്രമാണ് ചെയ്തിട്ടുള്ളത്. ഇത്തരം പ്രവൃത്തിക്ക് DSR 4.3.1 പ്രകാരമുള്ള 256.22/ $m^2$ നിരക്ക് മാത്രം
(2014ലെ നിരക്ക് + കോസ്റ്റ് ഇൻഡക്സ് )നൽകിയാൽ മതിയാവുന്നതാണ്. തെറ്റായി നിരക്ക് നൽകിയത് വഴി 14873 രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. അധികം നൽകിയ തുക പ്രൊജക്റ്റിന് സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥന്റെ (മുഹമ്മദ് ബഷീർ,ഇ.ഇ) ബാധ്യതയായി നിജപ്പെടുത്തുന്നു.

| പ്രവൃത്തി | അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|
| ചാപ്പപടി ഡ്രൈനേജ് കവർസ്ലാബും ഡ്രൈനേജ് ഉയർത്തലും (51/17)<br>കരാറുകാരൻ. പി. എം ആർ എന്റർപ്രൈസസ് 18% below<br>കരാർ 93/16-17 dt.30.8.2016<br>അളവ് പുസ്തകം. 1343/15-16<br>ബിൽ 268/31.3.17 തുക 374427 | 102.37$m^2$ | 26229<br>(@256.22) | 44367<br>(@433.40)<br>cost index 30.48% | 18138 |

| | | | | |
|---|---|---|---|---|
| | | | | |
| 18% ടെണ്ടർ കുറവിന് ശേഷം അധിക തുക നൽകിയത് | | | | 14873 |

60/8.12.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല

## 3-4 സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി -14664 രൂപ അധിക ചെലവ്

മലപ്പുറം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയിൽ അബട്ട്മെന്റിന്റെ ഫൗണ്ടേഷന് വേണ്ടിയുള്ള സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയിട്ടുണ്ട്.

ഫൗണ്ടേഷൻ, ഫൂട്ടിങ് എന്നീ പ്രവൃത്തികൾക്ക് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSRഡാറ്റ 4.3.1 പ്രകാരമുള്ള നിരക്കാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ ചുവടെ കാണിച്ച പ്രവൃത്തിയിൽ അബട്ട്മെന്റിന്റെ ഫൗണ്ടേഷന് വേണ്ടി 1:4:8 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് ചെയ്യതിന് സെന്ററിങ് & ഷട്ടറിങ് ചെയ്യതിന് അബട്ട്മെന്റിന് ബാധകമായിട്ടുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത്തരത്തിൽ തെറ്റായി നിരക്ക് കണക്കാക്കി തുക നൽകിയതിനാൽ ജില്ലാ പഞ്ചായത്തിന് 14664 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ആവശ്യമായ പരിശോധന നടത്താതെ ബിൽ തുക നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ചെയ്ത അളവ് | നൽകിയ തുക @591.53/m$^2$ | നൽകാവുന്ന തുക @256.33/m$^2$ | അധികം |
|---|---|---|---|---|
| മാറംകുന്ന് കിഴക്കേക്കര റോഡിൽ മൂണ്ട് വാലച്ചിറ പാലം നിർമ്മാണം(72/17)<br>കരാറുകാരൻ ശ്രീ. ആബിദലി.ടി.കെ<br>(13.1% കുറവ്)<br>ബിൽ /31.3.2017 തുക.1911558<br>cost index 30.48% | 52.08m$^2$ | 30806 | 13350 | 17456 |
| 13.1% ടെണ്ടർ കുറവിന് ശേഷം അധികം (17456-2287) | | | | 15169 |

അധിക തുക ഈടാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-5 കുടിവെള്ള പദ്ധതികൾ - GI പൈപ്പിന് അധിക വില നൽകി. 83957രൂപയുടെ അധിക ചെലവ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച കുടിവെള്ള പദ്ധതികളിൽ പമ്പിങ് മെയിൻ പ്രവൃത്തിക്ക് ഉപയോഗിച്ച GI പൈപ്പിന് അധിക വില നൽകിയത് വഴി 83957രൂപയുടെ അധിക ചെലവുണ്ടായി.

GI പൈപ്പ് സ്ഥാപിക്കുന്നതിന് ഡെൽഹി അനാലിസിസ് ഓഫ് റേറ്റിൽ (DAR) ഉൾപ്പെടുത്തിയ ഡാറ്റയിൽ പ്രവൃത്തിക്കായി മണ്ണ് കിളച്ചെടുക്കുന്നതിനും തിരികെ മണ്ണിടുന്നതിനുമുള്ള തുക ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്രമ നമ്പർ ഒന്നിൽ പരാമർശിച്ച മുള്ളുംകാട് കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിയിൽ GI പൈപ്പ് സ്ഥാപിക്കുന്നതിന് മണ്ണ് കിളച്ചെടുത്തിട്ടില്ല എന്ന് 11.12.2017ന് ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. ഈ പ്രവൃത്തിയിൽ കോൺക്രീറ്റ് ചെയ്ത റോഡിന് മുകളിലൂടെയും, പാറയുള്ള ഭാഗത്തുമാണ് GI പൈപ്പ് സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ മണ്ണ് കിളച്ചെടുക്കുന്നിനും, റീഫില്ലിങ്ങിനുമുള്ള നിരക്ക് കുറവ് ചെയ്തതിന് ശേഷമുള്ള തുക മാത്രമാണ് ഈ ഇനത്തിന് നൽകാവുന്നത്.

ക്രമ നമ്പർ 2 ആയി പരാമർശിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റിലും, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അളവ് പുസ്തകത്തിലും GI പൈപ്പിനുള്ള നിരക്ക് ട്രഞ്ചിങ്, റീഫില്ലിങ്ങും ഒഴിവാക്കിയിട്ടാണ് (excluding trenching & refilling) എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബിൽ തുക നൽകിയപ്പോൾ അപ്രകാരം തുക കുറവ് ചെയ്യാതെയാണ് ഈ പ്രവൃത്തിയിലും GI പൈപ്പിനുള്ള നിരക്ക്

നൽകിയിട്ടുള്ളത്.

അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ആവശ്യമായ പരിശോധന നടത്താതെ ബിൽ തുക നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | പ്രവൃത്തി ചെയ്ത അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| മുള്ളുംകാട് കടിവെള്ള പദ്ധതി പൂർത്തീകരണം ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് (112/17)<br>കൺവീനർ ശ്രീ. മുഹമ്മദാലി പി.കെ<br>അളവ് പുസ്തകം 1464/14-15<br>ബിൽ. 205/31.3.2017<br>തുക. 952329<br>DSR – 2013<br>കോസ്റ്റ് ഇൻഡക്സ് 37% | E150mm dia GI പൈപ്പ് DSR Item No. 18.12.6 | 262.50 m | 141146 (@537.70/m) | 108636 413.85/m) | 32510 |
| ,, | E4-40mmdia GI പൈപ്പ് DSR Item No. 18.12.5 | 285 m | 111075.90 (@389.74/m) | 95766 (@336.02/m) | 15310 |
| ,, | E5-32mm dia GI പൈപ്പ് DSR Item No. 18.12.4 | 116m | 37947 (@327.13/m) | 31713 (@273.39/m) | 6234 |
| ആക്കപ്പറമ്പ് കടിവെള്ള പദ്ധതി. പൊന്മള ഗ്രാമ പഞ്ചായത്ത് (334/17)<br>കരാറുകാരൻ. ശ്രീ. പി.മുഹമ്മദ് (9% below)<br>അളവ പുസ്തകം 1170/15-16<br>ബിൽ. 95/25.11.2016<br>തുക.<br>DSR – 2014<br>കോസ്റ്റ് ഇൻഡക്സ് 30.48% | 6- 40mm dia GI പൈപ്പ് DSR Item No. 18.12.5 | 300m | 130800 (@436/m) | 111054 (@370.18/m) | 17969 (9% കുറവ് ചെയ്ത ശേഷം) |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ,, | 7-50mm dia GI പൈപ്പ് DSR Item No. 18.12.6 | 200m | 104254 @522.27 | 91140 (@455.70/m) | 11934 (9% കുറവ് ചെയ്ത ശേഷം) |
| | അധികം | | | | 83957 |

അധിക തുക ഈടാക്കണമെന്ന് കാണിച്ച് 40/01-12-2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-6 GHSS കുന്നക്കാവ് കെട്ടിടനിർമ്മാണം -പ്രവൃത്തിയിലെ അപാകതകൾ

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം | 190/17-GHSS കുന്നക്കാവ് – (പെരിന്തൽമണ്ണ ബ്ലോക്ക്) കെട്ടിട നിർമ്മാണം 500000/- | കോൺട്രാക്ടർ | ഷറഫുദ്ധീൻ.പി (12.09%കുറവ്) |
| ചെലവ് | 485080 | ബില്ല് | 171/16-17/30.3.17 |
| എംബുക്ക് | 159316-17 | എഗ്രിമെൻറ് | EE/LSGD/MPM/201 /16-17/10.1.17 |

മേൽ പ്രവൃത്തിയിൽ കെട്ടിടത്തിന് മുകളിൽ നിലവിലുള്ള പഴയ ഓട്, പട്ടിക എന്നിവ എടുത്ത് മാറ്റി പുതിയ ട്രസ്സ് വർക്ക് ചെയ്ത് (സ്റ്റീൽ), ഓട് വിരിക്കുന്നതാണ് പ്രവൃത്തി. ആയത് പ്രകാരം എസ്റ്റിമേറ്റ് ഇനം (1), (2) എന്നിവ പ്രകാരം താഴേപ്പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്

| Ietem/DSR CODE | ഇനം | അളവ് | തുക |
|---|---|---|---|
| (1) 15.31 | Dismantiling tiled roofing with batons, boardings etc | 326.40 m2 x89.54 (കരാർ നിരക്ക്) | 29225/- |
| (2) 15.14.1 | Dismantiling wood work in frames trusses ,purlins and raft | 5.16 m3 x2083.34m3 | 10750 |

മേൽ പ്രവർത്തിയിൽ 5.16 എം3 പട്ടിക ,കഴക്കോൽ എന്നിവ പൊളിച്ചുമാറ്റിയത് ലേലം ചെയ്ത വിവരം ഫയലിൽ ഇല്ല.കൂടാതെ 524 എണ്ണം പുതിയ മേച്ചിലോട് വാങ്ങി യതിന്ന് 524 x28.88 = 15133 /-രൂപ നൽകി എന്നാൽ 326.40 എം2 പഴയ ഓടുകളുടെ പുനരുപയോഗം സംബന്ധിച്ച് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. (എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല )

## 3-7 കൺവീനർ പ്രവർത്തികൾ–രേഖകൾ സുതാര്യതയില്ല

സാമ്പത്തിക വർഷം വിവിധപ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃസമിതിവഴി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ച് സംസ്ഥാന ആസൂത്രണബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. എല്ലാ പണമിടപാടുകളും ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടേയും പേരിലുള്ള സംയുക്തബാങ്ക് അക്കൗണ്ടിൽ കൂടെ മാത്രമേ നടത്താവൂ എന്നും, നിർമ്മാണസാമഗ്രികളുടെ വാങ്ങലുമായി ബന്ധപ്പെട്ട ഒറിജിനൽ ബില്ല് വാങ്ങി ഫയലിൽ സാക്ഷ്യപ്പെടുത്തിവക്കേണ്ടതുമാണെന്നും

മാർഗരേഖ നിഷ്കർഷിക്കുന്നു.സാധന സാമഗ്രികൾ കൊണ്ടു വരുന്നതിന് ലഭ്യമാക്കിയ വൗച്ചറുകളിൽ പലതിലും ഉള്ള ലോറി വാടക വൗച്ചറുകളിലെ രജിസ്ട്രേഷൻ നമ്പർ ഓട്ടോറിക്ഷ, ഇരു ചക്രവാഹനങ്ങൾ എന്നിവയുടേതാണെന്ന് കാണുന്നു. പ്രവൃത്തിയിലെ സുതാര്യതയും, ബിനാമികരാർ സമ്പ്രദായം നടക്കുന്നില്ലായെന്നതും മാർഗ്ഗരേഖപ്രകാരം ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ, ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ടി കാലയളവിലെ ഗുണഭോക്തൃസമിതിവഴിയുള്ള മരാമത്ത് പ്രവൃത്തികളിൽ പാലിക്കപ്പെട്ടിട്ടില്ല.

1999 ഡിസംബർ മാസം സംസ്ഥാന ആസൂത്രണ സമിതി പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടും, ബിനാമികരാർ നടപടികൾ നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തിയും നിർവ്വഹണം നടത്താനും നിർവ്വഹണോദ്യോഗസ്ഥന് ബാദ്ധ്യതയുണ്ട് രേഖകൽ പരിശോധിച്ചതിൽ പൊതുവായി താഴേപ്പറയുന്ന അപാകതകൾ കാണുന്നു
(1)ഗുണഭോക്തൃ കമ്മിറ്റിയെ തെരെഞ്ഞടുത്ത് ഭരണസമിതി അംഗീകാരം സംബന്ധിച്ച രേഖകൾ ഇല്ല.
(2)ഒറിജിനൽപർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തിയത് സമർപ്പിച്ചിട്ടില്ല
(3)സംയുക്ത പാസ്സ് ബുക്ക് സമർപ്പിച്ചിട്ടില്ല
(4)പാസ്സ്ബുക്കിലൂടെ പണമിടപാട് നടത്തുന്നില്ല
(5)മിനിറ്റസ് ബുക്കിൽ ചെലവ് സംബന്ധിച്ച് സമതി അംഗീകരിച്ച് പാസ്സാക്കിയിട്ടില്ല
കൺവീനർ പ്രവർത്തികൾ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അഭിപ്രായം ലഭ്യമാക്കേണ്ടതാണ്.

## 3-8 സംരക്ഷണഭിത്തികളിൽ ആർ.ആർ ന് പകരം ഡി.ആർ പ്രവൃത്തി ചെയ്യാത്തത്

| | | | |
|---|---|---|---|
| പ്രേജക്ട് നം | 74/17-കട്ടങ്ങാട് എസ്.സി കോളനി പുന- വളാഞ്ചേരി ഗ്രാ.പ- (കുറ്റിപ്പുറംബ്ലോക്ക് )<br>500000/- | കോൺട്രാക്ടർ | നൗഷാദ്<br>(23.66%കുറവ് ) |
| ചെലവ് | 1145100 | ബില്ല് | 91/16-17/21.11.16 |
| എംബുക്ക് | 1458/15-16 | എഗ്രിമെൻറ് | EE/LSGD /MPM/120/16-17 /4.12.15 |

പ്രവർത്തിയിൽ സംരക്ഷണ ഭിത്തി കെട്ടുന്നതിന് താഴെ പറയും ഐറ്റം പ്രവൃത്തി ചെയ്തിട്ടുണ്ട്

(1)മൺപ്പണി

(2) ഡി.ആർ (ഫൗണ്ടേഷൻ )

(3) ആർ.ആർ (സൂപ്പർ സ്ട്രക്ച്ചർ )- 246.63 എം3- @5112.34/എം3 =1260856/-

എന്നാൽ ആർ.ആർ ന് പകരമായി താഴേപ്പറയും ഇനങ്ങൾ ചെയ്യുമായിരുന്നെങ്കിൽ അധിക ചെലവ് ഒഴിവാക്കാമായിരുന്നു

വിശദ വിവരം

| ഐറ്റം | അളവ് | നിരക്ക് | തുക |
|---|---|---|---|
| ഡി.ആർ | 246.63 | 2462.35/എം3 | 607783/- |
| പോയൻെറിങ് | 2x455.05 x1.03=937.40 | 106 /എം2 | 99364/- |
| 1:2:4 (20mm )ടോപ്പ് ബെൽറ്റ് | 455.05 x0.50 x0.075 =17.06 | 7132.45/എം3 | 121680/- |
| സെൻെററിങ് /ഷട്ടറിങ് | 2x455.05 x0.15 =136.515 /എം2 | 256.33 /എം2 | 34993/- |
| ആകെ | | | 863820/- |

ഒഴിവാക്കാമായിരുന്ന ചെലവ് =1260886 -863820 =397036/-

താഴേപ്പറയുന്ന പ്രവൃത്തികളും ഇത്തരത്തിലുള്ളവയാണ്

| പ്രോജക്ട് | പേര് | തുക |
|---|---|---|

| | | |
|---|---|---|
| 168/17 | പുല്ലാംകുന്ന് sc കോളനി ഭവന സുരക്ഷ | 581152 |
| 1065/17 | കണ്ണംവെട്ടിക്കാവ് IHDPകോളനി ഭവന സുരക്ഷ | 1097478 |
| 152/17 | പള്ളിക്കുന്ന് scകോളനി ഭവന സുരക്ഷ | 1469380 |
| | | |

ഇത്തരം അനാവശ്യ ചെലവുകൾ ഒഴിവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 മാട്ടുമ്മൽ ജി.എച്ച്.എസ്. ആതവനാടിന് സ്റ്റേജ് - 52505 രൂപ അധിക ചെലവ്

| | |
|---|---|
| പ്രൊജക്റ്റ് നം. | 1060/17 |
| അടങ്കൽ | 466263.00 MG(NR) |
| ചെലവ് | 466263.00 |
| ബിൽ നം | 162/24.3.17 |
| കരാർ നം | 414/16.2.17 |
| കൺവീനർ | ഹെഡ് മാസ്റ്റർ, |
| എം.ബുക്ക് | 1690/16-17 |
| ടി.എസ്.നം | 71714/2016-17, |

ഈ പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) DSR 2014 ലെ നിരക്കിന് 46.67% കോസ്റ്റ് ഇൻഡക്സ് അനുവദിച്ചാണ് ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ അനുവദനീയമായ കോസ്റ്റ് ഇൻഡക്സ് 36.19% മാത്രമാണ്.

2) പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിച്ചപ്പോൾ പ്രവൃത്തി മൂല്യത്തോട് നികുതി അടയ്ക്കുന്നതിനായി 6% പ്രൊവിഷൻ കൂട്ടി അനുവദിച്ചിട്ടുണ്ട്. 2016-17 ൽ പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കിയ ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ നിരക്കിൽ തന്നെ നികുതി അടയ്ക്കുന്നതിനായി 7.5% പ്രൊവിഷൻ അധികം ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ മേൽപറഞ്ഞ പ്രകാരം 6% പ്രൊവിഷൻ അധികം അനുവദിച്ചത് ക്രമപ്രകാരമല്ല.

3) പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിൽ സേവന നികുതി ഇനത്തിൽ അടങ്കലിന്റെ 6% തുക വകയിരുത്തിയിരുന്നു. എന്നാൽ ആയത് അടവാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ നിമിത്തം പ്രൊജക്റ്റിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിശദ വിവരം താഴെ പറയുന്നു.

| ക്രമ നമ്പർ | സ്പെസിഫിക്കേഷൻ | നിർവ്വഹിച്ച അളവ്, അനുവദിച്ച നിരക്ക്, തുക | അനുവദനീയമായ നിരക്ക്,(DSR14+ Ci 36.19%+7.5%) |
|---|---|---|---|
| 1 | 50.2.26.1 | 36.19x276.54/m3= 10007.98 | 36.19x256.76/m3= 9292.14 |
| 2 | 4.1.8 | 21.09x5897.07/m3= 124369.21 | 21.09x5475/m3= 115467.75 |
| 3 | 4.1.3 | 1.53x7494.55/m3= 11474.16 | 1.53x6959.03/m3= 10654.27 |
| 4 | 5.9.15 | 6.81x269.34/m2= 1834.21 | 6.81x250.08/m2= 1703.04 |
| 5 | 50.6.7.2 | 5.055x6341.33/m3= 32055.42 | 5.055x5887.92/m3= 29763.43 |
| 6 | 13.1.1 | 109.90x223.96/m2= 24613.20 | 109.90x209.82/m2= 23059.22 |
| 7 | 11.3.1 | 63.96x484.46/m2= 30986.06 | 63.96x449.83/m2= 28771.12 |
| 8 | 11.20.4 | 230.08x902.35/m2= 207612.69 | 230.08x837.87/m2= 192777.13 |
| ആകെ | | 442952.93 | 411488.10 |

| അനുവദിച്ച ബിൽ തുക | അനുവദിക്കാവുന്ന ബിൽ തുക |
|---|---|
| ആകെ പ്രവൃത്തി മൂല്യം - 442952.93<br>-ടി-പരിമിതപ്പെടുത്തിയത്-439870.75<br>(+) 6% നികുതി - 26392.26<br>ആകെ - 466263.01<br>(-) വാറ്റ് 5% - 26392.00<br>ക്ഷേമ നിധി 1% - 4398.00<br>ഐ.ടി 2% - 8797.00<br>കൺവ്വീനർക്ക് - 431074.00 | ആകെ പ്രവൃത്തി മൂല്യം -411488.10<br>(+) 6% സേവന നികുതി- 24689.00<br>436177.10<br>(-) 6% സേവന നികുതി 24689.00<br>411488.00<br>(-) വാറ്റ് 5% - 20574.00<br>ക്ഷേമ നിധി 1% - 4115.00<br>ഐ.ടി 2% - 8230.00<br>കൺവ്വീനർക്ക് - 378569.00 |

ക്രമ നമ്പർ 1,2 അപാകതകൾ നിമിത്തം കൺവ്വീനർക്ക് അധികം നൽകിയ തുക 431074.00 – 378569.00 = 52505.00 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അടവാക്കാൻ അവശേഷിക്കുന്ന സേവന നികുതി 24689 അടവാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിററ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്

## 3-10 ഡ്രൈനേജ് സൈഡ് കോൺക്രീറ്റിംഗ്, റീടെയ്നിംഗ് വാള് ടോപ്പ് കോൺക്രീറ്റിംഗ്-39350 രൂപ അധികം അനുവദിച്ചു

2016-17 ൽ നിർവ്വഹണം നടത്തിയ ഭൂരിഭാഗം പ്രൊജക്ടുകളിലും ഡ്രൈനേജ് സൈഡ് കോൺക്രീറ്റിംഗ്, റീടെയ്നിംഗ് വാള് ടോപ്പ് കോൺക്രീറ്റിംഗ് എന്നീ ഇനം പ്രവൃത്തികൾക്ക് ഡി.എസ്.ആർ.4.3.1 സ്പെസിഫിക്കേഷനാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ, ഇതിന് വിരുദ്ധമായി, താഴെ പറയുന്ന പ്രോജക്ടുകളിൽ ഇതേ പ്രവൃത്തിക്ക് ഡി.എസ്.ആർ.4.3.2 സ്പെസിഫിക്കേഷൻ അനുവദിച്ചിട്ടുണ്ട്. ഇതു കാരണം പ്രസ്തുത പ്രൊജക്ടുകളിൽ ഫോം വർക്കിന് അധിക തുക ചെലവായിട്ടുണ്ട്. വിശദ വിവരം താഴെ പറയുന്നു.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | 71/17 |
| പേര് | ആർ.ബി.കനാൽ വരവണ്ട ഡ്രൈനേജ് |
| ടി.എസ്.നം | 56047/2016-17 |
| അടങ്കൽ | 500000/- |
| ചെലവ് | 452499/- |
| ബിൽ നമ്പർ | 241/31.3.17 |
| കരാർ | 353/7.2.17 (8.12% കുറവ്) |
| കരാറുകാരൻ | കെ.വി.ദിവാകരൻ |
| എം.ബുക്ക് | 1322/15-16 |

| എസ്റ്റിമേറ്റ് ഇനം | നിർവ്വഹിച്ച അളവ് (m2) | അനുവദിച്ചത് 4.3.2 | അനുവദിക്കാവുന്നത് 4.3.1 (ടെണ്ടർ കുറവിന് ശേഷം) | അധികം |
|---|---|---|---|---|
| 5 | 192.72 | 450x192.72= 86724.00 | 245.81x192.72 = 47373.52 | 39350.00 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിററ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്

## 3-11 മരാമത്ത് പ്രവർത്തികൾ -പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല

തൻവർഷം ജില്ലാപഞ്ചായത്ത് സ്പിൽഓവർ ഉൾപ്പെടെ 1047 പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതിൽ 911 പ്രോജക്ടുകൾ എക്സിക്യൂട്ടീവ് എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള പ്രോജക്ടുകൾ ആണ് .ഇതിൽ 296 പ്രോജക്ടുകൾ മാത്രമാണ്

നിർവ്വഹണം നടത്തിയിട്ടുള്ളത് .എക്സിക്യൂട്ടീവ് എൻജിനിയറുടെ ആകെ പ്രോജക്ട് അടങ്കൽ 810943809/-രൂപയിൽ തൻവർഷചെലവ് 206205737/-രൂപ മാത്രമാണ്. ആയത് പ്രോജക്ട് അടങ്കലിൻെറ25 % മാത്രമാണ്.ബിൽ ബുക്ക് പ്രകാരം പ്ലാൻ പ്രോജക്ടുകളുടെ 309 ബില്ലുകളാണ് തൻവർഷത്തിൽ മാറിയിട്ടുള്ളത് ആയതിൽ 187 ബില്ലുകൾ മാറിയത് മാർച്ച /2017 ൽ ആണ് .പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തന കലണ്ടർ പാലിക്കാതെ സമയബന്ധിതമായി നടപ്പാക്കുന്നതിൽ ജില്ലാപഞ്ചായത്ത് വീഴ്ചവരുത്തുന്നതാണ് ഇത്തരത്തിൽ കുറഞ്ഞ ചെലവ് ശതമാനത്തിൽ നിർവ്വഹണം നടക്കാൻ കാരണം .തൻ വർഷം 526 പ്രവർത്തികൾക്ക് എഗ്രിമെൻെറ് വച്ചിട്ടുണ്ട് .ഇത് മുഴുവൻ തൻവർഷത്തിൽ പൂർത്തീകരിക്കുന്നതിന്ന് കഴിഞ്ഞിട്ടില്ല. പദ്ധതികൾ സമയബന്ധിതമായി പൂർത്തീയാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-12 പ്രതീക്ഷ കെട്ടിട നിർമാണം-മാറാക്കര

മാറാക്കര ഗ്രാമ പഞ്ചായത്തിലെ മേൽമുറി ജി.എൽ.പി.എസ്സിന് പ്രതീക്ഷ കെട്ടിടം നിർമിക്കുന്നതിന് ഷെയർ നൽകുന്നതിനാണ് സെക്രട്ടറി നിർവഹണം നടത്തുന്ന1174/17 പ്രോജക്ട്.

2014-15, 2015-16 വർഷം ബഹുവർഷ പ്രോജക്ടായി പതിനഞ്ച് ലക്ഷം രൂപ ഈ വർക്കിന് വകയിരുത്തിയിരുന്നു.ഗ്രാമ പഞ്ചായത്ത് വിഹിതം ആറ് ലക്ഷം രൂപയും, മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതമായി ഒൻപത് ലക്ഷം രൂപയും.എന്നാൽ മാറാക്കര പഞ്ചായത്തിന്റെ 2016-17 പ്രോജക്ടിൽ ഒരു ലക്ഷം രൂപ മുൻ വർഷങ്ങളിലായി ഈ പദ്ധതിക്ക് ചെലവഴിച്ചതായും , തൻ വർഷം ബ്ളോക്ക് പഞ്ചായത്ത് വിഹിതം ഒരു ലക്ഷം രൂപയും , ജില്ലാ പഞ്ചായത്ത് വിഹിതം ഏഴ് ലക്ഷം രൂപയും വകയിരുത്തി പ്രവൃത്തി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടുന്നതായും മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 051/17 പ്രോജക്ടിൽ നിന്ന് വ്യക്തമാവുന്നു.ഗ്രാമ പഞ്ചായത്ത് വിഹിതം ഈ വർക്കിന് വിനിയോഗിച്ചില്ല എന്നാണ് പ്രോജക്ട് ഫയലിൽ നിന്ന് വ്യക്തമാവുന്നത്.

ജില്ലാ പഞ്ചായത്ത് വിഹിതം ബിൽ 32/24.03.2017 പ്രകാരം ഏഴ് ലക്ഷം രൂപ പിൻവലിച്ച് മാറാക്കര പഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്.പ്രവൃത്തി പൂർത്തിയായതായും മുഴുവൻ ഫണ്ടും വിനിയോഗിച്ചതായും വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ ഉണ്ട്.എന്നാൽ പ്രവൃത്തിയുടെ വർക്ക് ബില്ലിന്റെ പകർപ്പ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

കെട്ടിട നിർമാണ പ്രവൃത്തിക്ക് നാളിത് വരെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ, പ്രസ്തുത പ്രവൃത്തിയുടെ ബിൽ വിശദാംശങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് നിർദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല.വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-13 കക്കറ ശ്മശാനം വൈദ്യുതീകരണം-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിലെ കക്കറ ശ്മശാനത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിനാണ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തുന്ന 422/17 പ്രോജക്ട്. (ഫയൽ P4-3368/16) പ്ലാൻ വിഹിതം 79042 രൂപ വകയിരുത്തിയ പ്രോജക്ടിന് ബിൽ 43/29.03.2017 പ്രകാരം 79042 രൂപ പിൻവലിക്കുകയും ചെയിതിട്ടുണ്ട്.

വൈദ്യുതി ബോർഡിന്റെ കരുവാരകുണ്ട് സെക്ഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡേപ്പോസിറ്റ് വർക്കായിട്ടാണ് നിർവഹിക്കുന്നത് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

പരാമർശിത ബിൽ നമ്പർ പ്രകാരം തുക പിൻവലിച്ച് , വൈദ്യുതി ബോർഡിന്റെ അകൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.പ്രവൃത്തിയുടെ ഫയൽ പരിശോധിച്ച് താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

-പ്രവൃത്തി ഓഡിറ്റ് തിയ്യതിവരെ പൂർത്തിയാക്കാനായിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

-നിർമാണ പ്രവൃത്തി പൂർത്തിയാക്കി ശ്മശാനം കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

-പ്രവൃത്തിയുടെ മോണിറ്ററിങ്ങ് നിർവഹിച്ച വിവരവും ഫയലിൽ ഇല്ല.

-വയറിങ്ങ് പ്രവൃത്തികൾ പൂർത്തിയാക്കിയത് സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

-ഈ ശ്മശാനം ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല..

-വൈദ്യുതീകരണത്തിന്റെ ഭാഗമായി വൈദ്യുതി ബോർഡിൽ തുക അടവാക്കിയതിന്റെ വിശദാംശവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നും എന്ത് കൊണ്ടാണ് പ്രവൃത്തി വൈകുന്നത് എന്നും റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന് നിർദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.വ്യക്തമായ വിവരങ്ങളുടെ /രേഖകളുടെ അഭാവത്തിൽ ചെലവ് തുക 79042 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-14 പൂങ്കുടിയിൽ വി.സി.ബി. നിർമ്മാണം - അപാകതകൾ സംബന്ധിച്ച്.

| | |
|---|---|
| പ്രൊജക്ട് നം. | 287/17 |
| അടങ്കൽ | 2487000.00 പ്ലാൻ<br>300000.00 ഗു.വി |

| | |
|---|---|
| | 2787000.00 |
| ചെലവ് | 2407031/- പ്ലാൻ |
| ബിൽ നം | 290/31.3.17 |
| കരാർ നം | 8/24.4.15 (17.1% കുറവ്) |
| കോൺട്രാക്ടർ | ഷാനവാസ്.കെ |
| എം.ബുക്ക് | 1192/15-16 |

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1) പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടായി

കരാർ അനുസരിച്ച് പൂർത്തീകരണത്തിന് എട്ട് മാസം കാലാവധിയുള്ളതു ഈ പ്രൊജക്ട് 24.12.15 ന് മുമ്പ് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ മുമ്പെങ്ങും ഇല്ലാത്ത വിധം പെയ്ത വേനൽ മഴ കാരണം പ്രൊജക്ട് പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ, 30.6.16 വരെ പൂർത്തീകരണ കാലാവധി നീട്ടിത്തരണം എന്ന കരാറുകാരന്റെ അപേക്ഷയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുകൂല ശുപാർശ പരിഗണിച്ച് പൂർത്തീകരണ കാലാവധി, പിഴകൂടാതെ, 30.6.16 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്. കരാറുകാരൻ പ്രവൃത്തി 3.6.16ന് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1) 24.4.15 ന് കരാർ കരാറുകാരന് തൻ വർഷം മഴ ആരംഭിക്കുന്നതിനു മുമ്പ് മെയ്, ജൂൺ മാസങ്ങളിൽ പ്രവൃത്തി നടത്താമായിരുന്നു. അതുപോലെ, മഴ അവസാനിച്ച ശേഷം ഡിസംബർ മുതൽ തന്നെ പ്രവൃത്തി പുനരാരംഭിക്കുകയും ചെയ്യാമായിരുന്നു. എന്നാൽ ആയത് ചെയ്തിട്ടില്ല. അളവ് പുസ്തകം അനുസരിച്ച് 16.2.16 ന് മാത്രമാണ് ഈ പ്രൊജക്ടിന്റെ ഒന്നും മൂന്നും ഇനങ്ങളുടെ, വെള്ളം പമ്പ് ചെയ്ത് കളയലും, എർത്ത് കട്ടിംഗും, അളവെടുത്തിട്ടുള്ളത്. ഇതിൽ നിന്നും എഗ്രിമെന്റ് വെച്ച് പത്ത് മാസത്തിന് ശേഷമാണ് കരാറുകാരൻ പ്രവൃത്തി ആരംഭിച്ചത് എന്ന് വ്യക്തമാണ്. ആയതിനാൽ, കാല താമസത്തിന് കരാറുകാരൻ പറഞ്ഞ ന്യായം സ്വീകാര്യമല്ല.

16.2.16 ന് ആരംഭിച്ച പ്രവൃത്തി 3.6.16ന് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ നിന്നും 2015മെയ് , ജൂൺ മാസങ്ങളിൽ പ്രവൃത്തി ആരംഭിച്ചിരുന്നെങ്കിൽ 2016 ജനവരിയിൽ തന്നെ പ്രൊജക്ടിന്റെ നിർവ്വഹണം പൂർത്തിയാക്കാമായിരുന്നു എന്ന് കാണുന്നു (മഴക്കാലം കൊണ്ട് പ്രവൃത്തി നടത്താനാകാത്തതു കാരണം ന്യായ മായും അനുവദിക്കാവുന്ന അധിക സമയം ഉൾപ്പെടെ). ആയതിനാൽ ഈ പ്രൊജക്ട് നിർവ്വഹിക്കുന്നതിൽ ചുരുങ്ങിയത് നാല് മാസം, 2016 ഫെബ്രുവരി മുതൽ മെയ് വരെ, കാല താമസം ഉണ്ടായിട്ടുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2) ഗുണഭോക്തൃ വിഹിതം പിരിച്ചതും ചെലവഴിച്ചതും സംബന്ധിച്ച്

പ്രൊജക്ടിൽ വകയിരുത്തിയ 300000/- രൂപ ഗുണഭോക്തൃ വിഹിതം എക്സിക്യൂട്ടീവ് എഞ്ചിനീയർ രസീതി നമ്പർ 11506100008/9.4.15 പ്രകാരം ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്ന ന്യൂനതകൾ കണ്ടു.

എ) ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

ബി) പ്ലാൻഫണ്ടിൽ നിന്നുമാണ് പ്രൊജക്ട് പ്രകാരം ചെലവ് ചെയ്ത മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളത്. പ്രൊജക്ടിന്റെ ചെലവിന് ആനുപാതികമായി, വകയിരുത്തിയ ഗുണഭോക്തൃവിഹിതം ചെലവഴിക്കാത്തത് ക്രമപ്രകാരമല്ല.തുക തനത് ഫണ്ടിൽ നിന്നും കണ്സോളിഡേറ്റ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിററ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-15 റോഡ് കോൺക്രീറ്റ് -അധിക കനം അനുവദിച്ചു-135051 രൂപ അംഗീകരിക്കുന്നില്ല.

ചീഫ് എൻജിയറുടെ 28.9.2015 ലെ നമ്പർ DB-4 -9099/2015/C.E /LSGD നമ്പർ കത്ത് പ്രകാരം റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് പരമാവധി കനം 1:4:8 ന്റെ കനം 10cm മുതൽ 15 cm വരെയും 1:2:4ന്റെ കനം 5.cm മുതൽ 7.5 cm വരെയും നൽകാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ താഴേപ്പറയുന്ന പ്രവർത്തികളിൽ അധിക കനം അനുവദിച്ചത് വഴി ജില്ലാപഞ്ചായത്ത് ഫണ്ടിന് അധിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു
(1)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 313/17-കാരപ്പറമ്പ് sc കേളനി റോഡ് കോൺക്രീറ്റ് (ഊരകം ഗ്രാ.പ)വേങ്ങര ബ്ലോക്ക് ) | കോൺട്രാക്ടർ | അബ്ദുൾ കരീം ( 25% കുറവ് ) |
| ചെലവ് | 750000/- | ബില്ല് | 155/16-17 /9.12.16 |
| എംബുക്ക് | 1538/16-17 | എഗ്രിമെൻറ് | EE/LSGD /MPM/62/16-17 |

| | | | |
|---|---|---|---|
| | | | /15.6.16 |

ഈ പ്രവൃത്തിയിൽ ഇനം 7 പ്രകാരം 1:2:4 കോൺക്രീറ്റ് 10 cm കനത്തിൽ ആകെ 47.76$M^3$ പ്രവൃത്തി ചെയ്തതിൽ 46.2$M^3$ ന് @7132.45/$M^3$ 329519.19 അനുവദിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ കത്തിലെ നിർദ്ദേശ പ്രകാരം മേൽ പ്രവൃത്തിയിൽ ചെയ്യേണ്ട 1:2:4 കോൺക്രീറ്റിന്റെ പരമാവധി അളവ് 35.82$M^3$ ആണ്. (47.76/0.1 x 0.075). ഇതനുസരിച്ച് മേൽ ഇനം പ്രവൃത്തിക്ക് അനുവദിക്കാവുന്ന തുക 255484.36 ആണ്.

മേൽ ഇനം പ്രവൃത്തിക്ക് അധികമായി ചെലവഴിച്ച തുക – 74035 (329519.19 – 255484.36)
25% ടെണ്ടർ കുറവ് അനുവദിച്ച ശേഷമുള്ള നഷ്ടം – 55526

(2)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 331/17 -കാരാപ്പറമ്പ് sc കോളനി റോഡ് കോൺക്രീറ്റ് (ഊരകം ഗ്രാപ) വേങ്ങര ബ്ലോക്ക് | കോൺട്രാക്ടർ | അബ്ദുൾകരീം.പി.എം (25% കുറവ് ) |
| ചെലവ് | 750000/- | ബില്ല് | 116/16-17/31.3.17 |
| എംബുക്ക് | 1537/15-16 | എഗ്രിമെൻറ് | EE/LSGD/MPM/63 /16-17/15.6.16 |

ഈ പ്രവൃത്തിയിൽ ഇനം 7 പ്രകാരം 1:2:4 കോൺക്രീറ്റ് 10 cm കനത്തിൽ ആകെ 52.348$M^3$ പ്രവൃത്തി ചെയ്തതിൽ 50.40$M^3$ ന് 7132.4/$M^3$ നിരക്കിൽ 359475 അനുവദിച്ച് നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ കത്തിലെ നിർദ്ദേശ പ്രകാരം മേൽ പ്രവൃത്തിയിൽ ചെയ്യേണ്ട 1:2:4 കോൺക്രീറ്റിന്റെ പരമാവധി അളവ് 39.26$M^3$ ആണ്. (52.348/0.1 x 0.075). ഇതനുസരിച്ച് മേൽ പ്രവൃത്തിക്ക് അനുവദിക്കാവുന്ന തുക 280019.99 ആണ്.
മേൽ ഇനം പ്രവൃത്തിക്ക് അധികമായി ചെലവഴിച്ച തുക – 79455 (359475 – 280019.99)
25% ടെണ്ടർ കുറവ് അനുവദിച്ച ശേഷമുള്ള നഷ്ടം – 59597

(3)

| | | | |
|---|---|---|---|
| പ്രൊജക്ട് നം | 200/17 -പോത്തുകുണ്ട് റോഡ് കോൺക്രീറ്റിങ് (വേങ്ങര ഗ്രാ.പ ) വേങ്ങര ബ്ലോക്ക് | കൺവീനർ | അബ്ദുൾമജീദ് |
| ചെലവ് | 500000/- | ബില്ല് | 116/16-17/31.3.17 |
| എംബുക്ക് | 1388/15-16 | എഗ്രിമെൻറ് | EE/LSGD /MPM/243/15-16 /15.2.16 |

ഈ പ്രവൃത്തിയിൽ ഇനം 7 പ്രകാരം 1:2:4 കോൺക്രീറ്റ് 10 cm കനത്തിൽ ആകെ 12.69$M^3$ പ്രവൃത്തി ചെയ്തതിൽ 12.6$M^3$ ന് @6473.50/$M^3$ നിരക്കിൽ 81556 രൂപ അനുവദിച്ചു നൽകി. ചീഫ് എഞ്ചിനീയറുടെ കത്തിലെ നിർദ്ദേശ പ്രകാരം പ്രവൃത്തിയിൽ ചെയ്യേണ്ട 1:2:4 കോൺക്രീറ്റിന്റെ പരമാവധി അളവ് 9.52$M^3$ ആണ്. (12.69/0.1 x 0.075).

ഇതനുസരിച്ച് മേൽ ഇനം പ്രവൃത്തിക്ക് അനുവദിക്കാവുന്ന തുക 61627.72 ആണ്.
അധികമായി ചെലവഴിച്ച തുക – 19928 (81556 – 61627.72)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിററ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ തുക നിർവ്വഹണോദ്യേഗസ്ഥനിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്

## **3-16** ചട്ട വിരുദ്ധയമായി മരാമത്ത് പ്രവർത്തി-പൂർത്തികരണ സമയം ദീർഘിപ്പിച്ചു നൽകി.**132899**രൂപ പിഴ ഇനത്തിൽ ഈടാക്കിയില്ല.

പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം, കരാറുകാരൻെറ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്ധ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ

പഞ്ചായത്ത് ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തേീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. എന്നാൽ ഈ നടപടി ക്രമങ്ങൾ പാലിക്കാതെ, താഴേപ്പറയുന്ന പ്രവൃത്തികളിൽ കരാറുകാരന്റെ അപേക്ഷയോ, ഭരണ സമിതി തീരുമാനമൊ ഇല്ലാതെ, ചട്ടപ്രകാരമുള്ള നിരക്കിൽ ഫൈൻ ഈടാക്കാതെ പൂർത്തികരണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

(1).GVHSS കുഴിമണ്ണ . (അരീക്കോട് ബ്ലോക്ക് )

| | | | |
|---|---|---|---|
| പ്രോജക്ട് നം | GHSS കുഴിമണ്ണ (അരീക്കോട് ബ്ലോക്ക് ) | | 1000000/-<br>827000<br>(Agreed PAC) |
| കോൺട്രാക്ടർ | മൂസ്സ ഹാജി (17.3%) | എഗ്രിമെൻറ് | E.E/LSGD/192/ |
| എം ബുക്ക് | 1642/15-16/8.2.16 | നിർവ്വഹണം | എക്സി.എൻജിനിയർ |
| ബിൽ നം | 103/16-17/30.3.17 | തുക | 823584/- |

പൂർത്തികരണ കാലാവധി -3 മാസം (8.2.2016 മുതൽ 7.5.2016 വരെ ) (എഗ്രിമെൻറ് പ്രകാരമുള്ളത് )

യഥാർത്ഥത്തിൽ പൂർത്തീകരിച്ച തീയ്യതി -22.12.2016 (അവസാന ചെക്ക് മെഷർ )

പൂർത്തീകരണ കാലാവധി - 8.2.2016 മുതൽ 7.5.2016 വരെ (90 ദിവസം)

ഫൈൻ ഈടാക്കേണ്ടത്

ദീർഘിപ്പിച്ചു നൽകാവുന്നത് -പൂർത്തീകരണ കാലാവധി യുടെ 25% =23 ദിവസം

08.5.2016 മുതൽ 01.6.2016 വരെ 827000 x1% =8270

02.6.2016 മുതൽ 25.06.2016 വരെ 827000 x2% =16540

ആകെ =24810/-രൂപ

ഫൈൻ ഈടാക്കിയത് =8236/-രൂപ

കുറവ് =16574/-രൂപ

2ചുള്ളിക്കുന്ന് എസ്.സി സ്മ്ശാനം സൈഡ് സംരക്ഷണം . (തിരൂരങ്ങാടി ബ്ലോക്ക് )

| | | | |
|---|---|---|---|
| പ്രോജക്ട് നം | ചുള്ളിക്കുന്ന്എസ്.സി സ്മ്ശാനം സൈഡ് സംരക്ഷണം നന്നമ്പ്ര .(തിരൂരങ്ങാടി ബ്ലോക്ക് ) | അടങ്കൽ (പി.എ.സി ) | 1500000/-<br>1363500<br>(Agreed PAC) |
| കോൺട്രാക്ടർ | പി.സാജിദ് (9.1 കുറവ്%) | എഗ്രിമെൻറ് | E.E/LSGD/217/15-16 /8.2.16 |
| എം ബുക്ക് | 696/14-15 | നിർവ്വഹണം | എക്സി.എൻജിനിയർ |
| ബിൽ നം | 125/16-17/26.10.16 | തുക | 1436000/- |

പൂർത്തികരണ കാലാവധി -3 മാസം (8.2.2016 മുതൽ 7.5.2016 വരെ ) (എഗ്രിമെൻറ് പ്രകാരമുള്ളത് )

യഥാർത്ഥത്തിൽ പൂർത്തീകരിച്ച തീയ്യതി -6.9.2016 (അവസാന ചെക്ക് മെഷർ )

പൂർത്തീകരണ കാലാവധി - 8.2.2016 മുതൽ 7.5.2016 വരെ (90 ദിവസം)

ഫൈൻ ഈടാക്കേണ്ടത്

ദീർഘിപ്പിച്ചു നൽകാവുന്നത് -പൂർത്തീകരണ കാലാവധി യുടെ 25% =23 ദിവസം

08.5.2016 മുതൽ 01.6.2016 വരെ 1363500 x1% =13635

02.6.2016 മുതൽ 25.06.2016 വരെ 1363500 x2% =27270

ആകെ =40905/-രൂപ

ഫൈൻ ഈടാക്കിയത് =0

കുറവ് =40905/-രൂപ

(3)പുല്ലാംക്കുന്ന് എസ്.സി കോളനി സംരക്ഷണം ചേലേമ്പ്ര . (കുണ്ടോട്ടി ബ്ലോക്ക് )

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം | 168/17പുല്ലാംക്കുന്ന് എസ്.സി കോളനി ഭവന സംരക്ഷണം ചേലേമ്പ്ര . (കുണ്ടോട്ടി ബ്ലോക്ക് ) | അടങ്കൽ (പി.എ.സി ) | 1000000/-<br>865000<br>(Agreed PAC) |
| കോൺട്രാക്ടർ | ജാബിർ ഉസ്മാൻ(13.5 കുറവ്%) | എഗ്രിമെൻ്റ് | E.E/LSGD /107/15-16/1.12.15/ |
| എം ബുക്ക് | 1113/15-16 | നിർവ്വഹണം | എക്സി.എൻജിനിയർ |
| ബിൽ നം | 145/16-17/26.10.16 | തുക | 1436000/- |

പൂർത്തികരണ കാലാവധി -6 മാസം (1.12.2015 മുതൽ 30.5..2016 വരെ ) (എഗ്രിമെൻ്റ് പ്രകാരമുള്ളത് )

യഥാർത്ഥത്തിൽ പൂർത്തീകരിച്ച തീയ്യതി -16.11.2016 (അവസാന ചെക്ക് മെഷർ )

പൂർത്തീകരണ കാലാവധി - 1.12.2015 മുതൽ 30.5.2016വരെ 180 ദിവസം)

ഫൈൻ ഈടാക്കേണ്ടത്

ദീർഘിപ്പിച്ച നൽകാവുന്നത് -പൂർത്തീകരണ കാലാവധി യുടെ 25% =45 ദിവസം

01.12.2015 മുതൽ 15.2.2016 വരെ 865000 x1% =8650/-

16.2.2016 മുതൽ 30.3.2016 വരെ 865000 x2% =17300/-

ആകെ =25950/-രൂപ

ഫൈൻ ഈടാക്കിയത് =0/-

കുറവ് =25950/-രൂപ

(4)ചിറയ്ക്കൽ -കാനോലി റോഡ് നവീകരണം . (താനൂർബ്ലോക്ക്)

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം | 292/17ചിറയ്ക്കൽ -കാനോലി റോഡ് നവീകരണം . (താനൂർബ്ലോക്ക്) | അടങ്കൽ (പി.എ.സി ) | 1000000/-<br>86900<br>(Agreed PAC) |
| കോൺട്രാക്ടർ | പി.ഹംസ ഹാജി(13.1 കുറവ്%) | എഗ്രിമെൻ്റ് | E.E/LSGD/266/15-16 /1.3.2016/ |
| എം ബുക്ക് | 1336/15-16 | നിർവ്വഹണം | എക്സി.എൻജിനിയർ |
| ബിൽ നം | 263/16-17/31.3.2017 | തുക | 840445/- |

പൂർത്തികരണ കാലാവധി - മാസം (1.3.2016 മുതൽ 30.5.2016 വരെ ) (എഗ്രിമെൻ്റ് പ്രകാരമുള്ളത് )

യഥാർത്ഥത്തിൽ പൂർത്തീകരിച്ച തീയ്യതി -30.1.2017 (അവസാന ചെക്ക് മെഷർ )

പൂർത്തീകരണ കാലാവധി - 1.3.2016 മുതൽ 30.5.2016വരെ 90 ദിവസം )

ഫൈൻ ഈടാക്കേണ്ടത്

ദീർഘിപ്പിച്ച നൽകാവുന്നത് -പൂർത്തീകരണ കാലാവധി യുടെ 25% =23 ദിവസം

01.6.2016 മുതൽ 24.6.2016 വരെ 86900 x1% =8690/-

25.6.2016. മുതൽ .18.7.2016 വരെ 86900 x2% =17380/-

ആകെ =26070/-

ഫൈൻ ഈടാക്കിയത് =0/-

കുറവ് =26070/-രൂപ

(5)മുസ്ലിയാർ അങ്ങാടി മൂച്ചിക്കുണ്ട് എസ്.സി കോളനി റോഡ് . (കുണ്ടോട്ടിബ്ലോക്ക്)

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം | 157/17-മുസ്ലിയാർ അങ്ങാടി | പി.എ.സി | 1000000/- |

| | | | |
|---|---|---|---|
| | മൂച്ചിക്കുണ്ട് എസ്.സി കോളനി റോഡ്-1000000/- . (കുണ്ടോട്ടിബ്ലോക്ക്) | | 780000 (Agreed PAC) |
| കോൺട്രാക്ടർ | കുട്ടിരായിൻ/- (22% കുറവ് ) | എഗ്രിമെൻറ് | E.E/LSGD /226/15-16 /23.2.2016/ |
| എം ബുക്ക് | 1108/15-16 | നിർവ്വഹണം | എക്ലി.എൻജിനിയർ |
| ബിൽ നം | 142/16-17/16.3.2017 | തുക | 773893/- |

പൂർത്തികരണ കാലാവധി - 3മാസം (24.2.2016 മുതൽ 23.5.2016 വരെ ) (എഗ്രിമെൻറ് പ്രകാരമുള്ളത് )

യഥാർത്ഥത്തിൽ പൂർത്തീകരിച്ച തീയ്യതി -6.12.2017 (അവസാന ചെക്ക് മെഷർ )

പൂർത്തീകരണ കാലാവധി - 24.2.2016 മുതൽ 23.5.2016വരെ 90 ദിവസം )

ഫൈൻ ഈടാക്കേണ്ടത്

ദീർഘിപ്പിച്ച നൽകാവുന്നത് -പൂർത്തീകരണ കാലാവധി യുടെ 25% =23 ദിവസം

24.5.2016 മുതൽ 17.6.2016 വരെ 780000 x1% =7800/-

18.6.2016. മുതൽ 21.7.2016 വരെ 780000 x2% =15600/-

ആകെ =23400/-

ഫൈൻ ഈടാക്കിയത് =0/-

കുറവ് =23400/-രൂപ

ഈയിനത്തിൽ ജില്ലാപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 132899/-രൂപ ഉത്തരവാദിയായ കോൺട്രാക്ടറിൽ/കൺവീനറിൽ നിന്നോ ,നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി കൺസോളിഡേറ്റ് ഫണ്ടിൽ അടവാക്കേണ്ടതാണ് .ഇതു സംബന്ധിച്ച് നൽകിയ ഓഡിററ് അന്വേഷണത്തിന്ന് മറുപടി ലഭ്യമാക്കിയിട്ടില്ല

## 3-17 കെട്ടിടങ്ങൾക്ക് ട്രസ്സ് വർക്ക്- പർലിന് അധിക നിരക്ക് അനുവദിച്ചു.

ജില്ലാ പഞ്ചായത്ത് തൻ വർഷം പൂർത്തീകരിച്ചിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ കെട്ടിടങ്ങൾക്ക് മേൽക്കൂര നിർമ്മിച്ചതിന് പർലിൻ/സിംഗിൾ സെക്ഷൻ ഉൾപെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. (DSR 10.16.1). എന്നാൽ ഈ പ്രവൃത്തികളിൽ പർലിൻ /സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് 2015-16 ൽ കൺവീനർ പ്രവൃത്തികൾക്ക് 101.50/kg, കരാർ പ്രവൃത്തികൾക്ക് 118.02/kg ആണ്. 2016-17 ൽ ഇത് യഥാക്രമം 107.11/kg, 123.18/kg

ആണ്. ഇതിന് പകരം മുഴുവൻ പ്രവർത്തികൾക്കും ട്രസ്സ് വർക്കിന്റെ നിരക്ക് അനുവദിച്ചത് വഴി താഴെ പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്.

(1)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 190/17-GHSS എടവണ്ണ -(വണ്ടൂർ ബ്ലോക്ക് )ട്രസ്സ് വർക്ക്)680000 | കോൺട്രാക്ടർ | ശിഹാബുദ്ധീൻ.കെ.ടി (16.73 കുറവ് ) |
| ചെലവ് | 546585 | ബില്ല് | 75/16-17/22.10.16 |
| എംബുക്ക് | 1569/15-16 | എഗ്രിമെൻറ് | EE/LSGD /MPM/364/15-16 /15.6.16 |

| എസ്റ്റിമേറ്റ് ഇനം | പർലിൻ | പർലിൻ | പർലിന് | പർലിന് | അധികം |
|---|---|---|---|---|---|

| | ഉൾപെടെ ചെയ്ത അളവ് | അളവ് | അനുവദിക്കാവുന്നത് | അനുവദിച്ചത് | |
|---|---|---|---|---|---|
| ട്രസ്സ് വർക്ക് -സ്റ്റീൽ വർക്ക് (എസ്റ്റിമേറ്റ്ഇനം(1) | 1112.06kg | 344kg | 40599 (344*118.02kg) | 46199 | 4663 (5600-937(ടെണ്ടർ കുറവ്) =4663 |

.

(2)

| | | | |
|---|---|---|---|
| പ്രോജക്ട് നം | 158/17-GHSS കുഴിമണ്ണ -(അരീക്കോട് ബ്ലോക്ക് )ട്രസ്സ് വർക്ക്)827000/- | കോൺട്രാക്ടർ | മൂസ്സ ഹാജി (17.3% കുറവ് ) |
| ചെലവ് | 823584/- | ബില്ല് | 103/16-17 /20.3.17 |
| എംബുക്ക് | 1642/15-16 | എഗ്രിമെൻറ് | EE/LSGD/MPM/ 192/15-16/8.2.16 |

| എസ്റ്റിമേറ്റ് ഇനം | പർലിൻ ഉൾപെടെ ചെയ്ത അളവ് | പർലിൻ അളവ് | പർലിന് അനുവദിക്കാവുന്നത് | പർലിന് അനുവദിച്ചത് | അധികം |
|---|---|---|---|---|---|
| പ്രൊഫൈൽ ഷീറ്റ് 0.63 mm (എസ്റ്റിമേറ്റ്ഇനം(7) | 5048 kg | 442.60kg | 52236 (@442.60*118.02) | 59419 | 5941 (7183-1242(ടെണ്ടർ കുറവ്)=5941 |

(3)

| | | | |
|---|---|---|---|
| പ്രോജക്ട് നം | 210/17-GHSS -പൂക്കോട്ടൂർ ഗ്രാ.പ (മലപ്പുറം ബ്ലോക്ക് )റിപ്പയർ-490000/- | കൺവീനർ | അബ്ദുൾ റസാക്ക് (H.M ) |
| ചെലവ് | 473560/- | ബില്ല് | 216/16-17 /30.3.17 |
| എംബുക്ക് | 1176/16-17 | എഗ്രിമെൻറ് | EE/LSGD /MPM/138 /16-17 /23.11.16 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | പർലിൻ ഉൾപെടെ ചെയ്ത അളവ് | പർലിൻ അളവ് | പർലിന് അനുവദിക്കാവുന്നത് | പർലിന് അനുവദിച്ചത് | അധികം |
|---|---|---|---|---|---|
| ട്രസ്സ് വർക്ക് -സ്റ്റീൽ (എസ്റ്റിമേറ്റ്ഇനം(3) | 1946.57kg | 510.72kg | 54703 (510.72*107.11) | 62027 (510.72*121.45) | 7324 |

(4)

| | | | |
|---|---|---|---|
| പ്രേജക്റ്റ് നം | 241/17-GHSS -പൂക്കോട്ടൂർ ഗ്രാ.പ (മലപ്പുറം ബ്ലോക്ക് )റിപ്പയർ-495000/- | കൺവീനർ | അബ്ദുൾ റസാക്ക് (H.M ) |
| ചെലവ് | 449894/- | ബില്ല് | 186/16-17 /30.3.17 |
| എംബുക്ക് | 1175/16-17 | എഗ്രിമെൻറ് | EE/LSGD /MPM/134 /16-17 /23.11.16 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | പർലിൻ ഉൾപ്പെടെ ചെയ്ത അളവ് | പർലിൻ അളവ് | പർലിന് അനുവദിക്കാവുന്നത് | പർലിന് അനുവദിച്ചത് | അധികം |
|---|---|---|---|---|---|
| ട്രസ്സ് വർക്ക് -സ്റ്റീൽ (എസ്റ്റി"മേറ്റ്ഇനം(1) | 1380.73kg | 435.25kg | 46620 (@435.25*107.11) | 52861 (435.25*121.45) | 6241 |

(5)) സിംഗിൾ സെക്ഷൻ വർക്ക്

| | | | |
|---|---|---|---|
| പ്രേജക്റ്റ് നം | 177/17-GVHSS വേങ്ങര -(വേങ്ങര ബ്ലോക്ക് )ട്രസ്സ് വർക്ക്)- | കോൺട്രകർ | മുഹമ്മദ്കുട്ടി.പി.കെ (4.5% കുറവ് ) |
| ചെലവ് | 7499991/- | ബില്ല് | 17/16-17/22.8.16 |
| എംബുക്ക് | 1398/15-16 | എഗ്രിമെൻറ് | EE/LSGD /MPM/3144 /15-16/ 8.1.16 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ആകെ അളവ് | സിംഗിൾ സെക്ഷൻ പ്രവൃത്തി, അളവ് | അനുവദിക്കാവുന്നത് | അനുവദിച്ചത് | അധികം |
|---|---|---|---|---|---|
| ട്രസ്സ് വർക്ക് (എസ്റ്റിമേറ്റ്ഇനം(6) | 521.2kg | 521.2kg | 51512 (@521.2*118.02) | 69997 | 17653 (18485-832) ടെണ്ടർ കുറവ്)=17653 |

ഈയിനത്തിൽ ജില്ലാപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 41822/-രൂപ (4663+5941+7324+6241+17653) ഉത്തരവാദിയായ കോൺട്രാക്റ്ററിൽ/കൺവീനറിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിററ് അന്വേഷണത്തിന്ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## **3-18** <u>സ്ഥലലഭ്യത ഉറപ്പ് വരുത്താതെ കുടിവെള്ള പദ്ധതിക്ക് തുക ഡെപ്പോസിറ്റ് ചെയ്തു.</u>

പട്ടിക്കാട് GHSS ലേക്ക് വെള്ളം എത്തിച്ച് നൽകുന്നതിനാണ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തുന്ന 37/17 സ്പിൽ ഓവർ പ്രോജക്ട്. (ഫയൽ P3-774/16) പ്ലാൻ വിഹിതം 675000 രൂപ വകയിരുത്തിയ പ്രോജക്ടിന് ബിൽ 25/23.02.2017 പ്രകാരം 675000 രൂപ പിൻവലിക്കുകയും ചെയിതിട്ടുണ്ട്.

സ്കൂളിൽ നിന്ന് 400 മീറ്റർ അകലെയായി റോഡിന് എതിർ വശം പഴക്കം ചെന്ന വെള്ളമുള്ള കരിങ്കൽ ക്വാറിയിൽ നിന്ന് പായൽ ഒഴിവാക്കി വെള്ളമെടുക്കുന്നതിന് ഒരു സംരക്ഷണ സംവിധാനം ഏർപ്പെടുത്തി (മൂന്ന് മീറ്റർ വ്യാസമുള്ള കിണർ ) വെള്ളം പമ്പ് ചെയ്ത് സ്കൂളിലെ കുടിവെള്ളം ഒഴികെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാണ് പദ്ധതി.കിണർ നിർമാണം, പമ്പ് ഹൗസ് നിർമാണം,പമ്പിങ്ങ് മെയിൻ, വാട്ടർ ടാങ്ക് എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയത്.

ഭരണസമിതിയുടെ 2(1)/29.02.2016 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി യുമായി കരാർ വെക്കുകയും തുക എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, വാട്ടർ അതോറിറ്റി , മലപ്പുറത്തിന്റെ SBI കോട്ടപ്പടി ബ്രാഞ്ചിലെ 67000676537 അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയതിട്ടുണ്ട്.

കരാർ വ്യവസ്ഥ പ്രകാരം പ്രവൃത്തിക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് അനുസരിച്ച് പ്രസ്തുത പ്രവൃത്തി ആറ് മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ് .
പദ്ധതിക്ക് ആവശ്യമായ സ്ഥലം വിട്ട് നൽകുന്നതിന് ജില്ലാ പഞ്ചായത്തിന് സാധ്യമായില്ല എന്നാണ് വാട്ടർ അതോറിറ്റി , എക്സിക്യൂട്ടീവ് എഞ്ചിനീയർ, (പി.എച്ച്.ഡിവിഷൻ)മലപ്പുറത്തിന്റെ 06.06.2017 ലെ കത്തിൽ നിന്ന് വ്യക്തമാവുന്നത്.സ്ഥല ഉടമകളുടെ സമ്മതപത്രം ഹാജരാക്കാൻ നിർദേശിച്ചിരുന്നു എങ്കിലും ഇത് വരെ സമ്മതപത്രം ഹാജരാക്കിയിട്ടില്ല എന്നും സമ്മതപത്രം ഹാജരാക്കിയാൽ മാത്രമെ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുകയുള്ളു എന്നുമുള്ള കത്ത് ഈ വസ്തുത അടിവരയിടുന്നു.ഇതേ വസ്തുത 31.10.2017, കത്തിലും വാട്ടർ അതോറിറ്റി വ്യക്തമാക്കുന്നുണ്ട്.

പണം കൈമാറി 8 മാസത്തിന് ശേഷം 10.11.2017 ൽ മാത്രമാണ് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്താൻ അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് ജില്ലാ പഞ്ചായത്ത് , എ.ഡി.എമ്മിന് കത്ത് നൽകുന്നത് .ഇതിൽ നിന്നും പദ്ധതിക്ക് ആവശ്യമായ സ്ഥലത്തിന്റെ ലഭ്യത ഉറപ്പ് വരുത്താതെയാണ് പ്രോജക്ടുമായി മുന്നോട്ട് പോയത് എന്ന് വ്യക്തമാവുന്നു. പദ്ധതി ആസൂത്രണത്തിൽ വീഴ്ച്ച വന്നതായി വിലയിരുത്തുന്നു.സ്ഥല ലഭ്യത ഉറപ്പ് വരുത്താനാവാതെ തുക ഡെപ്പോസിറ്റ് ചെയ്തത് മൂലം പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതെ പദ്ധതിപണം മുടങ്ങി കിടക്കാൻ ഇടയായി.

സ്ഥല ലഭ്യത ഉറപ്പ് വരുത്താതെ തുക പിൻവലിച്ച നടപടി ക്രമപ്രകാരമല്ല.സ്ഥലം റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ് എന്ന് വ്യക്തമായിട്ടും , ആയത് സംബന്ധിച്ച നടപടി ക്രമങ്ങൾ നേരത്തേ സ്വീകരിക്കാതിരുന്നത് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ വീഴ്ച്ചയാണ്.

പ്രവൃത്തി നിർവഹണത്തിലെ വീഴ്ച്ചകൾ ശ്രദ്ധയിൽ പെടുത്തി നൽകിയ ഓഡിറ്റ് കുറിപ്പിന് വിശദീകരണം ലഭ്യമാക്കിയില്ല.മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 675000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## **3-19** കെട്ടിട നിർമ്മാണം-റൂഫിങ്-പ്രൊഫൈൽഷീറ്റ് -അധിക നിരക്ക് അനുവദിച്ചു-**846449** രൂപ അധികം നൽകി

2016-17 വർഷത്തിൽ പൂർത്തീകരിച്ച താഴെ പറയുന്ന പ്രൊജക്ടുകളിൽ, കെട്ടിടങ്ങളുടെ റൂഫിങ് നടത്തുന്നതിന് 0.35 mm മുതൽ 0.80 mm വരെ കനമുള്ള ജി.ഐ / അലുമിനിയം പൗഡർ കോട്ടോടു കൂടിയ പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ചതായി കാണിച്ച് പണം നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന്റെ ഭാഗമായി ക്രമനം. 1,2 പ്രൊജക്ടുകൾ ഭൗതിക പരിശോധന നടത്തിയതിൽ, ക്രമ നമ്പർ 1ൽ 0.45 എം.എം കനമുള്ള ഷീറ്റാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് കണ്ടു. എന്നാൽ പ്രൊജക്ടിന്റെ എം ബുക്ക് പ്രകാരം 0.60എം.എം കനമുള്ള ഷീറ്റ് ഉപയോഗിച്ചതിനാണ് പണം നൽകിയിട്ടുള്ളത് . അതു പോലെ ക്രമ നമ്പർ 2 പ്രൊജക്ടിൽ എം ബുക്ക് പ്രകാരം 0.80 എം.എം കനമുള്ള പോളി കാർബണേറ്റ് ഷീറ്റ് റൂഫിംഗിന് ഉപയോഗിച്ചതായി കാണിച്ച് പണം നൽകിയിട്ടുണ്ട്.. എന്നാൽ ഭൗതികമായി പരിശോധിച്ചപ്പോൾ, ഷീറ്റിന്റെ കനം, നിർമ്മാതാവിന്റെ പേര്, ഐ.എസ്.ഐ മാർക്ക് എന്നിവ വ്യക്തമാക്കുന്ന പ്രിന്റ് ഒരു ഷീറ്റിൽ പോലും കണ്ടെത്താനായില്ല. ഇതിൽ നിന്നും നിശ്ചിത ഗുണവും, കനവുമുള്ള ഷീറ്റല്ല മേയുന്നതിന് ഉപയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ, ക്രമ നമ്പർ 1,2,3 പ്രൊജക്ടുകളിൽ ഉണ്ടായ നഷ്ടം കണക്കാക്കി തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്. അതുപോലെ, ക്രമ നമ്പർ 4 മുതൽ 12 വരെയുള്ള പ്രൊജക്ടുകളിൽ പ്രസ്തുത പ്രൊജക്ടുകളുടെ അളവ് പുസ്തകങ്ങളിൽ രേഖപ്പെടുത്തിയ റൂഫിംഗ് ഷീറ്റുകൾ തന്നെയാണോ ഉപയോഗിച്ചിട്ടുള്ളത് എന്ന് പരിശോധിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

(1)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 290/17- പ്രതീക്ഷാലയം ഡേ-കെയർ സെൻെറർ-ആനക്കയം ഗ്രാ.പ (മലപ്പുറം ബ്ലോക്ക് )കെട്ടിടം-1118000/ | കോൺട്രകർ | മുഹമ്മമ്മദ് മുസ്തഫ (9.99% കുറവ് ) |
| ചെലവ് | 766397/- | ബില്ല് | 79/16-17 /22.11.16 |
| എംബുക്ക് | 1171/15-16 | എഗ്രിമെൻറ് | EE/LSGD |

| | | | |
|---|---|---|---|
| | | | /MPM/210 /15-16/ 20.5.16 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് |
|---|---|
| പ്രൊഫൈൽ ഷീറ്റ് 0.45 mm (എസ്റ്റിമേറ്റ്ഇനം(7) | 177.88M² |

2

| | | | |
|---|---|---|---|
| പ്രോജക്ട് നം | 210/17-GHSS -പൂക്കോട്ടൂർ ഗ്രാ.പ (മലപ്പുറം ബ്ലോക്ക് )റിപ്പയർ-490000/- | കൺവീനർ | അബ്ദുൾ റസാക്ക് (H.M ) |
| ചെലവ് | 473560/- | ബില്ല് | 216/16-17/30.3.17 |
| എംബുക്ക് | 1176/16-17 | എഗ്രിമെൻറ് | EE/LSGD /MPM/138/16-17 /23.11.16 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് |
|---|---|
| പ്രൊഫൈൽ ഷീറ്റ് 0.80 m m mm(പോളികാർബണേറ്റ് ) (എസ്റ്റിമേറ്റ്ഇനം(4)<br>(ബില്ല് ഹാജരാക്കിയിട്ടില്ല) | 233.22M² |

3

| | | | |
|---|---|---|---|
| പ്രോജക്ട് നം | 241/17-GHSS -പൂക്കോട്ടൂർ ഗ്രാ.പ (മലപ്പുറം ബ്ലോക്ക് )റിപ്പയർ-495000/- | കൺവീനർ | അബ്ദുൾ റസാക്ക് (H.M ) |
| ചെലവ് | 449894/- | ബില്ല് | 186/16-17/30.3.17 |
| എംബുക്ക് | 1175/16-17 | എഗ്രിമെൻറ് | EE/LSGD /MPM/134/16-17 /23.11.16 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് |
|---|---|
| പ്രൊഫൈൽ ഷീറ്റ് 0.80 m m m mm mm(പോളികാർബണേറ്റ്,ട്രാൻസ്പേരൻെറ് ) (എസ്റ്റിമേറ്റ്ഇനം(4)<br>(ബില്ല് ഹാജരാക്കിയിട്ടില്ല) | 234.06M² |

4

| | | | |
|---|---|---|---|
| പ്രോജക്ട് നം | 961/17-DGHS താനാളൂർ-പുനരുദ്ധാരണം (താനാളൂർ ഗ്രാ.പ )(താനൂർ ബ്ലോക്ക് )-/-10000000/- | കരാറുകാരൻ | അബ്ദുൾ ഹമീദ് (22.45 % കുറവ് |
| ചെലവ് | 699233/- | ബില്ല് | 305/16-17/ 30.3.17 |
| എംബുക്ക് | 1341/15-16 | എ വഗ്രിമെൻറ് | EE/LSGD /MPM/3054 /16-17/ 1.2.17 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് |
|---|---|
| പ്രൊഫൈൽ ഷീറ്റ് 0.65 mm (എസ്റ്റിമേറ്റ്ഇനം-2 ) | 390.64$M^2$ |

5

| | | | |
|---|---|---|---|
| പ്രോജക്ട് നം | 54/17-GHSS മോഡൽ )കാലിക്കറ്റ് യൂണിവേഴ്സിറ്റി മെസ്സ് ഹാൾ -(തിരൂരങ്ങാടി ബ്ലോക്ക് )ട്രസ്സ് വർക്ക്) 1700000 | കോൺട്രാക്ടർ | (6.2കുറവ് ) ഹഫ്സൽ .ഇ.കെ |
| ചെലവ് | 1594319/- | ബില്ല് | 77/16-17 /22.8.16 |
| എംബുക്ക് | 1378/15-16 | എഗ്രിമെൻറ് | EE/LSGD /MPM/81/15-16 /3.10.15 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് |
|---|---|
| പ്രൊഫൈൽ ഷീറ്റ്.(63 mm ) (എസ്റ്റിമേറ്റ് ഇനം(15) | 181.86 $M^2$ |

6

| | | | |
|---|---|---|---|
| പ്രോജക്ട് നം | 190/17-GHSS എടവണ്ണ -(അരീക്കോട് ബ്ലോക്ക് )ട്രസ്സ് വർക്ക്)680000 | കോൺട്രാക്ടർ | ശിഹാബുദ്ധീൻ.കെ.ടി (16.73 കുറവ് ) |
| ചെലവ് | 546585 | ബില്ല് | 75/16-17/22.10.16 |
| എംബുക്ക് | 1569/15-16 | എഗ്രിമെൻറ് | EE/LSGD/MPM/364 /15-16/15.6.16 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് |
|---|---|
| പ്രൊഫൈൽ ഷീറ്റ് 0.63 mm (എസ്റ്റിമേറ്റ്ഇനം(8) | 171.65$M^2$ |

7

| | | | |
|---|---|---|---|
| പ്രോജക്ട് നം | 238/17-VHSS പേരശന്നൂർ -(കുറ്റിപ്പുറം ബ്ലോക്ക് )ട്രസ്സ് വർക്ക്)490000 | കൺവീനർ | കൃഷ്ണദാസ്.കെ.ടി |
| ചെലവ് | 394038/- | ബില്ല് | 175/16-17/22.10.16 |
| എംബുക്ക് | 1686/16-17 | എഗ്രിമെൻറ് | EE/LSGD/MPM/3155 /15-16/ 22.12.16 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് |
|---|---|
| പ്രൊഫൈൽ ഷീറ്റ് 0.63 mm (എസ്റ്റിമേറ്റ്ഇനം(4) | 284.2$M^2$ |

8

| | | | |
|---|---|---|---|
| പ്രോജക്ട് നം | 285/17GHSS മാട്ടുമ്മൽ -(കുറ്റിപ്പുറം ബ്ലോക്ക് )ട്രസ്സ് വർക്ക്)1500000/- | കൺവീനർ | കെ.ടി രാമകൃഷ്ണൻ |
| ചെലവ് | 1500000/- | ബില്ല് | 98/16-17/31.12.16 |

| | | | |
|---|---|---|---|
| എംബുക്ക് | 1142/15-16 | എഗ്രിമെൻറ് | EE/LSGD /MPM/700/14-16/ 22.2.15 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് |
|---|---|
| പ്രൊഫൈൽ ഷീറ്റ് 0.63 mm ( എസ്റ്റിമേറ്റ്ഇനം(10) | 460.10$M^2$ |

9

| | | | |
|---|---|---|---|
| പ്രേജക്ട് നം | 177/17-GVHSS വേങ്ങര -(വേങ്ങര ബ്ലോക്ക് )ട്രസ്സ് വർക്ക്)- | കോൺട്രകർ | മുഹമ്മദ്കുട്ടി.പി.കെ (4.5% കുറവ് ) |
| ചെലവ് | 749991/- | ബില്ല് | 17/16-17/22.8.16 |
| എംബുക്ക് | 1398/15-16 | എഗ്രിമെൻറ് | EE/LSGD/MPM/3144 /15-16/ 8.1.16 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് |
|---|---|
| പ്രൊഫൈൽ ഷീറ്റ് 0.63 mm (എസ്റ്റിമേറ്റ്ഇനം(7) | 35.07$M^2$ |

10

| | | | |
|---|---|---|---|
| പ്രേജക്ട് നം | 585/17-GHSS -ഒതുക്കുങ്ങൽ ഗ്രാ.പ (മലപ്പുറം ബ്ലോക്ക് )പുന:രുദ്ധാരണം | കോൺട്രകർ | ഫബിദ് റഹ്മാൻ (14.04% കുറവ് ) |
| ചെലവ് | 424570/- | ബില്ല് | 288/16-17/30.3.17 |
| എംബുക്ക് | 1166/15-16 | എഗ്രിമെൻറ് | EE/LSGD /MPM/3177/16-17/ 29.12.16 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് |
|---|---|
| പ്രൊഫൈൽ ഷീറ്റ് 0.50 mm (എസ്റ്റിമേറ്റ്ഇനം(4) | 300.84$M^2$ |

11.

| | | | |
|---|---|---|---|
| പ്രേജക്ട് നം | 48/17-GVHSS -തലക്കാട് ഗ്രാ.പ (തിരൂർ ബ്ലോക്ക് )സ്റ്റേജ് നിർമ്മാണം | കൺവീനർ | ഉമ്മർ .എടപ്പെറ്റ (എച്ച്.എം ) |
| ചെലവ് | 260052/- | ബില്ല് | 173/16-17/30.3.17 |
| എംബുക്ക് | 1439/15-16 | എഗ്രിമെൻറ് | EE/LSGD /MPM/304/15-16/ 30.3.16 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് |
|---|---|
| പ്രൊഫൈൽ ഷീറ്റ് 0.50 mm (എസ്റ്റിമേറ്റ്ഇനം(12) | 89.04$M^2$ |

12

| | | | |
|---|---|---|---|
| പ്രേജക്ട് നം | 176/17-GHSS -കരുവാരകുണ്ട് ഗ്രാ.പ (കാളികാവ് ബ്ലോക്ക് )റിപ്പയർ-1000000/- | കോൺട്രാക്ടർ | യൂസഫലി (11.80 % കുറവ് ) |

| | | | |
|---|---|---|---|
| ചെലവ് | 882000/- | ബില്ല് | 137/16-17/30.3.17 |
| എംബുക്ക് | 1765/16-17 | എഗ്രിമെൻറ് | EE/LSGD /MPM/171/15-16/ 15.1.16 |

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് |
|---|---|
| പ്രൊഫൈൽ ഷീറ്റ് 0.50 mm (എസ്റ്റിമേറ്റ്ഇനം(9) | $15.62M^2$ |

## 3-20 ടെണ്ടർ ഫോം വില അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പ്-12595851/-രൂപ

2016-17 പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഇ-ടെണ്ടർ നിലവിൽ വന്ന ശേഷം മറ്റ് തദ്ദേശ സ്ഥാപനങ്ങളിലെ ടെണ്ടർ ഫോം വില യായി ഈടാക്കുന്ന തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിൽ ആണ് വരവ് വച്ചിട്ടുള്ളത് ആയത് അതാത് പഞ്ചായത്തുകൾക്ക് തിരിച്ച് നൽകുന്നതിനാണ് വ്യവസ്ഥയുള്ളത് .പരിശോധനയിൽ എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിൽ (നം -67249227580/-എസ്.ബി.ഐ )12595851/-രൂപ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു.ഈ തുക യുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.തുക അതാത് പഞ്ചായത്തുകൾക്ക് കൈമാറുന്നതിന്ന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-21 കെട്ടിട നിർമ്മാണത്തിന് സർവ്വീസ് ടാക്സ് വകയിരുത്താത്തത് സംബന്ധിച്ച്

താഴേപ്പറയുന്ന കെട്ടിടനിർമ്മാണ പ്രവർത്തികളിൽ സർവ്വീസ് ടാക്സ് നിയമപ്രകാരം ഈടാക്കി കേന്ദ്രസർക്കാരിലേക്ക് ഒടുക്കേണ്ട സർവ്വീസ് ടാക്സ് ഒടുക്കിയിട്ടില്ല.ഈയിനത്തിൽ കേന്ദ്രസർക്കാരിന് ഉണ്ടായ നഷ്ടം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

(1)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 190/17-GHSS വണ്ടൂർ -(വണ്ടൂർ ബ്ലോക്ക് )കെട്ടിട നിർമ്മാണം1250000/- | കോൺട്രാക്ടർ | അബ്ദുൾ ലത്തീഫ് (10%കുറവ് ) |
| ചെലവ് | 1122010/- | ബില്ല് | 50/16-17 /22.10.16 |
| എംബുക്ക് | 345/16-17 | എഗ്രിമെൻറ് | EE/LSGD /MPM/38/16-17 /27.5.16 |
| സർവ്വീസ് ടാക്സ് =1122010 x10.5%=117811/-രൂപ | | | |

(2)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 54/17-GHSS മോഡൽ )കാലിക്കറ്റ് യൂണിവേഴ്സിറ്റി മെസ്സ് ഹാൾ -(തിരൂരങ്ങാടി ബ്ലോക്ക് )ട്രസ്സ് വർക്ക്) 1700000 | കോൺട്രാക്ടർ | (6.2കുറവ് ) ഹഫ്സൽ .ഇ.കെ |
| ചെലവ് | 1594319/- | ബില്ല് | 77/16-17 /22.8.16 |
| എംബുക്ക് | 1378/15-16 | എഗ്രിമെൻറ് | EE/LSGD /MPM/81/15-16 /3.10.15 |
| സർവ്വീസ് ടാക്സ് =1594319 x10.5%=167403/-രൂപ | | | |

(3)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 290/17- പ്രതീക്ഷാലയം ഡേ-കെയർ സെൻെറർ-ആനക്കയം ഗ്രാ.പ (മലപ്പുറം ബ്ലോക്ക് )കെട്ടിടം-1118000/ | കോൺട്രകർ | മുഹമ്മദ് മുസ്തഫ (9.99% കുറവ് ) |
| ചെലവ് | 766397/- | ബില്ല് | 79/16-17 /22.11.16 |
| എംബുക്ക് | 1171/15-16 | എഗ്രിമെൻറ് | EE/LSGD /MPM/210 /15-16/ 20.5.16 |

| |
|---|
| സർവ്വീസ് ടാക്സ് =766397 x10.5%=80471/-രൂപ |

(4)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 547/17-GHSS മുണ്ടേരി പുന: (പേത്തുകൽ ഗ്ര.പ ) -500000/ | കോൺടകർ | ചേക്കു.വി.പി (19.99% കുറവ് ) |
| ചെലവ് | 385401/- | ബില്ല് | 130/16-17/30.3.17 |
| എംബുക്ക് | 1229/15-16 | എഗ്രിമെൻറ് | EE/LSGD/MPM/175 /16-17/ 29.12.16 |
| സർവ്വീസ് ടാക്സ് =385401 x10.5%=40467/-രൂപ | | | |

(5)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 548/17 -GHSSമരുത (വഴിക്കടവ് ഗ്രാ.പ) പുന1000000/- | കോൺടകർ | ചേക്കു.വി.പി (27.45% കുറവ് ) |
| ചെലവ് | 723468/- | ബില്ല് | 1213/16-17/30.3.17 |
| എംബുക്ക് | 1215/15-16 | എഗ്രിമെൻറ് | EE/LSGD/MPM/176 /15-16/ 29.12.16 |
| സർവ്വീസ് ടാക്സ് = 723468x10.5% =75964/-രൂപ | | | |

(6)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 549/17- GHSS മൂത്തേടം പുന: (മൂത്തേടം ഗ്ര.പ )1000000/ | കോൺടകർ | അബ്ദുൾ ഹമീദ് (% കുറവ് ) |
| ചെലവ് | 749963/- | ബില്ല് | 126/16-17/22.11.16 |
| എംബുക്ക് | 1218/15-16 | എഗ്രിമെൻറ് | EE/LSGD/MPM/161 /16-17/ 20.12.16 |
| സർവ്വീസ് ടാക്സ് =749963 x10.5%=78446/-രൂപ | | | |

(7)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 961/17-DGHS താനാളൂർ-പുനരുദ്ധാരണം (താനാളൂർ ഗ്രാ.പ )(താനൂർ ബ്ലോക്ക് )-/-10000000/- | കരാറുകാരൻ | അബ്ദുൾ ഹമീദ് (22.45 % കുറവ് |
| ചെലവ് | 699233/- | ബില്ല് | 305/16-17/ 30.3.17 |
| എംബുക്ക് | 1341/15-16 | എഗ്രിമെൻറ് | EE/LSGD /MPM/3054 /16-17/ 1.2.17 |
| സർവ്വീസ് ടാക്സ് =699233 x10.5%=73419/-രൂപ | | | |

കെട്ടിട നിർമ്മാണ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തുകയുടെ നിശ്ചിത ശതമാനം സർവ്വീസ് ടാക്സ് (സർവ്വീസ് ടാക്സ് ആക്ട് പ്രകാരം) വകയിരുത്തി ആയത് കേന്ദ്ര സർവ്വീസ് ടാക്സ് വകപ്പിൽ അടവാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്

.എന്നാൽ മേൽ പ്പറഞ്ഞ 2016-17 ൽ നിർവ്വഹണം നടത്തി പൂർത്തിയാക്കിയ പ്രവർത്തികളിൽ ആയത് പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 3-22 എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം -രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം - കാഷ് ബുക്കും, പ്രൊജക്ട് രജിസ്റ്ററും, ഫയലുകളും സൂക്ഷിക്കുന്നതിലെ ന്യൂനതകൾ.

കാഷ് ബുക്ക്

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹിച്ച പ്രൊജക്ടുകളുടെയെല്ലാം ബിൽ തുക ട്രഷറി ബിൽ മുഖേനയാണ് നൽകിയിട്ടുള്ളത്. ആയതിനാൽ, എല്ലാ ട്രഷറി ബില്ലുകൾക്കും ബിൽ നമ്പർ നൽകി, ബിൽ കാഷ് ചെയ്ത ശേഷം കാഷ് ബുക്കിൽ തുടർച്ചയായി വൗച്ചർ നമ്പർ നൽകി, ബിൽ നമ്പർ ഉൾപ്പെടെയുള്ള വിവരം രേഖപ്പെടുത്തി ക്യാഷ് ബുക്ക് സൂക്ഷിച്ചെങ്കിൽ മാത്രമേ കാഷ് ബുക്കും ട്രഷറി ബിൽ ബുക്കും വൗച്ചറുകളും തമ്മിൽ ഒത്തു നോക്കി ചെലവിന്റെ കൃത്യത പരിശോധിക്കാൻ കഴിയൂ. എന്നാൽ കാഷ് ബുക്ക് ഇപ്രകാരമല്ല

സൂക്ഷിച്ചിട്ടുള്ളത്. അതുപോലെ ട്രഷറി ബിൽ ബുക്കിൽ ബില്ലുകൾക്ക് ബിൽ നമ്പറും ക്രമനമ്പറും ഒരേ പോലെ നൽകിയിട്ടുണ്ട്. എന്നാൽ ഈ ബില്ലുകൾ ഏത് പ്രൊജക്ടുകളുടേതാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. വൗച്ചറുകളിൽ വൗച്ചർ നമ്പരുകളും രേഖപ്പെടുത്തി. ആയതിനാൽ, ബിൽ മാറിയ തീയ്യതി അടിസ്ഥാനമാക്കിയല്ലാതെ, മറ്റ് ഒരു വിധത്തിലും കാഷ് ബുക്കും വൗച്ചറുകളും തമ്മിൽ ഒത്തു നോക്കാൻ സാധ്യമല്ലാത്ത അവസ്ഥയാണുള്ളത്. 90%ൽ അധികം ബില്ലുകളും മർച്ച് മാസത്തിൽ മാറിയതിനാൽ, ഈ രീതിയിലുള്ള പരിശോധനയും പ്രയാസകരമാണ്.

പ്രൊജക്ട് രജിസ്റ്റർ

തൻവർഷം അംഗീകാരം ലഭിച്ച എല്ലാ പ്രൊജക്ടുകളുടെയും ചെലവ് വിവരം ഒഴികെയുള്ള മറ്റ് എല്ലാ വിവരങ്ങളും പ്രൊജക്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊജക്ടുകളുടെ ചെലവ് വിവരം രേഖപ്പെടുത്താത്തതിനാൽ ഈ രജിസ്റ്റർ കൊണ്ട് യാതൊരു പ്രയോജനവും ഇല്ല.

ഫയൽ സൂക്ഷിപ്പ്

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

എ) സ്പിൽ ഓവർ പ്രൊജക്ടുകളായി തൻവർഷം നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ ഫയലിൽ പ്രസ്തുത പ്രൊജക്ടുകൾ അടക്കം ചെയ്യുകയോ, സ്പിൽ ഓവർ പ്രൊജക്ട് നമ്പർ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതിനാൽ ഏത് സ്പിൽ ഓവർ പ്രൊജക്ട് പ്രകാരമാണ് തൻവർഷം നിർവ്വഹണം നടത്തിയതെന്ന് പരിശോധിക്കാൻ യാതൊരു മാർഗ്ഗവും ഇല്ല.

ബി) പ്രൊജക്ടുകൾ പ്രകാരം തുക പിൻവലിച്ച ട്രഷറി ബില്ലുകളുടെ കോപ്പി അതത് ഫയലുകളിൽ അടക്കം ചെയ്യാതെ പ്രത്യേകം കെട്ടുകളാക്കി സൂക്ഷിച്ചിരിക്കയാണ്.പണമാക്കി മാറ്റിയ ട്രഷറി ബില്ലുകൾക്ക് വൗച്ചർ നമ്പർ നല്കാത്തതും; പ്രൊജക്ട് ഫയലുകളിൽ ബിൽ കോപ്പി അടക്കം ചെയ്യാത്തതും, സ്പിൽ ഓവർ പ്രൊജക്ട് നമ്പർ രേഖപ്പെടുത്താത്തതും, ട്രഷറി ബിൽ ബുക്കിൽ അതത് ബില്ലുകൾക്ക് നേരെ പ്രൊജക്ട് നമ്പർ രേഖപ്പെടുത്താത്തതുമായ സാഹചര്യത്തിൽ ഓരോ ബില്ലുകളും ഏതേത് പ്രൊജക്ടുകളുടേതാണെന്ന് പരിശോധിക്കുക പ്രയാസകരമാണ്.മേൽ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

## 3-23 ഡെപ്പോസിറ്റ് പ്രവർത്തി - പൂർത്തിയായില്ല.

തിരുനാവായ ത്വരിത കടിവെള്ള പദ്ധതി, ചെറിയമുണ്ടം താനാളൂർ പഞ്ചായത്തുകളിലേക്ക് ലൈൻ നീട്ടൽ എന്നീ രണ്ട് പ്രവൃത്തികൾക്കായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തി നാൽപത് ലക്ഷം രൂപ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് | തുക | ബിൽ നമ്പർ | റിമാർക്സ് |
|---|---|---|---|
| 1213/17 തിരുനാവായ ത്വരിത കടിവെള്ള പദ്ധതി | 2000000 | 38/28.03.2017 | വാട്ടർ അതോറിറ്റി എടപ്പാൾ ഡിവിഷന്റെ 67144691382 അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകി. |
| 1217/17 തിരുനാവായ ത്വരിത കടിവെള്ള പദ്ധതി | 1000000 | 39/28.03.2017 | |
| 1214/17 ചെറിയമുണ്ടം താനാളൂർ പഞ്ചായത്തുകളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 1000000 | 41/28.03.2017 | |

നിലവിലുള്ള കടിവെള്ള പദ്ധതികൾ വിപുലീകരിക്കുന്നതിനും, പൈപ്പ് ലൈൻ നീട്ടുന്നതിനുമാണ് പ്രോജക്ടിൽ തുക വകയിരുത്തുന്നത്.എന്നാൽ വിപുലീകരിക്കുന്നതിന് ആവശ്യമായ വെള്ളം നിലവിലെ സ്രോതസ്സിൽ ഉണ്ടോ എന്നത് സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ രേഖപ്പെടുത്തിയിട്ടും ഇല്ല.

വാട്ടർ അതോറിറ്റി തയ്യാറാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് അടിസ്ഥാനമാക്കിയാണ് തുക നൽകുന്നത്.കരാർ കാലവധിക്ക് പ്രവർത്തി പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.പ്രവർത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കേണ്ടതാണ് എന്ന് നിർദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കിയില്ല.വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക നാൽപത് ലക്ഷം രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-24 കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിച്ചത് കാരണം 5898 രൂപ അധികച്ചെലവ്.

ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ച് 20 എം.എം മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിന്, പ്ലിൻത് ലെവൽ വരെ, 4.1.3 സ്പെസിഫിക്കേഷനാണ് അനുവദനീയമായിട്ടുള്ളത്. കെട്ടിടങ്ങളുടെ തറ കോൺക്രീറ്റ് ചെയ്യുമ്പോൾ ചെയ്യുന്നതുപോലെ ഫ്ലോറിൽ കോൺക്രീറ്റ് ലെവൽ ചെയ്ത് പരത്തി അടിച്ചമർത്തി വൃത്തിയായി വിരിക്കേണ്ടതിന്റെ ആവശ്യകത റോഡ് കോൺക്രീറ്റ് ചെയ്യുമ്പോൾ ഇല്ലാത്തതിനാൽ, 20 എം.എം മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിൽ റോഡ്/ഫുട്പാത്ത് /ഡ്രൈനേജ് കോൺക്രീറ്റ് ചെയ്യുന്നതിനും 4.1.3 സ്പെസിഫിക്കേഷൻ തന്നെയാണ് അനുവദനീയം. എന്നാൽ ഇതിന് വിരുദ്ധമായി തൻവർഷം നിർവ്വഹിച്ച താഴെ പറയുന്ന പ്രൊജക്ടുകളിൽ 4.1.3ന് പകരം ഫ്ലോറിംഗിന് അനുവദനീയമായിട്ടുള്ള 11.7

സ്പെസിഫിക്കേഷൻ അനുവദിച്ചിട്ടുണ്ട്. ഇത് കാരണം പ്രസ്തുത പ്രൊജക്കുകളിൽ താഴെ വിശദമാക്കിയ പ്രകാരം അധികച്ചെലവ് വന്നിട്ടുണ്ട്. 2015-16 ൽ സാങ്കേതിക അനുമതി ലഭിച്ച ചില പ്രൊജക്കുകളിലും, 2016-17 ൽ സാങ്കേതിക അനുമതി ലഭിച്ച ഭൂരിഭാഗം പ്രൊജക്കുകളിലും, 4.1.3 സ്പെസിഫിക്കേഷനാണ് ഇതേ പ്രവൃത്തിക്ക് അനുവദിച്ചിട്ടുള്ളത് എന്നത് പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു.

(1)

| പ്രൊജക്ടിന്റെ വിവരം | 11.7 സ്പെസിഫിക്കേഷൻ അനുസരിച്ച് നിർവ്വഹിച്ച പ്രവൃത്തി (എം3), അനുവദിച്ച പ്രതിഫലം(രൂപ) | 4.1.3 സ്പസിഫിക്കേഷൻ അനുസരിച്ച് അനുവദിക്കാവുന്ന പ്രതിഫലം | അധികം നൽകിയ തുക |
|---|---|---|---|
| 1) 57/17<br>കല്ലിങ്ങല് ഹോമിയോ റോഡ് പുനരുദ്ധരണം<br>അടങ്കൽ:1224750.00 MG(R)<br>ചെലവ്: 1218278.00<br>ബിൽ നം.11/18.8.16<br>T.S.No.126/26.8.15<br>(DSR2014-COI.1.3048)<br>കരാർ നം.141/6.1.16 (18.35%കുറവ്)<br>എം.ബുക്ക്:1145/15-16 | ഇനം.3<br>18.90x7514.60=142025.94 | 18.90X7132.42=134802.73 | 7223.21=<br>5898 (18.35%ടെണ്ടർ കുറവ് പരിഗണിച്ച ശേഷം) |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ തുക നിർവ്വഹണോദ്യേഗസ്ഥനിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്

## 3-25 സ്ലാബ് നിർമ്മാണം അധിക നിരക്ക് അനുവദിച്ചു -12367 രൂപ അധികം നൽകി

| പ്രേജക്റ്റ് നം | 190/17-GHSS വണ്ടൂർ -(വണ്ടൂർ ബ്ലോക്ക് )കെട്ടിട നിർമ്മാണം1250000/- | കോൺട്രാക്ടർ | അബ്ദുൾ ലത്തീഫ് (10%കുറവ് ) |
|---|---|---|---|
| ചെലവ് | 1122010 | ബില്ല് | 50/16-17 /22.10.16 |
| എംബുക്ക് | 345/16-17 | എഗ്രിമെൻറ് | EE/LSGD /MPM/38/16-17 /27.5.16 |

മേൽ പ്രവർത്തിയുടെ എസ്റ്റിമേറ്റ് ഇനം-4 പ്രകാരം ചുവടെ ചേർത്തിരിക്കുന്ന അളവിലുള്ള കവറിങ് സ്ലാബ് നിർമ്മാണമാണ് .

കവറിങ് സ്ലാബ് - 34 Nos x1 x0.5 x 0.15 & 11 Nos 1.2 X0.6 X0.15 =25.12 എം$^3$

ടി അളവിൽ സ്ലാബ് നിർമ്മിക്കുന്നതിന്ന് ഇനം 5-9-3 പ്രകാരം (@547.01/എം2)അടി ഭാഗത്തും ഇനം 5-9-1 പ്രകാരവുമുള്ള (@267.55/എം2) ഫോം വർക്ക് പ്രവർത്തി നിരക്ക് അനുവദിച്ച കൊണ്ടാണ് അടങ്കൽ തയ്യാറാക്കിയതും മൂല്യനിർണ്ണയം നടതത്തിയതും ജില്ലാ പഞ്ചായത്ത് ഓഡിററ് വർഷം നടപ്പാക്കിയ ഇത്തരം പ്രവർത്തികളിൽ സ്ലാബ് പ്രി ഫാബ്രിക്കേറ്റഡ് ആയി വശങ്ങളിൽ മാത്രം ഇനം 5-9-1 പ്രകാരവുമുള്ള (@267.55/എം2) നിരക്ക് അനുവദിച്ച് കൊണ്ടാണ് . എന്നാൽ ഈ പ്രവർത്തിയിൽ മാത്രം അടിഭാഗത്തിനും ഫോം വർക്ക് നിരക്ക് അനുവദിച്ചത് വഴി ജില്ലാ പഞ്ചായത്തിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു

| അളവ് | നിരക്ക് | ചെലവ് |
|---|---|---|
| 25.12 എം2 | 547.01/എം2 | 13740.89 |

മൊത്തം 42.1 മീറ്റർ നീളത്തിൽ 29 സ്ലാബ്കളാണ് നിർമ്മിച്ചിട്ടുള്ളത് .ആയതിൻെറ അടിഭാഗത്തി ൻെറ പരപ്പ് അളവിന്ന് മുഴുവനായും

നിരക്ക് അനുവദിച്ചിട്ടുണ്ട്. ഡ്രൈനേജിൻെറ ചുമരിനോട് ചേർന്ന ഭാഗത്തിനും നിരക്ക് അനുവദിച്ചത് വഴി 6909 /രൂപ (42.1 x0.3 =12.60 m2 @547.01 )സാങ്കേതിക ഉദ്യോഗസ്ഥൻെറ മൂല്യനിർണ്ണയത്തിൽ വന്ന പിശകം, ബാക്കി 6831.89 /-രൂപ (13740.89 -6909 ) അടങ്കൽ തയ്യാറാക്കിയതിൽ വന്ന പിശകമാണ് ആകെ 13740.89/-രൂപയിൽ 10 ശതമാനം ടെണ്ടർ കിഴിച്ചുള്ള 12367/- വ്യക്തമായ നഷ്ടത്തിൽ ഉൾപ്പെടുത്തുന്നു.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിററ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്

## **3-26** സെൻെററിങ് ഷട്ടറിങ് അധിക നിരക്ക് അനുവദിച്ചു-**290674** രൂപ നിരാകരിക്കുന്നു.

(1)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 97/17-മണ്ണാത്തിപ്പറമ്പ് കനാൽപ്പാടം കനാൽ നിർമ്മാണം-(വേങ്ങര ഗ്രാ.പ )1500000/- | കൺവീനർ | 71714/2016-17,മൻസൂർ |
| ചെലവ് | 1500000/- | ബില്ല് | 39/16-17/29.8.16 |
| എംബുക്ക് | 1027/15-16 | എഗ്രിമെൻറ് | EE/LSGD/MPM/746 /14-15/17.3.15 |

മേൽ പ്രവർത്തിയിൽ ഡ്രൈനേജ് നിർമ്മാണത്തിന്ന് വേണ്ടി 0.75 സെ.മി മണ്ണ് കുഴിച്ചെടുത്ത് (1.40 സെമി വീതിയും 172 മീറ്റർ നീളം -ഐറ്റം -1) 0.35 സെ.മി കനത്തിൽ റഫ് സ്റ്റോൺ ഡ്രൈ പാക്കിങ് (ഐറ്റം -3) ,0.17 സെ.മി കനത്തിൽ സി.സി 1:4:8 (ഐറ്റം -4 )ചെയ്തിട്ടുണ്ട് .കൂടാതെ 80.സെ.മി ഉയരത്തിൽ ഡ്രൈനേജ് വാൾ (ഐറ്റം -6),ഇനം - 7 പ്രകാരം സെൻെററിങ് ഷട്ടറിങ് (5.9.2 )എന്നിവ ചെയ്തിട്ടുണ്ട് .വിശദവിവരം ചുവടെ കൊടുക്കുന്നു

(1)എസ്റ്റിമേറ്റ് ഇനം(7)സെൻെററിങ് ഷട്ടറിങ്

| എണ്ണം | നീളം | ഉയരം | ആകെ |
|---|---|---|---|
| 2x2 | 50 | 0.80 | 160എം2 |
| 2x2 | 50 | 0.80 | 160എം2 |
| 2x2 | 50 | 0.80 | 160എം2 |
| 2x2 | 32.30 | 0.80 | 103.36എം2 |
| | | ആകെ | 583.36 എം2@ |
| ലിമിറ്റഡ് -577.92 എം2 @398.50/എം2=230301/എം2 | | | |

പ്രവൃത്തിയിൽ ഡ്രൈനേജിനുവേണ്ടി എസ്കവേഷൻ നടത്തിയിട്ടുള്ളതിനാലും സൈഡ് വാളിന്റെ ഉയരം 0.80 cm ആയതിനാലും സെൻെററിങ് ഷട്ടറിങ് പ്രവർത്തിക്ക് അനുവദനീയായിട്ടുള്ള ഡി.എസ്.ആർ ഐറ്റം കോഡ് 5.9.1 മാത്രമാണ് .ആയതിൻെറ നിരക്ക് 222.05/എം2 (186.40/115 x100 x1.37 =222.05/എം2 ) ആണ്. ഈയിനത്തിൽ അധികം നൽകിയത് 101974/-രൂപ (230301-128327.13=101974/-)

2.മേൽ പ്രവർത്തിയിൽ റഫ് സ്റ്റോൺ പാക്കിങ് (ഐറ്റം നം-3) 88.49 എം3 (1.40 സെ.മിവീതിയിൽ 0.35 സെ.മി കനത്തിൽ ) ന്ന് 1952.48/എം3നിരക്കിൽ172774.90/രൂപഅനുവദിച്ചിട്ടുണ്ട്. ആയതിന്ന് മുകളിൽ 0.17സെ.മി കനത്തിൽ 1:4:8 സിമൻെറ് കോൺക്രീറ്റ് ചെയ്തതിട്ടുണ്ടുണ്ട് എന്നാൽ എന്നാൽ 0.35സെ.മി കനത്തിൽ റഫ് സ്റ്റോൺ പാക്കിംഗ് ചെയ്തതിന്ന് മുകളിൽ 0.10 സെ.മി കനത്തിൽ മാത്രമേ 1:4:8 സിമൻെറ് കോൺക്രീറ്റ് ചെയ്യേണ്ടതുള്ളൂ .അധികം അനുവദിച്ച 17.84 എം3 ന്ന് 5355.71/എം3 നിരക്കിൽ 95546/-രൂപ യുടെ ചെലവ് അംഗീകരിക്കുന്നില്ല.അധികം അനുവദിച്ച അളവിന്ന്

താഴേപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്

(2) എസ്റ്റിമേറ്റ് ഇനം(4) 1:4:8 സിമൻെറ് കോൺക്രീറ്റ്

| നീളം | വീതി | കനം | ആകെ | അധികം |
|---|---|---|---|---|
| 50 | 1.40 | 0.17 | 11.9 | 4.9 |
| 50 | 1.40 | 0.17 | 11.9 | 4.9 |

| | | | | |
|---|---|---|---|---|
| 50 | 1.40 | 0.17 | 11.9 | 4.9 |
| 37 | 1.40 | 0.17 | 7.69 | 3.14 |
| | | ആകെ | 43.39 എം3 | 17.84 എം3 |
| 43.39 എം3 @5355.71/എം3=232384.26/രൂപ അധികം =95546/-രൂപ | | | | |

2 താഴേപ്പറയുന്ന പ്രവർത്തിയിലും ഡ്രൈനേജിൻെറ ഉയരം 60 സെ.മി ആയിട്ടുള്ളതിനാൽ സെൻെററിങ് ഷട്ടറിങ് പ്രവർത്തിക്ക് അനുവദനീയായിട്ടുള്ള ഡി.എസ്.ആർ ഐറ്റം കോഡ് 5.9.1 മാത്രമാണ് .ആയതിൻെറ നിരക്ക് 256.32/എം2 (സി.പി ഉൾപ്പടെ )ആണ് . സെൻെററിങ് ഷട്ടറിങ് പ്രവർത്തിക്ക് (5.9.2 )നിരക്കായ 470.77/എം2 നൽകിയത് ക്രമപ്രകാരമല്ല .ഈയിനത്തിൽ 268.56എം2 പ്രവർത്തിക്ക് അധികം നൽകിയത് 57593/-രൂപ (126430-68837=57593/-രൂപ) വിശദവിവരം ചുവടെ ചേർക്കുന്നു

| | | | |
|---|---|---|---|
| പ്രേജക്ട് നം | 316/17-മണ്ണാർക്കുണ്ട് കുട്ട്യേപ്പാറ റോഡ് (പറപ്പൂർഗ്രാ.പ )വേങ്ങര ബ്ലോക്ക് -1500000/- | കോൺട്ക്ടർ | സാജിദ് പാക്കട |
| ചെലവ് | 1500000/- | ബില്ല് | 41/16-17/29.8.16 |
| എംബുക്ക് | 1384/15-16 | എഗ്രിമെൻറ് | EE/LSGD /MPM/269/16-17 /1.3.2017 |

(1)എസ്റ്റിമേറ്റ് ഇനം(8)സെൻെററിങ് ഷട്ടറിങ്

| എണ്ണം | നീളം | ഉയരം | ആകെ |
|---|---|---|---|
| 3 | 15.0 | 0.60 | 27എം2 |
| 3 | 10.0 | 0.60 | 18എം2 |
| 3 | 15.0 | 0.60 | 27എം2 |
| 3 | 15.0 | 0.60 | 27എം2 |
| 3 | 15.0 | 0.60 | 27എം2 |
| 3 | 10.0 | 0.60 | 18എം2 |
| 3 | 10.0 | 0.60 | 18എം2 |
| 4 | 6.50 | 0.60 | 15.60എം2 |
| 3 | 15.0 | 0.60 | 27.0എം2 |
| 3 | 10.0 | 0.60 | 18.0എം2 |
| 3 | 13.0 | 0.60 | 23.0എം2 |
| 4 | 9.40 | 0.60 | 22.56എം2 |
| | | ആകെ | 268.56 എം2 |
| -268.56എം2 @470.77/എം$^2$=126429/രൂപ അധികം =57593/രൂപ | | | |

(3)

ചുവടെ കാണിച്ച പ്രവൃത്തികളിൽ ഡ്രൈനേജ് വാളിന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSRഡാറ്റ 4.3.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഡ്രൈനേജ് വാളിന് വേണ്ടി എർത്ത് വർക്ക് ചെയ്ത് മണ്ണ് ഒഴിവാക്കിയിട്ടാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത്. ആയതിനാൽ ഫൗണ്ടേഷൻ പ്രവൃത്തിക്ക് ബാധകമായ DSRഡാറ്റ 4.3.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഈ പ്രവൃത്തിക്ക് നൽകാവുന്നത്. 2015-16 ലും ഓഡിറ്റ് വർഷങ്ങളുലും മിക്ക പ്രവൃത്തികളിലും ഈ ഇനത്തിന് 4.3.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അധികം നൽകിയ 35561 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് പുസ്തകം പ്രകാരം അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ആനമങ്ങാട് GHS സ്കൂളിന് ചുറ്റുമതിൽ നിർമ്മാണം (583/17) കൺവീനർ. ശ്രീ. | 101.88m$^2$ | 46797 @459.33 | 25480 @250.10 | 21317 |

| | | | | |
|---|---|---|---|---|
| സൈതലവി. ബിൽ /31.3.2017 തുക.490000<br>DSR 2014<br>കോസ്റ്റ് ഇൻഡക്സ് 36.19% | | | | |
| പോലീസ് സ്റ്റേഷൻ ഓരിയംകുളം റോഡ് (66/17) കരാറുകാരൻ പി. ഹംസ ഹാജി 7.7% കുറവ്. ബിൽ. 112/10.2.2017 തുക. 416766<br>DSR 2014<br>കോസ്റ്റ് ഇൻഡക്സ് 36.19% | $100.8m^2$ | 40323<br>@433.40 | 24891<br>@267.54 | 42444 (ടെണ്ടർ കുറവ് 7.7% പരിഗണിച്ച ശേഷം) |
| ആകെ | | | | 35561 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിററ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ തുക 290674/-രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്

## 3-27 പത്ത് ലക്ഷം രൂപയിൽ അധികം എസ്റ്റിമേറ്റ് തുക വരുന്ന പ്രവർത്തികൾക്ക് 2% വിദ്യാഭ്യാസ സെസ്സ് ഈടാക്കാത്തത് സംബന്ധിച്ച്

വാറ്റ് നിയമ പ്രകാരം പത്ത് ലക്ഷം രൂപയിൽ അധികരിച്ച് എസ്റ്റിമേറ്റ് വരുന്ന പ്രവർത്തികൾക്ക് വാറ്റ് തുകയുടെ 2% നിരക്കിൽ വിദ്യാഭ്യാസ സെസ്സ് ഈടാക്കാൻ വ്യവസ്ഥയുണ്ട്. ആയത് പാലിച്ചിട്ടില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു

(1)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 190/17-GHSS വണ്ടൂർ -(വണ്ടൂർ ബ്ലോക്ക് )കെട്ടിട നിർമ്മാണം1250000/- | കോൺട്രാക്ടർ | അബ്ദുൾ ലത്തീഫ് (10%കുറവ് ) |
| ചെലവ് | 1122010 | ബില്ല് | 50/16-17 /22.10.16 |
| എംബുക്ക് | 345/16-17 | എഗ്രിമെൻറ് | EE/LSGD /MPM/38/16-17 /27.5.16 |
| സെസ്സ് =44880 x2% =898/- | | | |

(2)ചുള്ളിക്കുന്ന് എസ്.സി സ്മശാനം സൈഡ് സംരക്ഷണം . (തിരൂരങ്ങാടി ബ്ലോക്ക് )

| | | | |
|---|---|---|---|
| പ്രോജക്ട് നം | ചുള്ളിക്കുന്ന്എസ്.സി സ്മശാനം സൈഡ് സംരക്ഷണം നന്നമ്പ്ര .(തിരൂരങ്ങാടി ബ്ലോക്ക് | അടങ്കൽ | 1500000/- |
| കോൺട്രാക്ടർ | പി.സാജിദ് (9.1 കുറവ്%) | എഗ്രിമെൻെറ് | E.E/LSGD/217/15-16 /8.2.16 |
| എം ബുക്ക് | 696/14-15 | നിർവ്വഹണം | എക്സി.എൻജിനിയർ |
| ബിൽ നം | 125/16-17/26.10.16 | തുക | 1436000/- |
| സെസ്സ് =41332 x2% =827/- | | | |

(3)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 54/17-GHSS മോഡൽ )കാലിക്കറ്റ് യൂണിവേഴ്സിറ്റി മെസ്സ് ഹാൾ -(തിരുരങ്ങാടി ബ്ലോക്ക് )ട്രസ്സ് വർക്ക്) 1700000 | കരാറുകാരൻ | (6.2കുറവ് ) ഹഫ്സൽ .ഇ.കെ |

| | | | |
|---|---|---|---|
| | | | |
| ചെലവ് | 1594319/- | ബില്ല് | 77/16-17 /22.8.16 |
| എംബുക്ക് | 1378/15-16 | എഗ്രിമെൻറ് | EE/LSGD /MPM/81/15-16 /3.10.15 |
| സെസ്സ് -63773x2% =1275/- | | | |

(4)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 290/17- പ്രതീക്ഷാലയം ഡേ-കെയർ സെൻെറർ-ആനക്കയം ഗ്രാ.പ (മലപ്പുറം ബ്ലോക്ക് )കെട്ടിടം-1118000/ | കരാറുകാരൻ | മുഹമ്മദ് മുസ്തഫ (9.99% കുറവ് ) |
| ചെലവ് | 766397/- | ബില്ല് | 79/16-17 /22.11.16 |
| എംബുക്ക് | 1171/15-16 | എഗ്രിമെൻറ് | EE/LSGD /MPM/210 /15-16/ 20.5.16 |
| വാറ്റ് -30656 x2% =613/- | | | |

(5)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 285/17GHSS മാട്ടുമ്മൽ -(കുറ്റിപ്പുറം ബ്ലോക്ക് )ട്രസ്സ് വർക്ക്)1500000/- | കൺവീനർ | കെ.ടി രാമകൃഷ്ണൻ |
| ചെലവ് | 1500000/- | ബില്ല് | 98/16-17/31.12.16 |
| എംബുക്ക് | 1142/15-16 | എഗ്രിമെൻറ് | EE/LSGD /MPM/700/14-16/ 22.2.15 |
| സെസ്സ്-145810 x2% =2916/- | | | |

(6)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 499/17-GHSS ആനമങ്ങാട് -(പെരിന്തൽമണ്ണ ബ്ലോക്ക് )കെട്ടിടനിർമ്മാണം(അരീക്കോട് ബ്ലോക്ക് ) 1130000/- | കോൺട്രാക്ടർ | ഷറഫുദ്ധീൻ (15.1%കുറവ് ) |
| ചെലവ് | 884873 | ബില്ല് | 194/16-17 /30.3.17 |
| എംബുക്ക് | 1625/16-17 | എഗ്രിമെൻറ് | EE/LSGD/MPM/ 272/16-17 /25.1.17 |
| സെസ്സ് -35395 x2% =708/- | | | |

(7)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 531/17-GHSS കീഴപറമ്പ് പുനരുദ്ധാരണം 1200000/- | കോൺട്രാക്ടർ | ജയഫർ (20.1%കുറവ് ) |
| ചെലവ് | 939964/- | ചെക്ക് | GJ7232515/20.3.17 |

| | | | |
|---|---|---|---|
| എംബുക്ക് | 1808/16-17 | എഗ്രിമെൻറ് | EE/LSGD/MPM/ 18/16-17/31.12.16 |
| സെസ്സ് -37599 x2% =751/- | | | |

(7)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 87/17GHSS പുലാമന്തോൾ ഗേൾസ് റെസ്റ്റ് റൂം -(പെരിന്തൽമണ്ണബ്ലോക്ക് )ട്രസ്സ് വർക്ക്)6950000/- | കരാറുകാരൻ | അബ്ദുൾ നാസർ (3.1 % കുറവ് |
| ചെലവ് | 5888252/- | ബില്ല് | 14/16-17 /19.8.16 |
| എംബുക്ക് | 683/14-15,1428//15-16 | എഗ്രിമെൻറ് | EE/LSGD /MPM/545 /14-15 /16.1.2015 |
| സെസ്സ് -235530 x2% =4711/- | | | |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിററ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ തുക 12694/-രൂപ നിർവ്വഹണോദ്യേഗസ്ഥനിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കി അടവാക്കേണ്ടതാണ്

## 3-28 കൺവീനർക്ക് കരാറുകാരൻെറ ലാഭവിഹിതം നൽകി- 9443 രൂപ അധികം നൽകി

(1)

| | | | |
|---|---|---|---|
| പ്രേജക്ട് നം | 207/17-GHSS ചെറിയമുണ്ടം ഹാൾ -(താനൂർ ബ്ലോക്ക്) 250000/- | കൺവീനർ | അബൂബക്കർ.കെ |
| ചെലവ് | 215136 | ബില്ല് | 154/16-1721.3.17 |
| എംബുക്ക് | 1246/15-16 | എഗ്രിമെൻറ് | EE/LSGD/MPM/282 /15-16/2.3.16 |

മേൽപ്രവർത്തിയിൽ താഴെപറയും പ്രകാരം തുക നൽകിയിട്ടുണ്ട്

പ്രവർത്തി മൂല്യം -202958

നികുതി 6% -12178

ആകെ -215136/-രൂപ

(-) വാറ്റ് 5% -10148

(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി -2030

(-) ആദായനികുതി -4059

ബാക്കി -198899 /-രൂപ

ഈ പ്രവൃത്തിയുടെ ഇനം (3) സ്റ്റീൽ വർക്ക് 595 കി.ഗ്രാം ചെയ്യതിന്ന് @122.70/കി.ഗ്രം 73007/-രൂപ നൽകിയിട്ടുണ്ട്.ഡി.എസ്.ആർ 2014 -കോഡ് 10.25.2 (കോസ്റ്റ് ഇൻഡക്സ് 1.3619 ) പ്രകാരം നൽകിയ 122.70/kg എന്ന നിരക്ക് കരാറുകാരൻെറ 15 % ലാഭ വിഹിതവും O.H ചാർജ്ജും ഉൾപ്പെടുന്ന തുകയാണ്.

കൺവീനർക്ക് നൽകാവുന്ന നിരക്കും തുകയും ചുവടെ ചേർക്കുന്നു

approved rate for 1 kg =78.44/kg

(+) cost index (36.19 %) =28.39

ആകെ =106.86/കിലോ

595 കിലോയ്ക്ക് =63564/-രൂപ

അധികം =73007 – 63564 =9443/-രൂപ

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിററ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ തുക 9443/-രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്

## 3-29 സെക്രട്ടറിയുടെ പ്രോജക്ടുകൾ - ഒരു അവലോകനം

ഓഡിറ്റ് വർഷം ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തുന്ന നാൽപത്തിയൊന്ന് പ്രോജക്ടുകളാണ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നത്.ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 92160346 രൂപയാണ്.ചെലവഴിച്ചത് 66246480 രൂപയാണ് എന്ന് വ്യക്തമാവുന്നു. .അതായത് 71.88ശതമാനം മാത്രം. ഏറ്റെടുത്ത പ്രോജക്ടുകളിൽ പതിനഞ്ച് എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു.സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും.അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി , ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു.ഇത് ജില്ലാ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്.2.59 കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാൻ സെക്രട്ടറിക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.

വ്യാപകമായ തോതിൽ പ്രോജക്ടുകൾ ഒഴിവാക്കപെടുന്ന / നിർവഹിക്കാതിരിക്കുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-30 പദ്ധതി നിർവഹണത്തിൽ തീരെ പുരോഗതി കൈവരിക്കുന്നില്ല.

ജില്ലാ പഞ്ചായത്ത് 2016-17 വർഷം വിവിധ നിർവഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ടുകളും അവയുടെ നിർവഹണ പുരോഗതിയും വിലയിരുത്തുന്നത് പ്രസക്തമാണ്.ജില്ലാ പഞ്ചായത്തിന് അനുവദിക്കപ്പെട്ട സ്റ്റാഫ് പാറ്റേണിന് പുറമെ ക്ലറിക്കൽ ജോലി നിർവഹിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനും നാല് ജീവനക്കാർ ദിവസ വേതന അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് ഓഫീസിലും, മൂന്ന് ജീവനക്കാർ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസിലും സ്ഥിരമായി ജോലി ചെയ്ത് വരുന്നുണ്ട്.കൂടാതെ മൂന്ന് ഡ്രൈവർമാരും ദിവസ വേതന അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിൽ ജോലി ചെയ്യുന്നതായി കാണുന്നു.

എന്നാൽ പദ്ധതി പ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതി കൈവരിക്കാൻ ജില്ലാ പഞ്ചായത്തിന് സാധിക്കുന്നില്ല എന്ന് പദ്ധതികളുടെ അവലോകനം നടത്തിയാൽ വ്യക്തമാവുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | നിർവഹിച്ചത് | നിർവഹിക്കാതിരുന്നത് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | % |
|---|---|---|---|---|---|---|
| സെക്രട്ടറി | 41 | 26 | 15 | 92160346 | 66246480 | 71 |
| ഡെപ്യൂട്ടി ഡയരക്ടർ-കൃഷി | 4 | 3 | 1 | 12685000 | 3316029 | 26.14 |
| ഡെപ്യൂട്ടി ഡയരക്ടർ-മൃഗസംരക്ഷണം | 10 | 8 | 2 | 16903340 | 2511314 | 14.85 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ-അഗ്രീകൾച്ചർ | 35 | 12 | 23 | 24092475 | 2988546 | 12.4 |
| സൂപ്രണ്ട്, ടൈലറിങ്ങ് ആന്റ് ഗാർമെന്റ് മെയ്ക്കിങ്ങ് സെന്റർ | 6 | 0 | 6 | 1052432 | 0 | 0 |
| ഡെപ്യൂട്ടി ഡയരക്ടർ-വിദ്യഭ്യാസം | 14 | 10 | 4 | 25845934 | 5739880 | 22.2 |
| കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ | 12 | 5 | 7 | 16500210 | 2366749 | 14.34 |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ | 3 | 2 | 1 | 8375995 | 3600000 | 42.9 |
| ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 3 | 1 | 2 | 1734900 | 120300 | 6.93 |
| ജില്ലാ മെഡിക്കൽ ഓഫീസർ-അലോപ്പതി | 4 | 3 | 1 | 10099280 | 9320826 | 92.29 |
| ജില്ലാ മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 0 | 1 | 1847200 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ മെഡിക്കൽ ഓഫീസർ-ആയുർവേദ | 2 | 2 | 0 | 4800000 | 3868999 | 80.6 |
| ജില്ലാ വ്യവസായ കേന്ദ്രം മാനേജർ | 1 | 1 | 0 | 690000 | 690000 | 100 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ,Lsgd | 911 | 298 | 613 | 810943809 | 206205737 | 25.42 |
| പ്രോജക്ട് ഡയരക്ടർ-ദാരിദ്ര്യ ലഘൂകരണ യൂനിറ്റ് | 5 | 5 | 0 | 121399486 | 121143428 | 99.7 |
| അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ | 2 | 0 | 2 | 13542400 | 0 | 0 |
| ഫാം സൂപ്രണ്ട് ജില്ലാ കൃഷിത്തോട്ടം-ചുങ്കത്തറ | 3 | 3 | 0 | 997330 | 711284 | 71.3 |
| കൃഷി അസിസ്റ്റന്റ് ഡയരക്ടർ-സംസ്ഥാന വിത്തുൽപാദന കേന്ദ്രം | 4 | 4 | 0 | 2825000 | 1899048 | 67.2 |
| ചീഫ് മെഡിക്കൽ ഓഫീസർ-ജില്ലാ ആശുപത്രികൾ-അലോപ്പതി | 16 | 11 | 5 | 32699270 | 23380730 | 71.5 |
| ചീഫ് മെഡിക്കൽ ഓഫീസർ-ജില്ലാ ആശുപത്രി-ആയുർവേദ | 3 | 2 | 1 | 2850000 | 2685924 | 94.24 |
| ചീഫ് മെഡിക്കൽ ഓഫീസർ-ജില്ലാ ആശുപത്രി-ഹോമിയോ | 7 | 6 | 1 | 6349711 | 5711127 | 89.9 |
| കൃഷി അസിസ്റ്റന്റ് ഡയരക്ടർ-തെങ്ങിൻ തൈ ഉൽപാദന കേന്ദ്രം | 1 | 1 | 0 | 1200000 | 1050000 | 87.5 |
| അസിസ്റ്റന്റ് ഡയരക്ടർ-ജില്ലാ പൌൾട്രീ ഫാം-ആതവനാട് | 2 | 2 | 0 | 2995000 | 2994809 | 99.9 |
| ആകെ | 1090 | 405 | 685 | 1212589118 | 466551210 | 38.4 |

-മൂന്ന് നിർവഹണ ഉദ്യോഗസ്ഥർ ഒറ്റ പ്രോജക്ടും നിർവഹിക്കാൻ സന്നദ്ധരായില്ല എന്ന് വ്യക്തമാവുന്നു.

-അഞ്ച് നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് ശതമാനം മുപ്പതിൽ കുറവാണ്.

-ഏറ്റവും കൂടതൽ പ്രോജക്ട് നിർവഹിക്കേണ്ട എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ഏറ്റവും കൂടുതൽ പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ന് കാണുന്നു.

-സ്പിൽ ഓവർ ഉൾപ്പെടെ 1090 പ്രോജക്ടുകൾ തയ്യാറാക്കി എങ്കിലും 405 പ്രോജക്ടുകൾ മാത്രമാണ് തൽവർഷം നിർവഹിച്ചിട്ടുള്ളത്.ആകെ പ്രോജക്ടുകളിൽ 37 ശതമാനം മാത്രമാണ് നിർവഹിച്ചത് എന്ന് വ്യക്തം

-ആകെ 121 കോടി രൂപ വകയിരുത്തി എങ്കിലും 46 കോടി മാത്രമാണ് ചെലവഴിക്കാനായത്.

-വകയിരുത്തിയ തുകയുടെ 38 ശതമാനം മാത്രമാണ് വിനിയോഗിക്കാനായത് .

സങ്കീർണമായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാവുന്നത്.എന്നാൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളിൽ നല്ലൊരു ഭാഗവും നിർവഹിക്കാനാവുന്നില്ല എന്നത് ആസൂത്രണത്തിലെയും സംഘാടനത്തിലെയും ഗുരുതര വീഴ്ച്ചയാണ്.ജില്ലയുടെ വികസനത്തിന് ഉപയോഗിക്കേണ്ട 75 കോടി രൂപ പ്രൊജക്ട് നടത്തിപ്പിലെ വീഴ്ച കാരണം ലാപ്സായി എന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു.

ലഭ്യമായ ഫണ്ട് ഫലപ്രദമായതും പ്രയോജനപ്രദവുമായ രീതിയിൽ വിനിയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-31** നിലവിലില്ലാത്ത സ്ഥാപനങ്ങളുടെ പേരിൽ പ്രൊജക്ടുണ്ടാക്കി ഉപകരണങ്ങൾ വാങ്ങി.**2197400** രൂപ അംഗീകരിക്കുന്നില്ല.

കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ 2016-17 ൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന 3 പ്രൊജക്ടുകൾ പദ്ധതി മാർഗ്ഗരേഖയുടെയും സബ്സിഡി മാർഗ്ഗരേഖയുടെയും ലംഘനമാണ്.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പേര് | ട്രഷറി ബിൽ നമ്പർ | ചെലവ് (വികസന ഫണ്ട്) |
|---|---|---|---|---|
| 1 | 786/17 | കരുളായി ഗ്രാമപഞ്ചായത്ത് ജെ.എസ്.എസ് പരിശീലിപ്പിച്ച വസ്ത്രഗ്രാമം | 8/31.3.17 | 733200 |

| | | | | |
|---|---|---|---|---|
| | | പദ്ധതി വനിതകൾക്ക് റെഡിമെയ്ഡ് വസ്ത്ര നിർമാണ യൂണിറ്റ് | | |
| 2 | 797/17 | പൂറത്തൂർ, മംഗലം ഗ്രാമപഞ്ചായത്തുകളിൽ ജെ.എസ്.എസ് പരിശീലിപ്പിച്ച വസ്ത്രഗ്രാമം പദ്ധതി വനിതകൾക്ക് റെഡിമെയ്ഡ് വസ്ത്ര നിർമാണ യൂണിറ്റ് | 7/31.3.17 | 733200 |
| 3 | 1031/17 | പൊൻമുണ്ടം വനിത തൊഴിൽപരിശീലന കേന്ദ്രത്തിൽ അടിസ്ഥാനസൗകര്യ വികസനം | 9/31.3.17 | 731000 |

ഈ പ്രൊജക്ടുകളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1. പ്രൊജക്റ്റ് നമ്പർ 786/17, 797/17 എന്നിവ പ്രൊജക്റ്റ് പ്രൊഫോർമയിലെ ഐറ്റം 10 പ്രകാരം കുടുംബശ്രീ തൊഴിൽ സംരഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് എന്ന ഉപമേഖലയിലാണ്. വാർഷിക ധനകാര്യ പത്രികയിൽ ഇവയുടെ ചെലവ് രേഖപ്പെടുത്തിയതും 250301801 Revolving Fund for Kudumbasree Employment Programs എന്ന ശീർഷകത്തിലാണ്. എന്നാൽ ഈ രണ്ട് പ്രൊജക്ടുകളിലും റിവോൾവിംഗ് ഫണ്ട് നൽകിയിട്ടില്ല. കൂടാതെ പ്രൊജക്റ്റ് പ്രൊഫോർമയിലെ ഐറ്റം 33 പ്രകാരം ടൈലറിംഗ് ഉപകരണങ്ങൾ വാങ്ങുന്നതിന്നാണ് പദ്ധതി.

2.പ്രൊജക്റ്റ് നമ്പർ 1031/17-ന്റെ പ്രൊജക്റ്റ് പ്രൊഫോർമയിലെ ഐറ്റം 10 പ്രകാരം പ്രൊജക്റ്റ് ഉപമേഖല സഹകരണ സംഘങ്ങൾക്ക് ധനസഹായം എന്നതാണ്. വാർഷിക ധനകാര്യ പത്രികയിൽ ചെലവ് രേഖപ്പെടുത്തിയത് 250301701 Financial Assistance to Co-operative societies എന്ന ശീർഷകത്തിലാണ്. എന്നാൽ ഐറ്റം 27 പ്രകാരം പൊൻമുണ്ടം വനിത തൊഴിൽപരിശീലന കേന്ദ്രം ഒരു സ്വയം സഹായ സംഘത്തിന്റെ സ്ഥാപനമാണ്.

3. മൂന്ന പ്രൊജക്ടുകളുടെയും നിർവ്വഹണത്തിൽ സപ്ലൈ ചെയ്ത ഉപകരണങ്ങളുടെ വില കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്ന നൽകിയിട്ടുണ്ട്. പ്രൊജക്റ്റ് നമ്പർ 786/17 -ൽ സ്ഥാപനം ഹാജരാക്കിയ 488/30.3.2017 നമ്പർ ഇൻവോയിസ് പ്രകാരം 733200 രൂപക്കുള്ള ടൈലറിംഗ് ഉപകരണങ്ങളും പ്രൊജക്റ്റ് നമ്പർ 797/17 -ൽ സ്ഥാപനം ഹാജരാക്കിയ 487/30.3.2017 നമ്പർ ഇൻവോയിസ് പ്രകാരം 733200 രൂപക്കുള്ള ടൈലറിംഗ് ഉപകരണങ്ങളും കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് സപ്ലൈ ചെയ്തിട്ടുണ്ട്. പ്രൊജക്റ്റ് നമ്പർ 1031/17-ൽ സ്ഥാപനം ഹാജറാക്കിയ 489/30.3.2017 നമ്പർ ഇൻവോയിസ് പ്രകാരം 731000 രൂപക്കുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് സപ്ലൈ ചെയ്തിട്ടുണ്ട്.എന്നാൽ ജില്ലാ മിഷൻ കോർഡിനേറ്റർ ഉപകരണങ്ങൾ കൈപറ്റിയതായോ പ്രൊജക്റ്റിൽ പറയുന്ന സ്ഥാപനങ്ങൾക്ക് നൽതിയതായോ കാണുന്നില്ല.

4. പ്രൊജക്റ്റ് നമ്പർ 797/17 -ൽ 487/30.3.2017 നമ്പർ ഇൻവോയിസ് പ്രകാരം 733200 രൂപക്കു വാങ്ങിയ ഉപകരണങ്ങൾ താഴെ ചേർക്കുന്നു.

| ക്ര. നമ്പർ | ഇനം | എണ്ണം | റേറ്റ് (ടാക്സ് ഉൾപ്പെടെ) | ആകെ വില |
|---|---|---|---|---|
| 1 | ജാക്കോ മെഷിൻ | 18 | 24600 | 442800 |
| 2. | മൾട്ടി പർപ്പസ് മെഷിൻ | 6 | 28500 | 171000 |
| 3. | ടൈലറിംഗ് മെറ്റീരിയൽസ് സെറ്റ് | 3 | 5000 | 15000 |
| 4. | കട്ടിംഗ് ടേബിൾ | 6 | 14600 | 87600 |
| 5. | ഫൈബർ ചെയർ | 30 | 560 | 16800 |

ഈ ഉപകരണങ്ങൾ കുടുംബശ്രീ അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്ററുടെ സാനിദ്ധ്യത്തിൽ ഓഡിറ്റ് ടീം 7.12.2017 ന്ന നേരിട്ട് പരിശോധന നടത്തി.ഫോർ സീസൺ ഗാർമെന്റ്സ് പൂറത്തൂർ, ഉടയാട ഗാർമെന്റ്സ് മംഗലം എന്നീ സ്ഥാപനങ്ങളിലാണ് പരിശോധന വേളയിൽ ഉപകരണങ്ങൾ ഉള്ളത്. എന്നാൽ വാങ്ങിയ ഉപകരണങ്ങൾ മുഴവൻ സ്ഥാപനങ്ങളിൽ ലഭിച്ചിട്ടില്ല എന്നു കണ്ടെത്തി. .ഓരോ സ്ഥാപനവും കൈപറ്റിയ ഉപകരണങ്ങൾ താഴെ ചേർക്കുന്നു.

| ക്ര. നമ്പർ | ഇനം | എണ്ണം | ഫോർ സീസൺ ഗാർമെന്റ്സ് പൂറത്തൂർ | ഉടയാട ഗാർമെന്റ്സ് മംഗലം |
|---|---|---|---|---|
| 1 | ജാക്കോ മെഷിൻ | 18 | 12 | 6 |
| 2. | മൾട്ടി പർപ്പസ് മെഷിൻ | 6 | 2 | 1 |
| 3. | ടൈലറിംഗ് മെറ്റീരിയൽസ് സെറ്റ് | 3 | 2 | 1 |
| 4. | കട്ടിംഗ് ടേബിൾ | 6 | 2 | 2 |
| 5. | ഫൈബർ ചെയർ | 30 | 20 | 10 |

28500 രൂപ വീതം വിലയുള്ള 3 മൾട്ടി പർപ്പസ് മെഷിനുകൾ 14600 രൂപ വീതം വിലയുള്ള2 കട്ടിംഗ് ടേബിൾ എന്നിവയടക്കം ആകെ 129300രൂപയുടെ ഉപകരണങ്ങൾ പരിശോധനയിൽ കണ്ടെത്താനായിട്ടില്ല.

5.പ്രൊജക്റ്റ് നമ്പർ 1031/17-ൽ പൊൻമുണ്ടം വനിത തൊഴിൽപരിശീലന കേന്ദ്രത്തിൽ അടിസ്ഥാനസൗകര്യ വികസനം നടത്തുന്നതിന്ന നൽകിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും 7.12.17 ന നേരിട്ട് പരിശോധന നടത്തിയപ്പോൾ പൊൻമുണ്ടം ഗ്രാമപഞ്ചായത്തു ഓഫീസ് കെട്ടിടത്തിൽ സൂക്ഷിച്ച കാർട്ടണുകൾ മാത്രമാണ് കാണാനായത്. സപ്ലൈചെയ്ത സ്ഥാപനം ഇൻവോയിസ്

പ്രകാരം ക്ലെയിം ചെയ്ത നെറ്റ് വർക് സ്ട്രക്ച്ചറിങ്ങിനുള്ള 74000 രൂപ 31.3.17 നു തന്നെ നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യുകയോ നെറ്റ് വർക് സ്ട്രക്ച്ചറിങ് നടത്തുകയോ ചെയ്യാതെയാണ് മുഴുവൻ തുകയും നൽകിയത്.

6. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകുമ്പോൾ സംരംഭം നിലവിൽ പ്രവർത്തിക്കുന്നുണ്ട് എന്നുറപ്പാക്കി അതിനു വിനിയോഗിക്കുന്ന പൊതുപണം പാഴ്ചെലവാകാതിരിക്കാൻ സംരംഭകർക്ക് (വ്യക്തി/ഗ്രൂപ്പ്) വേണ്ട മാനദണ്ഡങ്ങളും പണം ചെലവഴിക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനം പാലിക്കേണ്ട നിബന്ധനകളും പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. ജി.ഒ. (എം.എസ്) നമ്പർ 4/2016/തസ്വഭവ, തിയ്യതി 11.1.2016 പദ്ധതി/സബ്സിഡി മാർഗ്ഗരേഖ ഉത്തരവിന്റെ ഖണ്ഡിക 11.4 ൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

iii) എല്ലാ സ്വയം തൊഴിൽ സംരംഭ പ്രൊജക്ടുകൾ വായ്പാബന്ധിത പ്രൊജക്ടുകളായി മാത്രം തയ്യാറാക്കണം. എന്നാൽ ഈ 3 പ്രൊജക്ടുകളും വായ്പാബന്ധിത പ്രൊജക്ടുകളല്ല.

V ഇ.) സംരംഭം തുടങ്ങി 6 മാസത്തിനു ശേഷം ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ സംരംഭകർ ധനസഹായത്തിനു അപേക്ഷ സമർപ്പിക്കണം. എന്നാൽ തൊഴിൽ സംരംഭത്തിനു ധനസഹായത്തിനു വേണ്ടിയോ ഈ പ്രൊജക്ടുകളിൽ വാങ്ങിയ ഉപകരണങ്ങൾക്ക് വേണ്ടിയോ ജില്ലാ പഞ്ചായത്തിൽ ആരും അപേക്ഷ നൽകിയിട്ടില്ല. ഫോർ സീസൺ ഗാർമെന്റ്സ് പൂറത്തൂർ, ഉടയാട ഗാർമെന്റ്സ് മംഗലം എന്നീ തൊഴിൽ ഗ്രൂപ്പുകൾ രൂപീകരിച്ചത് തന്നെ 20.3.2017 നാണ്. ഗ്രൂപ്പുകൾ രൂപീകരിച്ചെങ്കിലും അവ 2016-17 -ൽ സംരംഭം തുടങ്ങിയിട്ടില്ല. പൊൻമുണ്ടം വനിത തൊഴിൽപരിശീലന കേന്ദ്രം എന്ന ഒരു സംരംഭം രൂപീകരിച്ചതിന്റെയോ നിലവിൽ പ്രവർത്തിക്കുന്നതിന്റെയോ ഒരു രേഖയും പരിശോധനവേളയിൽ ലഭ്യമായില്ല.

V എഫ്) സംരംഭം ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഗ്രാമ സഭയുടെ അംഗീകാരത്തോടെ അർഹമായ സബ്സിഡി തുക സംരംഭകന്റെ/ സംരംഭക ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം. എന്നാൽ സംരംഭകന്റെ അക്കൗണ്ടിലേക്ക് സബ്സിഡി തുക കൈമാറിയിട്ടില്ല. സംരംഭകർ ആവശ്യപ്പെടുകയോ ആവശ്യകത വിലയിരുത്തുകയോ പോലും ചെയ്യാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉപകകരണങ്ങൾ വാങ്ങുകയാണ് ചെയ്തത്.

ഉത്തരവിന്റെ അനുബന്ധം 15-ലെ ഖണ്ഡിക 2-ൽ സബ്സിഡി നൽകുന്നതിനുള്ള പൊതുനിബന്ധനകളും ഖണ്ഡിക 3-ൽ സബ്സിഡി നിരക്കുകളും മാനദണ്ഡങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 2-2 പ്രകാരം ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിനോ ഓരോ ഇനത്തിനും അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. മുൻകൂർ അനുമതി ലഭിച്ച ശേഷമേ പ്രൊജക്റ്റ് തയ്യാറാക്കാവൂ. ഖണ്ഡിക 3-7-2 aപ്രകാരം ഗ്രൂപ്പ് സംരംഭങ്ങൾക്ക് സ്വയം തൊഴിലിനു ആസ്തികൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി 200000 രൂപയാണ്.

ഈ 3 പ്രൊജക്ടുകളിലും സ്വയം തൊഴിൽ സംരംഭങ്ങളുടെ പേരിൽ പ്രൊജക്റ്റുണ്ടാക്കി ജില്ലാ പഞ്ചായത്ത് ആസ്തികൾ വാങ്ങുകയാണ് ചെയ്തത്.വാങ്ങിയ ആസ്തികൾ കൈപറ്റിയതായോ സ്റ്റോക്കിലെടുത്തതായോ ആർക്കെങ്കിലും കൈമാറിയതായോ എവിടെയും രേഖപ്പെടുത്തയിട്ടില്ല.

ജി.ഒ. (എം.എസ്) നമ്പർ 4/2016/തസ്വഭവ, തിയ്യതി 11.1.2016 ഉത്തരവിന്റെ അനുബന്ധം 15-ലെ ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും അപ്രകാരം നല്കിയ സബ്സിഡി ഉത്തരവാദപ്പെട്ടവരിൽനിന്നും ഈടാക്കുന്നതുമാണ്.കൂടാതെ ഈ പ്രൊജക്റ്റിനു പണം ചെലവഴിച്ചത് കേരള ഫിനാൻഷ്യൽ കോഡ് ഒന്നാം വാല്യം ആർട്ടിക്ക്ൾ 40 (ബി) യുടെ ലംഘനംകൂടിയാണ്. നിലവിൽ പ്രവർത്തിക്കാത്ത സംരംഭങ്ങളുടെ പേരിൽ പ്രൊജക്റ്റുണ്ടാക്കി സംരംഭകർക്ക് ധനസഹായം നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ച ഒരു മാനദണ്ഡങ്ങളും പാലിക്കാതെ ചെലവഴിച്ച 2197400 രൂപ ജി.ഒ. (എം.എസ്) നമ്പർ 4/2016/തസ്വഭവ, തിയ്യതി 11.1.2016 ഉത്തരവിന്റെ അനുബന്ധം 15-ലെ ഖണ്ഡിക 2.3 പ്രകാരം തിരിച്ചടക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/27.11.17, 24/27.11.17 എന്നിവക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## **3-32** കോൺഫറൻസ് ഹാൾ ബുക്ക് ചെയ്തത് കാൻസൽ ചെയ്തതിനാൽ യൂസർഫീ ഇനത്തിൽ നൽകിയ തുക തിരികെ നൽകിയത് സംബന്ധിച്ച്.

15-12-2016 ന് നടക്കാനുള്ള സബ് രജിസ്ട്രാർമാരുടെ കോൺഫറൻസിനായി മലപ്പുറം ജില്ലാ രജിസ്ട്രാർ(ജനറൽ) , 5-12-16 ന് ജില്ലാപഞ്ചായത്ത് കോൺഫറൻസ് ഹാൾ 1 ബുക്ക് ചെയ്യുകയും എന്നാൽ അന്നേ ദിവസം കോൺഫറൻസ് നടത്താൻ കഴിയാത്തതിനാൽ മാറ്റിവയ്ക്കുകയും ചെയ്തു.മലപ്പുറം ജില്ലാ രജിസ്ട്രാർ ജനറലിന്റെ 13-12-16 ലെ അപേക്ഷ പരിഗണിച്ച് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 28-2-17 ലെ 6(19)ാംനമ്പർ തീരുമാന പ്രകാരം ബുക്ക് ചെയ്ത സമയത്ത് നൽകിയ 2000 രൂപ സെക്രട്ടറി തനത് ഫണ്ടിൽനിന്നും തിരികെ നൽകി.(വൗച്ചർ നമ്പർ-21600885/9-3-17).ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 കോൺഫറൻസ്ഹാളിന്റെ വാടക സംബന്ധിച്ച ബൈലോ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2 ജില്ലാപഞ്ചായത്തിൽ വാടകയിനത്തിൽ 2000 രൂപ അടവാക്കിയതിന്റെ ഒറിജിനൽ രശീതിയുടെ അഭാവത്തിലാണ് തുക റീഫണ്ട് ചെയ്തിട്ടുള്ളത്.

3 2011 ലെകേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 25 പ്രകാരം പഞ്ചായത്ത് പിരിച്ചെടുത്തതിൽ തിരികെ നൽകേണ്ട തുകകൾ സാദ്ധ്യമാണെങ്കിൽ ഭാവി വരവുകളിലേക്ക് അഡ്ജസ്റ്റ്ചെയ്യണമെന്ന് പരാമർശിക്കുന്നുണ്ട്.ഇതു കണക്കിലെടുക്കാതെ അന്നേ

ദിവസം മറ്റു ബുക്കിംഗുകൾക്ക് സാദ്ധ്യതയില്ലാത്ത സാഹചര്യത്തിൽ മുഴുവൻ തുകയും തിരികെ നൽകിയത് ശരിയായ നടപടിയല്ല.ഭാവിയിൽ ബന്ധപ്പെട്ട ചട്ട പ്രകാരം ഇത്തരം സംഗതികളിൽതുടർ നടപടി സ്വീകരിക്കേണ്ടതാണ്.
(ഇതു സംബന്ധിച്ച് നമ്പർ 57/ 7-12-17 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് 20-12-2017ന് ലഭ്യമാക്കിയ മറുപടിയിൽ, ബൈലോ ജില്ലാ പഞ്ചായത്ത് അംഗീകരിച്ചതായി പറയുന്നുണ്ടെങ്കിലും ആയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഒറിജിനൽ രസിതി കൈമോശം വന്നുവെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ ഫയലിൽ ഇല്ല).

## 3-33 മരുന്ന് ലഭ്യമാക്കിയില്ല.

കിടപ്പിലായ രോഗികളുടെ പരിചരണത്തിനും ചികിത്സയ്ക്കുമുള്ള മരുന്നുകളുൾപ്പെടെ അത്യാവശ്യമായി ലഭ്യമാക്കേണ്ട മരുന്നിന് പണം മുൻകൂർ നൽകി മാസങ്ങൾ പിന്നിട്ടിട്ടും ബന്ധപ്പെട്ട വിതരണ ഏജൻസികൾ ആയത് യഥാസമയം ലഭ്യമാക്കുന്നതിൽ ഗുരുതര വീഴ്ച വരുത്തിയിട്ടുണ്ട്. വിവരം താഴെ കൊടുക്കുന്നു.

എ) പദ്ധതി നിർവ്വഹണം. : ജില്ലാ മെഡിക്കൽ ഓഫീസർ,(ഐ.എസ്.എം.)

| പ്രോജക്റ്റ് നം/ പേര് | പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | മരുന്ന് വിതരണ ഏജൻസി | ബിൽ നം. / തീയതി | ലഭിച്ച മരുന്നിന്റെ വില | ശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|---|
| SO448/17, ആയുർസ്പർശം | 1282മുതൽ 1293വരെ + 1296മുതൽ 1301വരെ/ 26.12.16 (18എണ്ണം) | 90,000x18= 16,20,000/- | ഔഷധി | 05/16-17 /10.03.17 16,20,000/- (പ്ലാൻ) | 8,91,567 | 18,08,433 |
| | 1825മുതൽ 1836വരെ / 14.03.17 (12എണ്ണം) | 90,000x12= 10,80,000/- | | 06/16-17/ 28.03.17 13,69,804/- (പ്ലാൻ) | | |
| SO451/17, ആയുഷ് ഹോളിസ്റ്റിക് സെന്ററിനു മരുന്ന് വാങ്ങൽ | 1158/ 07.12.16 | 5,00,000/- | ഔഷധി | 03/16-17/ 27.12.16 16,20,000/- (MG(NR)) | 00 | 5,00,000 |
| | PF 861/ 27.12.16 | 2,00,000/- | ഹോംകോ | 04/16-17/ 21.02.17 2,75,000/- (MG(NR)) | 00 | 2,00,000 |
| | Unani/8/ 16-17 /10.12.16 | 75,000/- | ഔഷധി | | 00 | 75,000 |
| ആകെ | | 34,75,000 | | | 8,91,567 | 25,83,433 |

മരുന്ന് വിതരണ ഏജൻസികളുമായി ചമക്കുന്ന കരാർ പ്രകാരം പണം സ്വീകരിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ പ്രസ്തുത ഏജൻസികൾ മരുന്ന് ലഭ്യമാക്കേണ്ടതുണ്ട്. നിശ്ചിത കാലാവധി കഴിഞ്ഞ് മാസങ്ങൾ പിന്നിട്ടിട്ടും മുഴുവൻ മരുന്നും ലഭ്യമാക്കാൻ ഏജൻസികൾക്ക് കഴിഞ്ഞിട്ടില്ല. ഇതിനു പുറമെ അടുത്ത വർഷത്തെ സമാന പദ്ധതികൾക്ക് വേണ്ടിയും തുക മുൻകൂർ നൽകിയിട്ടുണ്ട്. മുഴുവൻ മരുന്നും ലഭ്യമാക്കുന്നതിന് ഓർമ്മക്കത്തുകൾ അയച്ചിട്ടുണ്ടെങ്കിലും ഏജൻസികൾ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശിച്ച ഏജൻസികൾ യഥാസമയം മരുന്ന് ലഭ്യമാക്കുന്നതിൽ വരുത്തുന്ന വീഴ്ചകൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും മരുന്ന് ലഭ്യത സംബന്ധിച്ച് ജില്ലാ പഞ്ചായത്തിന് പ്രതിമാസ റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരവും ലഭ്യമാക്കേണ്ടതിന് 56/06.12.2017നമ്പർ എൻക്വയറി നൽകിയതിന് 11.12.207ലെ എം2.10552/2017 നമ്പർ മറുപടി ലഭ്യമാക്കി.ആയതിൽ 5,00,000/-രൂപയുടെ ആയുർവേദ മരുന്നുകളും 75,000/- രൂപയുടെ യൂനാനി മരുന്നുകളും ലഭ്യമായിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ഇൻവോയ്സുകളും സ്റ്റോക്കിലെടുത്ത രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ 25,83,433രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

ബി) നിർവ്വഹണം : ചീഫ് മെഡിക്കൽ ഓഫീസർ ,ജില്ലാ ആയുർവേദ ഹോസ്പിറ്റൽ, വളവന്നൂർ.

പ്രോജക്ട് നം./പേര് : SO606/17, ജില്ലാ ആയുർവേദ ആശുപത്രിക്ക് മരുന്ന്,ഉപകരണങ്ങൾ

ബിൽ നം./തീയ്യതി : 01/16-17 /19.01.17 , തുക : 25,00,000/- [MG(NR)]

SO606/17പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഔഷധിയുടെ 1382/6.01.17 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള 25,00,000/- രൂപ 31.01.2017 ന് ഔഷധിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. ആയതനുസരിച്ച് ലഭ്യമായ മരുന്നിന്റെ ഇൻവോയ്സ് വിവരം താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നം./ തീയതി | ലഭ്യമായ മരുന്നിന്റെ വില |
|---|---|
| 4409/ 08.03.17 | 6,31,135 |
| 5139/ 31.03.17 | 6,13,542 |
| 90019806/ 30.05.17 | 1,66,672 |
| 90032247/ 30.08.17 | 1,51,187 |
| 90036331/ 09.10.17 | 21,493 |
| 90039339/ 07.11.17 | 6,59,662 |
| ആകെ | 22,43,691 |

2,56,309 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ശേഷിക്കുന്നു.

18.02.2017ന് ചമച്ച കരാർ പ്രകാരം പണം സ്വീകരിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കൽ ഔഷധിയുടെ ബാധ്യതയാണ്. അതായത് 2017ഏപ്രിൽ 01 ന് മുമ്പ് മുഴുവൻ മരുന്നിന്റെയും സപ്ലൈ പൂർത്തിയാക്കേണ്ടിയിരുന്നു.നിശ്ചിത കാലാവധി കഴിഞ്ഞ് 8 മാസം പിന്നിട്ടിട്ടും മുഴുവൻ മരുന്നും ലഭ്യമാക്കാൻ ഔഷധിക്കു കഴിഞ്ഞിട്ടില്ല.

കരാർ പ്രകാരമുള്ള കാലാവധിയ്ക്കകം ഔഷധിയിൽ നിന്നും മുഴുവൻ മരുന്നും ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിവരവും മരുന്ന് ലഭ്യത സംബന്ധിച്ച് ജില്ലാ പഞ്ചായത്തിന് പ്രതിമാസ റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരവും ലഭ്യമാക്കേണ്ടതിന് 46/ 04.12.2017 നമ്പർ എൻക്വയറി നൽകി. 12.12.17ലെ 188/2017 നമ്പർ മറുപടി ലഭ്യമാക്കി.മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

മരുന്നുകൾ ലഭ്യമാക്കുന്നതു വരെ 2,56,309രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-34 തവനൂർ സീഡ് ഫാം- ദൈനംദിന ചെലവുകൾ- അപാകതകൾ

*പ്രൊജക്ട് നം. 274/17 : തവനൂർ വിത്തുദ്പാദനകേന്ദ്രത്തിലെ ദൈനംദിന ചെലവുകളും ഉദ്പാദനോപാധികൾ വാങ്ങലും.*

*അടങ്കൽ : 6,00,000 ( തനത് ഫണ്ട്)*

*ചെലവ് : 5,30,000*

തനതു ഫണ്ടുപയോഗിച്ചുള്ള ഈ പ്രൊജക്ടിലെ ചെലവുകൾ താഴെപ്പറയുന്നവയാണ്.

| *ക്രമ നം.* | *ചെക്ക് നം.* | *തുക* |
|---|---|---|
| 1 | 2250280/30-1-17 | 1,95,000 |
| 2 | 1609818/18-2-17 | 2,00,000 |
| 3 | 1609850/15-3-17 | 1,05,000 |
| 4 | 1609864/22-3-17 | 10,000 |
| 5 | 1609876/27-3-17 | 20,000 |
| | ആകെ | 5,30,000 |

ക്രമ നം.1 പ്രകാരമുള്ള ചെലവുകളുടെ വിവരങ്ങൾ വിവിധ രജിസ്റ്ററുകളിൽ ചേർത്തതായി വൗചരിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല. മറ്റു ചെക്കുകൾ പ്രകാരമുള്ള ചെലവുകളുടെയും, വാങ്ങിയവ സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ യാതൊരു രജിസ്റ്ററിലും ചേർത്തതായി വൗച്ചറിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽ പെടുത്തി നല്കിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ 5,30,000 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## 3-35 ആനക്കയം സീഡ് ഫാം- ദൈനംദിന ചെലവുകൾ- അപാകതകൾ

*പ്രൊജക്ട് നം. 265/17 : ഗവൺമെന്റ് വിത്തുദ്പാദനകേന്ദ്രം ആനക്കയം, ദൈനംദിന ചെലവുകളും ഉദ്പാദനോപാധികൾ വാങ്ങലും.*

*അടങ്കൽ : 7,00,000 ( തനത് ഫണ്ട്)*

*ചെലവ് : 4,51,580*

തനതു ഫണ്ടുപയോഗിച്ചുള്ള ഈ പ്രൊജക്ടിലെ ചെലവുകൾ താഴെപ്പറയുന്നവയാണ്.

| *ക്ലയിം നം.* | *ചെക്ക് നം.* | *തുക* |
|---|---|---|
| 1 | 2250271/23-1-17 | 2,00,000 |
| 2 | 2250299/8-2-17 | 54,000 |
| 3 | 1609833/4-3-17 | 1,23,000 |
| 4 | 1609883/29-3-17 | 74,580 |
| | ആകെ | 4,51,580 |

ഇവ പരിശോധിച്ചപ്പോൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ദൈനംദിന ചെലവുകളുടെ വിവരങ്ങൾ കണ്ടിജന്റ് രജിസ്റ്ററിൽ ചേർത്ത് വാർഷിക കണക്ക് തയ്യാറാക്കിയിട്ടില്ല. (ഇതിന്റെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള വർഷത്തെ ബജറ്റും, പ്രൊജക്ടുകളും തയ്യാറാക്കേണ്ടത്.)

2) വൈദ്യുതി ചാർജിനത്തിൽ 6 വ്യത്യസ്ത കൺസ്യൂമർ നമ്പരിൽ തുക ഒടുക്കിയിട്ടുണ്ട്. ഇവ ഏതെല്ലാമാണെന്ന് (ഉദാ:- ഓഫീസ് കെട്ടിടം, പമ്പ് ഹൗസ്...) വൗച്ചറുകളിൽ വ്യക്തമാക്കിയിട്ടില്ല.

3) വിവിധ ഫാം മെഷിനറികൾ, വാഹനങ്ങൾ തുടങ്ങിയവയ്ക്ക് വാങ്ങിയ പെട്രോൾ, ഡീസൽ വൗച്ചറുകളിൽ അവ ഏതു മെഷിനറിക്ക്/ വാഹനത്തിന് വാങ്ങി എന്നും ലോഗ് ബുക്കിൽ ചേർത്ത വിവരവും രേഖപ്പെടുത്തിയിട്ടില്ല.

4) ക്ലയിം നം. 1-ലെ ക്രമ നം. 6-ൽ ചെലവഴിച്ച 27,942 രൂപയിൽ ഇനം. 10 ആയി 6720 രൂപ , തെങ്ങൊന്നിനു 30 രൂപ നിരക്കിൽ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ വൗച്ചർ തയ്യാറാക്കിയ ഷീറ്റിൽ 18-4-16, 20-4-16, 21-4-16 എന്നീ തിയ്യതികളിലെ തേങ്ങ പറിച്ചതിൽ 50 തെങ്ങുകൾക്ക് നമ്പർ നല്കിയിട്ടില്ലെന്നു കാണുന്നു.

അതു പോലെ, ക്ലയിം നം. 2-ൽ വൗച്ചർ നം. 4(37)- മുതൽ 4(40) വരെയായി ഈയിനത്തിൽ 10,160 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവയോടൊപ്പം ഏതെല്ലാം മരങ്ങളിലാണ് കയറിയതെന്ന കാണിക്കുന്ന ഷീറ്റ് ചേർത്തിട്ടില്ല.

കൂടാതെ, പറിച്ചെടുത്ത തേങ്ങകൾ സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ ചേർത്തിട്ടില്ല.

5) സർക്കാർ ഓഫീസുകൾക്ക് സ്റ്റേഷനറി ഡിപ്പാർട്മെന്റിൽ നിന്നും ലഭിക്കുന്ന ഓഫീസ് സ്റ്റേഷനറികളും രജിസ്റ്ററുകളും, വിതരണം നിർത്തിയ പേനകൾ പോലെയുള്ളവയും, ഈ പ്രൊജക്ടു പ്രകാരം വാങ്ങിയതായി കാണുന്നുണ്ട്. അതു പോലെ, വ്യത്യസ്ത വസ്തുക്കൾ സ്റ്റോക്ക് രജിസ്റ്ററിന്റെ ഒരേ പേജിൽ രേഖപ്പെടുത്തിയതായും, ഇഷ്യൂ ചെയ്തവ കൈപ്പറ്റിയ ആളുകളുടെ വ്യക്തമായ പേരുവിവരം രേഖപ്പെടുത്താത്തതായും കാണുന്നുണ്ട്.

6) വളം, വിത്തുകൾ മുതലായവ വാങ്ങിയത്, "എ.ബ്ലോക്കിലേക്ക് നല്കി " തുടങ്ങിയ രേഖപ്പെടുത്തലാണ് ചേർത്തു കാണുന്നത്. ശാസ്ത്രീയ കൃഷി രീതി ജനങ്ങൾക്ക് പകർന്നു കൊടുക്കേണ്ട ഇത്തരം സ്ഥാപനങ്ങളിൽ ഇവ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും വിളവെടുക്കുന്നതിനും അംഗീകൃതമായ സ്ഥിതിവിവരക്കണക്കുകൾ (ഡാറ്റകൾ) പ്രയോജനപ്പെടുത്തുകയും, അതു പ്രകാരമുള്ള ആവശ്യകത വൗച്ചറുകളിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതായിരുന്നു. അപ്രകാരം ചെയ്തു കാണുന്നില്ല.

അപാകതകൾ ശ്രദ്ധയിൽ പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുമെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ വരും വർഷങ്ങളിലെ ഓഡിറ്റിൽ നിരീക്ഷിക്കുന്നതാണ്.

## 3-36 കോഴിവളർത്തു കേന്ദ്രം- പദ്ധതി നിർവഹണം- അപാകതകൾ

*പ്രൊജക്ട് നം. 1064/17 : ജില്ലാ പൗൾട്രി ഫാം - ദൈനംദിന ചെലവുകൾ*

*ചെലവ്: 20,00,000 (ചെക്ക് നം. 1609859/18-3-17)*

*പ്രൊജക്ട് നം. 1270/17 ജില്ലാ പൗൾട്രി ഫാമിൽ ദൈനംദിന ചെലവുകൾ*

*ചെലവ് : 9,94,809 (ചെക്ക് നം. ലഭ്യമല്ല).*

*പ്രൊജക്ട് നം. 5/17 : ആതവനാട് കോഴിവളർത്തു കേന്ദ്രം ദൈനംദിന ചെലവുകൾ*

*ചെലവ് : 1,78,773 (ചെക്ക് നം. 11964325/9-8-16) തനതു ഫണ്ട്.*

തനതു ഫണ്ടുപയോഗിച്ചുള്ള ഈ മൂന്നു പ്രൊജക്ടിലും, ജില്ലാ പൗൾട്രി ഫാമിലെ ദൈനംദിന ചെലവുകൾക്കാണ് തുക

വകയിരുത്തിയിട്ടുള്ളത്.

പ്രൊജക്റ്റ് നം. 1064/17 പ്രകാരമുള്ള ചെലവുകളുടെ വൗച്ചറുകൾ ക്രമ നം. 1 മുതൽ 82 വരെയും, പ്രൊജക്റ്റ് നം. 1270/17 പ്രകാരമുള്ള ചെലവുകളുടെ വൗച്ചറുകൾ ക്രമ നം. 83 മുതൽ 199 വരെയും *പ്രൊജക്റ്റ് നം. 5/17* പ്രകാരമുള്ള ചെലവുകളുടെ വൗച്ചറുകൾ വേറെയുമായി സൂക്ഷിച്ചിട്ടുണ്ട്.

മൂന്ന പ്രൊജക്റ്റിലെയും ചെലവുകൾ സമാന സ്വഭാവമുള്ളതാണ്. പ്രധാനമായും താഴെപ്പറയുന്ന ഇനങ്ങളാണ് ചെലവിലുൾപ്പെടുന്നത്.

1-Cost of Starter Feed

2. Cost of Chicks
3. Cost of Feed
4. Cost of old news paper
5. Cost of saw dust

6)Cost of fuel

7. Cost of Vaccine

8)Cost of medicine

9)Cost of chick mash

10) Computer maintainance.

11) Transportation Charge.

12) Loading charges

13) Electricity charges.

വ്യത്യസ്ത പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകൾ, താഴെ കാണിച്ച പ്രകാരം ഒരേ കാലയളവിലുള്ളതാണെന്ന കാണുന്നു. ഇത്തരത്തിൽ ഒരേ ആവശ്യത്തിനു മൂന്ന പ്രോജക്ടുകൾ തയ്യാറാക്കേണ്ടി വരുന്നതും, വൗച്ചറുകൾ ക്രമമില്ലാതെ തയ്യാറാക്കുന്നതും ചെലവുകളുടെ ആവർത്തനത്തിനും ക്രമക്കേടുകൾക്കും ഇടയാക്കുന്നതാണ്.

| പ്രൊജക്റ്റ് നം. | കാലയളവ് | വൗച്ചറുകളുടെ എണ്ണം |
|---|---|---|
| പ്രൊജക്റ്റ് നം. 5/17 | 20-3-16 to 8-8-16 | 103 |
| പ്രൊജക്റ്റ് നം. 1064/17 | 18-3-16 to 19-11-16 | 82 |
| പ്രൊജക്റ്റ് നം. 1270/17 | 31-5-16 to 16-12-16 | 117 |

സാധനങ്ങളും സേവനങ്ങളും വാങ്ങിയതിന്റെ ബില്ലുകൾ തുടർച്ചയായി ടാഗ് ചെയ്ത് സൂക്ഷിച്ചതാണ് കാണുന്നത്. ബില്ലുകൾ റദ്ദ് ചെയ്യുകയും, തുക പാസ്സാക്കുകയും, വൗച്ചർ നമ്പർ നല്കുകയും ചെയ്തിട്ടുണ്ടെങ്കിലും, ബിൽ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും, കണ്ടിജന്റ് രജിസ്റ്ററിൽ ചേർത്തതിന്റെയും വിവരങ്ങൾ ചേർത്തിട്ടില്ല. വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ ചേർക്കുകയും , വരവു ചെലവുകൾ വാർഷികമായി സംഗ്രഹിക്കുകയും ചെയ്യേണ്ടതാണ്.

അപാകതകൾ ശ്രദ്ധയിൽ പെടുത്തി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-37 <u>പച്ചക്കറി കൃഷിക്ക് കൂലി ചെലവ്-മാർഗരേഖ പാലിച്ചില്ല.</u>

വനിതകൾക്ക് പച്ചക്കറി കൃഷിക്ക് കൂലി ചെലവ് നൽകുന്നതിന് കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയരക്ടർ നിർവഹണം നടത്തിയ പ്ലാൻ വിഹിതം ജനറൽ പതിനഞ്ച് ലക്ഷം രൂപ വകയിരുത്തിയ 521/17പ്രോജക്ടിന് ബിൽ നമ്പർ 01/21.03.2017പ്രകാരം 133319രൂപയും, ബിൽ നമ്പർ 04/25.03.2017പ്രകാരം 345792രൂപയും ഉൾപ്പെടെ 479111 രൂപ ചെലവ് ചെയ്തിട്ടുണ്ട് .

വിവിധ ഗ്രാമ പഞ്ചായത്തുകളിലെ ജനറൽ വിഭാഗത്തിൽ പെട്ട 62 സംഘകൃഷി ഗ്രൂപ്പുകൾക്കാണ് സബ്സിഡി തുക അനുവദിച്ചിട്ടുള്ളത്.ആകെ 143.7 ഏക്കർ സ്ഥലത്താണ് കൃഷി ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്.GO(MS)04/2016/lsgd/Dtd 11.01.2016 സബ്സിഡി മാർഗരേഖ പ്രകാരവും തുടർന്നുള്ള ഭേദഗതി ഉത്തരവുകൾ പ്രകാരവും ചെറുകിട,നാമമാത്ര

കർഷകർക്കും,കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും, സംഘകൃഷി ഗ്രൂപ്പുകൾക്കും പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകാവുന്നതാണ്. ഒരു ഹെക്ടറിന് 10000 രൂപയാണ് സബ്സിഡിയുടെ പരമാവധി തുക നിശ്ചയിച്ചിട്ടുള്ളത്.എന്നാൽ ഒരു ഏക്കറിന് 3333 രൂപ നിരക്കിലാണ് ഈ പ്രോജക്ട് പ്രകാരം ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകിയത് എന്ന് കാണുന്നു.

പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ കൊടുത്ത വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

-പദ്ധതി മാർഗ രേഖ പ്രകാരം കൃഷി വകുപ്പിന്റെയോ,ഗ്രാമ പഞ്ചായത്തിന്റെയോ, ബ്ലോക്ക് പഞ്ചായത്തിന്റെയോ ഏതെങ്കിലും സ്കീം പ്രകാരം പച്ചക്കറി കൃഷിക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നവർ (ഉൽപാദനോപാധികൾക്ക് പുറമെ) ഈ സബ്സിഡിക്ക് അർഹരല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയിൽ നിന്ന് മറ്റ് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച യാതൊരു വിവരവും കൃഷി ഓഫീസറുടെ റിപ്പോർട്ടിൽ ഉൾപെടുത്തിയിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

-പാട്ടകൃഷി ചെയ്യുന്നവർ സ്ഥലം ഉടമയുടെ സമ്മതപത്രം ഹാജരാക്കണം എന്ന മാർഗ രേഖയിലെ നിർദേശവും പാലിച്ചിട്ടില്ല എന്നും ശ്രദ്ധയിൽ പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ബ്ളോക്ക് , ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നുറപ്പ് വരുത്തിയ ശേഷമേ ക്ലയിമുകൾ സമർപ്പിക്കാവു എന്ന് കൃഷി ഓഫീസർമാർക്ക് നിർദേശം നൽകിയിരുന്നു എന്നും കൃഷി പരിശോധിച്ച ശേഷം മാത്രമാണ് പാട്ട കർഷകർക്ക് ആനുകൂല്യം നൽകിയത് എന്നും ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകി.

പദ്ധതി മാർഗരേഖ പാലിക്കാതെ പ്രോജക്ട് നിർവഹണം നടത്തുന്നത് ക്രമപ്രകാരമല്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

## 3-38 തെരുവു നായ നിയന്ത്രണ പദ്ധതി - അപാകതകൾ

പ്രൊജക്ട് നം. 1097/17: തെരുവു നായ നിയന്ത്രണ പദ്ധതി

അടങ്കൽ : 1,28,00,000

ചെലവ്: 10,00,000

നിർവ്വഹണം - ഡെപ്യൂട്ടി ഡയരക്ടർ (മൃഗ സംരക്ഷണം)

പദ്ധതി രൂപീകരണ ഫോറത്തിൽ ഈ പദ്ധതിക്ക് ഫണ്ട് കണക്കാക്കിയത് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| തനത് ഫണ്ട് | 10,00,000 |
| മറ്റ് ഗ്രാമ പഞ്ചായത്തുകൾ | 90,00,000 |
| മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾ | 28,00,000 |
| ആകെ | 1,28,00,000 |

ഈ പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് വകയിരുത്തിയ തനതു ഫണ്ട് 10,00,000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ ഡെപ്യൂട്ടി ഡയരക്ടർ (മൃഗ സംരക്ഷണം) ത്തിന് കൈമാറിയിട്ടുണ്ട്.

പദ്ധതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ഈ പദ്ധതിയുടെ വരവു ചെലവു കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

സംയുക്ത പ്രൊജക്ട് ആയി രൂപീകരിച്ച ഈ പദ്ധതിക്കായി നാളിതു വരെ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും, എത്ര രൂപ വീതം ലഭിച്ചുവെന്നും, ആകെ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുന്ന ഒരു വരവു ചെലവു കണക്ക് തയ്യാറാക്കിയിട്ടില്ല. ഇത്തരത്തിൽ, പദ്ധതിയുടെ ഓരോ വർഷത്തെയും, നാളിതു വരെയുമുള്ള വരവു ചെലവു കണക്കുകൾ തയ്യാറാക്കി, പകർപ്പുകൾ വിഹിതം നല്കിയ സ്ഥാപനങ്ങൾക്ക് വിനിയോഗ സാക്ഷ്യ പത്രമായി നല്കേണ്ടതാണ്.

2) പണം കൈപ്പറ്റിയതിന് രശീതി നല്കിയിട്ടില്ല.

സർക്കാരിന്റെയും, ജില്ലാ ഭരണകൂടത്തിന്റെയും നിർദേശാനുസരണം ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തെരുവു നായ നിയന്ത്രണ പദ്ധതികൾ രൂപീകരിക്കുകയും, ടി പദ്ധതികൾ പ്രകാരമുള്ള തുകകൾ മുൻകൂറായി പിൻവലിച്ച് , ജില്ലാ പഞ്ചായത്തിന് കൈമാറുകയുമാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം കൈപ്പറ്റിയ ഫണ്ടിന് ജില്ലാ പഞ്ചായത്ത് രസീതി നല്കുകയും, വിനിയോഗ സാക്ഷ്യപത്രം നല്കുകയും ചെയ്യേണ്ടതുണ്ട്. അല്ലാത്ത പക്ഷം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം, നിർവഹണ ഉദ്യോഗസ്ഥർ ഇപ്രകാരം രസീതി നല്കേണ്ടതാണ്.

3) പഞ്ചായത്ത് ഫണ്ട് നിർവഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമത്തിലല്ല.

ഈ പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന്റെയും, മറ്റു ഘടക സ്ഥാപനങ്ങളുടെയും വിഹിതം മുൻകൂറായി പിൻവലിച്ച് , നിർവഹണ ഉദ്യോഗസ്ഥന്റെ പേരിൽ ജില്ലാ ട്രഷറിയിൽ ആരംഭിച്ച Special TSB A/C No. 799011400000305 -ൽ നിക്ഷേപിച്ചിരിക്കുകയാണ്. (ജി. പ. സെക്രട്ടറിയുടെ 16-12-16ലെയും 29-12-16 ലെയും P4-3632/16 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ, ഇത്തരത്തിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ GO(Rt) No. 10108/2016/Fin. Dt. 30-12-16 പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ, ടി അക്കൗണ്ടിൽ കാലപരിധിയില്ലാതെ തുക സൂക്ഷിക്കുവാനോ, (ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും വേറിട്ട് തുക സൂക്ഷിക്കുവാനോ അനുമതി നല്കിയിട്ടില്ല.) ഏക വർഷ പ്രൊജക്ട് പ്രകാരമുള്ള പഞ്ചായത്തു ഫണ്ട് ഇപ്രകാരം ഒരു ഉദ്യോഗസ്ഥന്റെ പേരിലുള്ള അക്കൗണ്ടിൽ,

പ്രസ്തുത വർഷത്തിനു ശേഷവും സൂക്ഷിക്കുന്നത് ക്രമത്തിലല്ല. ഫണ്ട് ജില്ലാ പഞ്ചായത്തിൽ ഈടാക്കി ബാധ്യതാ ഹെഡിൽ വരവു വയ്ക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. ജില്ലാ പഞ്ചായത്തും, നിർവഹണ ഉദ്യോഗസ്ഥനും ഇത്തരം ക്രമ വിരുദ്ധമായ നടപടി സ്വീകരിച്ചതിന്റെ കാരണം വ്യക്തമല്ല.

4) പദ്ധതി ലക്ഷ്യം നേടിയില്ല.

കേരളത്തിലെ എല്ലാ ജില്ലകളിലുമെന്ന പോലെ, മലപ്പുറം ജില്ലയിലെയും ജനജീവിതത്തെ വളരെ ആശങ്കപ്പെടുത്തിയ തെരുവു നായകളുടെ ആക്രമണഭീതിയെ ശമിപ്പിക്കുവാനുള്ള ശാസ്ത്രീയ മാർഗമെന്ന നിലയിലാണ് ABC പദ്ധതി നടപ്പിലാക്കുന്നത്. ഈ രംഗത്തെ വിദഗ്ധർ എന്ന നിലയിൽ മൃഗസംരക്ഷണ വകുപ്പിലെ ജില്ലാ തല ഉദ്യോഗസ്ഥനെ നിർവഹണവും ഏല്പിച്ചിട്ടുണ്ട്. എന്നിട്ടും പദ്ധതി ലക്ഷ്യം നേടിയില്ല എന്നു താഴെ കാണിച്ച വസ്തുതകൾ വ്യക്തമാക്കുന്നു.

| | |
|---|---|
| ഓഡിറ്റ് വർഷത്തിൽ വന്ധ്യംകരണം നടത്തിയ നായകളുടെ എണ്ണം | 385 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,84,071 |
| പദ്ധതി നടപ്പാക്കിയ ഘടക സ്ഥാപന പ്രദേശങ്ങൾ | 3 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ABCവെബ്സൈറ്റിൽ മലപ്പുറം ജില്ലയുടെ പദ്ധതി സംബന്ധിച്ച പരാമർശമൊന്നും കാണുന്നില്ലെന്നതും പ്രസ്താവ്യമാണ്.

5) നിർവഹണ രീതിയിൽ അവ്യക്തത

പദ്ധതി നിർവഹണം നടത്തുന്നത് Humane Society International (HSI) എന്ന അന്താരാഷ്ട്ര സംഘടന മുഖേനയാണ്. GO (Rt) No. 3107/2016/LSGD Dt. 16-11-16 പ്രകാരമാണ് ഈ സ്ഥാപനത്തെ ഏല്പിച്ചത്. ടി ഉത്തരവിലും, 12-1-17 ന് ഒപ്പു വച്ച Memorandum of Understandig (MOU) -ലും 3 മാസത്തേക്കാണ് ഇവരെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇക്കാലയളവിനുള്ളിൽ ഇവർ പൊന്നാനി, തിരൂർ, മഞ്ചേരി എന്നീ മൂന്നിടങ്ങളിലായി 385 തെരുവു നായകളെ മാത്രമാണ് വന്ധ്യംകരണം നടത്തിയത്. സംഘടനയുടെ റിപ്പോർട്ട് പ്രകാരം ജില്ലയിലെ ശ്വാനസാന്ദ്രത വളരെ കുറവാണെന്നാണ് പറഞ്ഞിട്ടുള്ളത്. (0.5 dogs per KM). അതു കൊണ്ട് തന്നെ വാഗ്ദാനം ചെയ്തതു പോലെ, പ്രതിമാസം 400 നായകളെ വന്ധ്യംകരണം ചെയ്യാൻ സാധിച്ചില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. ഈ പ്രസ്താവനയുടെ യാഥാർത്ഥ്യം സംശയാസ്പദമാണ്. സംഘടനയുടെ വൈദഗ്ധ്യവും, തദ്ദേശ സ്ഥാപനങ്ങളുടെ ജനകീയതയും വിഭവ ശേഷിയും സമന്വയിപ്പിക്കുവാൻ യാതൊരു ശ്രമവും ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഭാഗത്തു നിന്നുണ്ടായിട്ടില്ലെന്നും കാണുന്നു. (മൃഗസംരക്ഷണ വകുപ്പിന്റെയും, കൃഷി വകുപ്പിന്റെയും ഫാമുകൾ ഈ പദ്ധതി നിർവഹണത്തിനായി താത്കാലികമായി പോലും അനുവദിക്കാതിരുന്നത് ഇതിനുദാഹരണമാണ്.)

സർക്കാർ ഉത്തരവിൽ കാണിച്ച കാലാവധിക്കു ശേഷവും, പുരോഗതി സംബന്ധിച്ച് പരസ്പരം താല്പര്യമില്ലാഞ്ഞിട്ടും, ഈ സംഘടനയെ തന്നെ ഏല്പിച്ചതിന്റെ കാരണം വ്യക്തമല്ല.

6) തുടർനടപടികൾ ഇല്ല.

തെരുവു നായ നിയന്ത്രണ പരിപാടിയിൽ പ്രസക്തമായ തുടർനടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്തു തലത്തിൽ, വകുപ്പിന്റെ കീഴിലുള്ള വെറ്ററിനറി സർജനമാർക്ക്, ഇതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ നല്കിയതായി കാണുന്നില്ല. ഡിസ്പെൻസറികളിൽ കുത്തിവയ്പിനും ചികിത്സകൾക്കും കൊണ്ടു വരുന്ന നായകളെ, പഞ്ചായത്തീരാജ്/നഗരപാലികാ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യിക്കുവാനും, ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന നായകൾക്ക്, ജില്ലാ തലത്തിൽ, തിരിച്ചറിയൽ കോളറുകളോ മറ്റോ നല്കുവാൻ ഈ പദ്ധതിയുടെ ഭാഗമായി നടപടിയെടുത്തതായും കാണുന്നില്ല. അതു പോലെ ABC ചട്ടങ്ങൾ പ്രകാരം വിവിധ തലങ്ങളിൽ രൂപീകരിക്കേണ്ട സമിതികൾ രൂപീകരിച്ചതായോ, HSI-യുടെ റിപ്പോർട്ടിൽ ശക്തമായി ശുപാർശ ചെയ്തിട്ടുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചതായോ കാണുന്നില്ല.

അപാകതകൾ ശ്രദ്ധയിൽ പെടുത്തി നല്കിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതു വരെ 10,00,000 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## 3-39 പച്ചക്കറി കൃഷിക്ക് പ്രോൽസാഹനം-മാർഗരേഖ പാലിച്ചില്ല.

പട്ടിക ജാതി വിഭാഗത്തിൽപെട്ട കർഷകർക്ക് പച്ചക്കറി കൃഷിക്ക് കൂലി ചെലവ് നൽകുന്നതിന് കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നിർവഹണം നടത്തിയ എസ്.സി.പി ഫണ്ട് പത്ത് ലക്ഷം രൂപ വകയിരുത്തിയ 520/17പ്രോജക്ടിന് ബിൽ നമ്പർ 02/21.03.2017പ്രകാരം 13333രൂപയും, ബിൽ നമ്പർ 03/21.03.2017പ്രകാരം 73331രൂപയും ഉൾപ്പെടെ 86664 രൂപ ചെലവ് ചെയ്തിട്ടുണ്ട് .

പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ കൊടുത്ത വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

-ഹരിശ്രീ കാവനൂർ,ജ്യോതി കീഴാറ്റൂർ,അമ്പിളി വണ്ടൂർ,കൃഷ്ണ വണ്ടൂർ,ദയ പെരുമണ്ണ ക്ലാരി, ബിസ്മില്ല പെരുമണ്ണ ക്ലാരി എന്നീ ആറ് സംഘകൃഷി ഗ്രൂപ്പുകൾക്കാണ് സബ്സിഡി തുക അനുവദിച്ചിട്ടുള്ളത്.ഇതിൽ കൃഷ്ണ വണ്ടൂർ ഒന്നര ഏക്കറിലും അവശേഷിച്ചവ ഒരു ഏക്കറിലുമാണ് കൃഷി ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്.GO(MS)04/2016/lsgd/Dtd 11.01.2016 സബ്സിഡി മാർഗരേഖ പ്രകാരവും തുടർന്നുള്ള ഭേദഗതി ഉത്തരവുകൾ പ്രകാരവും ചെറുകിട,നാമമാത്ര കർഷകർക്കും,കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും, സംഘകൃഷി ഗ്രൂപ്പുകൾക്കും പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകാവുന്നതാണ്.വിത്ത്, വളം ,കൂലി ചെലവ് എന്നിവ ഉൾപെടെയുള്ള ചെലവുകൾക്കാണ് ആനുകൂല്യം നൽകുന്നത്. എന്നാൽ വിത്ത് , വളം എന്നിവ വാങ്ങിയത് സംബദ്ധിച്ച രേഖകൾ ആധികാരികമല്ല.

-പദ്ധതി മാർഗ രേഖ പ്രകാരം കൃഷി വകുപ്പിന്റെയോ,ഗ്രാമ പഞ്ചായത്തിന്റെയോ, ബ്ലോക്ക് പഞ്ചായത്തിന്റെയോ ഏതെങ്കിലും സ്കീം പ്രകാരം പച്ചക്കറി കൃഷിക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നവർ (ഉൽപാദനോപാധികൾക്ക് പുറമെ) ഈ സബ്സിഡിക്ക് അർഹരല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ മറ്റ് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച യാതൊരു വിവരവും കൃഷി ഓഫീസറുടെ റിപ്പോർട്ടിൽ ഉൾപെടുത്തിയിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

-സബസിഡി അനുവദിക്കുന്നത് പാട്ടഭൂമിയിൽ സംഘകൃഷി ചെയ്യുന്ന ആറ് കുടുംബശ്രീ ഗ്രൂപ്പുകൾക്കാണ് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.എന്നാൽ സ്ഥലം ഉടമയുടെ സമ്മതപത്രം ഹാജരാക്കണം എന്ന മാർഗ രേഖയിലെ നിർദേശവും , അമ്പിളി വണ്ടൂർ ഗ്രൂപ്പ് ഒഴികെ, പാലിച്ചിട്ടില്ല എന്നും ശ്രദ്ധയിൽ പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

ബ്ളോക്ക് , ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നുറപ്പ് വരുത്തിയ ശേഷമേ ക്ലയിമുകൾ സമർപ്പിക്കാവു എന്ന് കൃഷി ഓഫീസർമാർക്ക് നിർദേശം നൽകിയിരുന്നു എന്നും കൃഷി പരിശോധിച്ച ശേഷം മാത്രമാണ് പാട്ട കർഷകർക്ക് ആനുകൂല്യം നൽകിയത് എന്നും ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകി.

പദ്ധതി മാർഗരേഖ പാലിക്കാതെ പ്രോജക്ട് നിർവഹണം നടത്തുന്നത് ക്രമപ്രകാരമല്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

## 3-40 വിജയഭേരി പ്രൊജക്ടുകൾ പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 2016-17 -ൽ നിർവ്വഹണം നടത്തിയ നമ്പർ 597/17 വിജയഭേരി പ്രൊജക്ടിൽ ഉൾപ്പെട്ട പ്രവർത്തനങ്ങളും വകയിരുത്തിയ വികസനഫണ്ട് വിഹിതവും താഴെ ചേർക്കുന്നു.

| പ്രവർത്തനങ്ങൾ | വകയിരുത്തിയ വികസനഫണ്ട് |
|---|---|
| അദ്ധ്യാപക പരിശീലനങ്ങൾ | 250000 |
| വിദ്യാർത്ഥി/രക്ഷാകർതൃ പരിശീലനങ്ങൾ | 400000 |
| വിവിധ പ്രിന്റിംഗ് വർക്കുകൾ | 800000 |
| സംഘാടന ചെലവുകൾ | 50000 |
| ആകെ | 1500000 |

ജി.ഒ. (എം.എസ്) നമ്പർ 4/2016/തസ്വഭവ, തിയ്യതി 11.1.2016 പദ്ധതി/സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.6. ൽ വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ടുകൾക്കുള്ള നിർദ്ദേശങ്ങളും നിബന്ധനകളും വിശദമാക്കിയിട്ടുണ്ട്. അതിലെ ഇനം iii), ഇനം v) നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഈ പ്രൊജക്ട് തയ്യാറാക്കിയത്. ഇനം iii), ഇനം v) എന്നിവ താഴെ ചേർക്കുന്നു.

iii) വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മകശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടി അദ്ധ്യാപകപരിശീലനം ഉൾപ്പെടെ നിരവധി പരിപാടികൾ എസ്.എസ്.എ./ ആർ.എം.എസ്.എ നടപ്പിലാക്കുന്നുണ്ട്. അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ എസ്.എസ്.എ./ ആർ.എം.എസ്.എ പ്രൊജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്.

v) അദ്ധ്യാപക പരിശീലനങ്ങൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി, മറ്റ് പഠന സാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നു വരുന്ന പ്രവർത്തനങ്ങളാകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു മുമ്പ് സർക്കാർ അനുമതി വാങ്ങിച്ചിരിക്കേണ്ടതാണ്.

പ്രൊജക്ടിന്റെ നിർവ്വഹണത്തിലെ താഴെ പറയുന്ന ചെലവിനങ്ങൾ പദ്ധതി മാർഗ്ഗരേഖയിലെ മുകളിൽ പരാമർശിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

| ക്രമ നമ്പർ | ചെലവിനം | തുക | ട്രഷറി ബിൽ നമ്പർ |
|---|---|---|---|
| 1 | വിദ്യാഭ്യാസ ഓഫീസർമാരുടെയും അദ്ധ്യാപകരുടെയും വിവിധ മീറ്റിംഗ്/ശിൽപശാല ചെലവുകൾ | 56984 | 3/24.3.17 |
| 2. | ബേസ് ലൈൻ ചോദ്യപേപ്പർ പ്രിന്റിംഗ് | 292050 | 1/26.12.16 |
| 3 | കൈപുസ്തകം പ്രിന്റിംഗ് (10-ാം ക്ലാസ്) | 142500 | 5/24.3.17 |

| | | | |
|---|---|---|---|
| 4 | വിജയഭേരി കോർഡിനേറ്റർമാരുടെ ശിൽപശാല | 19346 | |
| 5 | സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം | 6410 | |
| | ആകെ | 517290 | |

പ്രൊജക്റ്റ് നമ്പർ 10/17 വിജയഭേരി-സ്റ്റെപ്പ്-2015-16 സ്പിൽ ഓവർ പ്രൊജക്റ്റിന്റെ നിർവ്വഹണത്തിലെ താഴെ പറയുന്ന ചെലവിനങ്ങളും പദ്ധതി മാർഗ്ഗരേഖയിലെ മുകളിൽ പരാമർശിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

| ക്രമ നമ്പർ | ചെലവിനം | തുക | ട്രഷറി ബിൽ നമ്പർ |
|---|---|---|---|
| 1 | വിദ്യാഭ്യാസ ഓഫീസർമാർ, വിജയഭേരി കോർഡിനേറ്റർമാർ, പി.ടി.എ പ്രസിഡന്റുമാർ എന്നിവരുടെ മീറ്റിംഗ് ചെലവുകൾ | 64297 | 2/26.12.16 |
| 2. | അദ്ധ്യാപക കൈപ്പുസ്തക നിർമാണ ശിൽപശാല | 32220 | 4/24.3.17 |
| 3 | അദ്ധ്യാപക പരിശീലനം | 93852 | |
| | ആകെ | 190369 | |

പ്രൊജക്റ്റിനു വേണ്ടി തൻവർഷം വകയിരുത്തിയ 196634 രൂപയിൽ 190369 രൂപ ചെലവഴിച്ചിട്ടുണ്ട്.

മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രൊജക്റ്റ് തയ്യാറാക്കുന്നതിനും പണം ചെലവഴിക്കുന്നതിനും സർക്കാരിൽനിന്നു പ്രത്യേകാനുമതി നേടിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ നമ്പർ 48/6.2.17 , 54/6.12.17 എന്നീ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി നൽകിയിട്ടില്ല.പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. പ്രത്യേക അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-41 ഒതുക്കുങ്ങൽ സ്കൂളിന് സ്മാർട്ട് ക്ലാസ് റൂം-

ഒതുക്കുങ്ങൽ ഹയർ സെക്കണ്ടറി സ്കൂളിന് സ്മാർട്ട് ക്ലാസ് മുറികൾ എന്ന 1074/17 പ്രോജക്റ്റ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാണ് നിർവഹണം നടത്തുന്നത്.999900 തനത് ഫണ്ട് വകയിരുത്തിയ പ്രോജക്ടിന് 904500രൂപ ചെലവുണ്ട്.( ചെക്ക് നമ്പർ 1609860/20.03.2017 )

ടെണ്ടർ നടപടികൾ സ്വീകരിച്ച് KSIE പാലക്കാട് മുഖേനയാണ് പ്രവൃത്തി നിർവഹിക്കുന്നത്.സ്ഥാപനത്തിന്റെ 218/04.03.2017 ഇൻവോയ്സ് പ്രകാരം ആവശ്യമായ സാധനങ്ങൾ സപ്ളൈ ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ഇവ കൈപറ്റിയതായി പ്രിൻസിപ്പൽ സർട്ടിഫൈ ചെയ്തതായും കാണുന്നു.

Pentouch interactive white board (Wall mountable-IR technology),Short through Projector XGA 2700 Luminus, Projector Wall Mount with fitting and cabling, Multi meda speaker system എന്നിവ ഒൻപത് എണ്ണം വീതമാണ് സപ്ളൈ ചെയ്യുന്നത് എന്ന് ഇൻവോയ്സിൽ നിന്ന് വ്യക്തമാവുന്നു.

എന്നാൽ ഇപ്രകാരം ലഭ്യമായ ഉപകരണങ്ങൾ സ്ഥാപിച്ച വിവരം , സ്ഥാപനത്തിന് തുക നൽകിയതിന്റെ വിവരങ്ങൾ , സ്കൂളിലെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപെടുത്തിയ വിവരം എന്നിവയൊന്നും ഫയലിൽ ഇല്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് നിർദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക 904500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-42 പുതുപ്പറമ്പ് സ്കൂളിന് ബസ്-ഇൻവോയ്സ് ഇല്ല

എടരിക്കോട് പഞ്ചായത്ത് പരിധിയിലെ പുതുപ്പറമ്പ ഹയർ സെക്കണ്ടറിക്ക് ബസ് എന്ന 591/17 പ്രോജക്റ്റ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയരക്ടറാണ് (ഫയൽ C6-36151/16) നിർവഹണം നടത്തുന്നത്. പ്ലാൻ ഫണ്ട് 15 ലക്ഷം വകയിരുത്തിയ പ്രോജക്ടിന് 1446659രൂപ ചെലവുണ്ട്.

ടെണ്ടർ നടപടികൾ സ്വീകരിച്ച് ടി.വി. സുന്ദരം അയ്യൻകാർ ആന്റ് സൺസ് Pvt Ltdഎന്ന സ്ഥാപനത്തിൽ നിന്നാണ് ബസ് വാങ്ങുന്നത്.സ്ഥാപനത്തിന്റെ 254/28.03.2017 പ്രഫോർമ ഇൻവോയ്സ് പ്രകാരമാണ് സ്ഥാപനത്തിന് തുക നൽകുന്നത്.

സ്ഥാപനം ലഭ്യമാക്കിയ രേഖകൾ പ്രകാരം 1398000 രൂപ വാഹനത്തിനും, 45159 രൂപ ഇൻഷ്വറൻസിനും, 3500 രൂപ താത്കാലിക രജിസ്ട്രേഷനുമാണ് .

ബസ് സ്കൂളിന് കൈമാറിയ വിവരം, വാഹനത്തിന്റെ തുടർ നടത്തിപ്പ് മെയിന്റനൻസ് എന്നിവയുമായി ബന്ധപ്പെട്ട നയപരമായ സമീപനങ്ങൾ വ്യക്തമാക്കുന്ന കരാർ പത്രം, സ്റ്റോക്കിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ, രജിസ്ട്രേഷൻ എന്നിവ വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ഇല്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.മാത്രമല്ല പ്രോഫോർമ ഇൻവോയ്സ് മാത്രമാണ് ഇപ്പോഴും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത്. ഇൻവോയ്സ് ഫയലിൽ ഉള്ളടക്കം ചെയ്യാതെ തുക നൽകിയത് ക്രമപ്രകാരമല്ല.

വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല.ടാക്സ് ഇൻവോയ്സിന്റെ അഭാവത്തിൽ ചെലവ് തുക 1446659 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-43 ഫയലുകൾ ലഭ്യമാക്കിയില്ല-ചെലവ് തുക തടസ്സം ചെയ്യുന്നു

മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയരക്ടർ 2016-17 വർഷം പത്ത് പ്രോജക്ടുകൾ നിർവഹണം നടത്തിയിട്ടുണ്ട്.എന്നാൽ രണ്ട് പ്രോജക്ട് ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് നിർദേശിച്ച് 44/04.12..2017 ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി. എന്നാൽ എട്ട് പ്രോജക്ട് ഫയലുകൾ മാത്രമാണ് ഹാജരാക്കിയത് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.ഹാജരാക്കാത്ത രണ്ട് ഫയലുകളുടെ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെക്ക്<br>നമ്പർ നമ്പർ |
|---|---|---|---|
| 695/17 അക്ഷരശ്രീ-സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടി (തനത് ഫണ്ട്) | 1310000 | 772946 | 2250237/26.12.2016 |
| 1019/17റവന്യൂ മീറ്റിന് ജേഴ്സി | 625100 | 196980 | 1609838/08.03.2017 |
| ആകെ | | 969926 | |

ഓഡിറ്റ് തിയ്യതി മുൻകൂട്ടി രേഖാമൂലം അറിയിക്കുകയും, ഓഡിറ്റ് എൻക്വയറി നൽകുകയും ചെയ്തിട്ടും ചെലവ് രേഖകൾ ഹാജരാക്കാതിരുന്ന നടപടി ക്രമപ്രകാരമല്ല.ഓഡിറ്റ് എൻക്വയറി നൽകിയിട്ടും ഫയൽ ഹാജരാക്കുകയുണ്ടായില്ല.വ്യക്തമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 969926 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-44 പുതുപ്പറമ്പ് സ്കൂളിന് ഉപകരണങ്ങൾ - വ്യക്തമായ വിവരങ്ങൾ ഇല്ല

മലപ്പുറം ജില്ലാ വിദ്യഭ്യാസ ഡെപ്യൂട്ടി ഡയരക്ടർ നിർവഹണം നടത്തിയതാണ് 1025/17 പുതുപ്പറമ്പ് സ്കൂളിന് ഉപകരണങ്ങൾ എന്ന പ്രോജക്ട്.മെയിന്റനൻസ് ഗ്രന്റ് നോൺ റോഡ് 2.5 ലക്ഷം വകയിരുത്തിയ പ്രോജക്ടിന് ബിൽ 08/29.03.2017 പ്രകാരം 246190 രൂപ ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്.ടെണ്ടർ നടപടികൾ സ്വീകരിച്ച് KSIE കോഴിക്കോട് മുഖേനയാണ് ഉപകരണങ്ങൾ വാങ്ങുന്നത്.

പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ ഉപകരണങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം | തുക |
|---|---|---|
| സൌണ്ട് സിസ്റ്റം,Sound Box 40 Nos, വയറിങ്ങ് മെറ്റീരിയൽസ് | 1 | 115400 |
| പ്ലാസ്റ്റിക്ക് ചെയർ- Armed | 109 | 69215 |
| സ്റ്റീൽ റാക്ക് 90x90x38 | 1 | 2875 |
| സ്റ്റീൽ ബുക്ക് ഷെൽഫ് 165x83x30 | 5 | 68700 |
| | 246190 | |

സൌണ്ട് സിസ്റ്റം സ്ഥാപിക്കുന്നതിന് ആവശ്യമായ വയർ, ഡി.പി സ്വിച്ച്, മറ്റ് വയറിങ്ങ് മെറ്റീരിയലുകൾ എന്നിവ ഉൾപ്പെടെയാണ് ഒരു യൂനിറ്റിന് 115400 രൂപ അനുവദിക്കുന്നത് എന്ന് വ്യക്തമാവുന്നു.എന്നാൽ ഈ സൌണ്ട് സിസ്റ്റം സ്കൂളിൽ സ്ഥാപിച്ച വിവരം KSIE റിപ്പോർട്ട് ചെയ്തിട്ടില്ല.സ്കൂൾ അധികാരികളും ഇൻസ്റ്റലേഷൻ വിവരം റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ്, ഇൻസ്റ്റലേഷൻ റിപ്പോർട്ട് , വാങ്ങിയ ഉപകരണങ്ങളുടെ പ്രവർത്തന ക്ഷമത എന്നിവ ലഭ്യമാക്കേണ്ടതാണ്.അത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-45 പൊൻമുണ്ടം GHSS ന് കമ്പ്യൂട്ടർ -സ്റ്റോക്ക് വിവരങ്ങൾ ഇല്ല

പൊൻമുണ്ടം GHSS സ്കൂളിന് കമ്പ്യൂട്ടർ എന്ന 1219/17 പ്രോജക്ട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയരക്ടറാണ് (File C6-7719/17)നിർവഹണം നടത്തുന്നത്.മെയിന്റനൻസ് ഫണ്ട് നോൺ റോഡ് അഞ്ച് ലക്ഷം വകയിരുത്തിയ പ്രോജക്ടിന് 454850 രൂപ ചെലവുണ്ട്.

കെൽട്രോൺ മുഖേനയാണ് പർച്ചേസ് ചെയ്യുന്നത്.കെൽട്രോണിന്റെ KSEDC/CLT/OA/1697/21.03.2017 ടാക്സ് ഇൻവോയ്സ് പ്രകാരം പതിനഞ്ച് ലെനോവ കമ്പ്യൂട്ടറുകൾ സപ്ളൈ ചെയ്യുകയും , ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഇവ സ്കൂളിലെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയ വിവരം ഫയലിൽ ഇല്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ 357/17 പ്രോജക്ടിന്റെ ഭാഗമായി ഇതേ സ്കൂളിന് അഞ്ച് കമ്പ്യൂട്ടറുകൾ നൽകിയതായി സെക്രട്ടറിയുടെ ഫയൽ (P3-773/16) പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നു.

ഈ ഇരുപത് കമ്പ്യൂട്ടറുകൾ സ്കൂളിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയ വിവരം , ബന്ധപ്പെട്ട രജിസ്റ്ററിന്റെ പകർപ്പ് സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന് നിർദേശിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.വ്യക്തമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-46 രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2016-17 വർഷത്തിൽ പ്രോജെക്ട് നമ്പർ 388/17 സ്റ്റേറ്റ് സീഡ് ഫാം ചോക്കാടിന്റെ ദൈനംദിന ചെലവുകൾക്കും ഉല്പ്പാദന ഉപാധികൾ വാങ്ങുന്നതിനും പ്രകാരം ടെലഫോൺ ബിൽ ,സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത്,ട്രാക്ടർ ടാക്സ് എന്നിവയുടെ റീഇംപേഴ്സ്മെന്റ് ബിൽ ആയി 15,793 രൂപ തനത് ഫണ്ടിൽനിന്നും ചെലവ് ചെയ്തിട്ടുണ്ട്. (ചെക്ക് നമ്പർ - 1609808/13-2-17). മേൽ ചെലവിനാധാരമായ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 43/4-12-17 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക 15,793 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-47 കോക്കനട്ട് നഴ്സറി- തുക നല്കിയതിന് കൈപ്പറ്റ് ഇല്ല.

*പ്രൊജക്ട് നം. 273/17 : പരപ്പനങ്ങാടി കോക്കനട്ട് നഴ്സറിയിലെ ദൈനംദിന ചെലവുകളും ഉദ്പാദനോപാധികൾ വാങ്ങലും.*

*അടങ്കൽ: 12,00,000 (തനതു ഫണ്ട്)*

*ചെലവ് : 10,50,000*

ഈ പ്രൊജക്ട പ്രകാരം പരപ്പനങ്ങാടി കോക്കനട്ട് നഴ്സറിയിലെ ദൈനംദിന ചെലവകൾക്കും ഉദ്പാദനോപാധികൾ വാങ്ങുന്നതിനുമായി താഴെപ്പറയുന്ന വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| *ക്ലെയിം നമ്പർ* | *തുക* |
|---|---|
| 1 | 2,50,000 |
| 2 | 2,75,000 |
| 3 | 2,50,000 |
| 4 | 2,00,000 |
| 5 | 75,000 |
| ആകെ | 10,50,000 |

ക്ലയിം നമ്പർ 4 പ്രകാരമുള്ള ചെലവ് : 2,00,000 രൂപ (ചെക്ക് നം. 1609882/29-3-17- തനതു ഫണ്ട്)- ൽ ഉൾപ്പെടുന്ന ക്രമ നം. 9 ചെലവ് 25,000 രൂപ , സ്റ്റേറ്റ് സീഡ് ഫാം , തവനൂരിൽ നിന്നും മുണ്ടകൻ വൈക്കോൽ ( ഇൻവോയ്സ് നം. 2/2017 ) 5000 KG @ 5/KG വാങ്ങിയതിന് തുക നല്കിയതാണ്. എന്നാൽ പ്രസ്തുത തുക, തവനൂർ സീഡ് ഫാം കൈപ്പറ്റിയതിന് രശീതി ഹാജരാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്ത് സ്ഥാപനമായ തവനൂർ സീഡ് ഫാം നിശ്ചിത മാതൃകയിലുള്ള രശീതി മാത്രമേ നല്കാൻ പാടുള്ളൂ. പകരം, വെള്ളക്കടലാസിൽ, തിയ്യതിയോ ചെക്കിന്റെ വിവരങ്ങളോ ചേർക്കാതെ ഒരു രശീതി നല്കിയതാണ് കാണുന്നത്.

തവനൂർ സീഡ് ഫാമിന്റെ രശീതികൾ പരിശോധിച്ചതിൽ, നാളിതുവരെ ഇത്തരമൊരു തുക വരവു വന്നതായും കാണുന്നില്ല. 2011ലെ കേരള പഞ്ചായത്തു രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 20 (എ) പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിനു വേണ്ടി ഏതു തരത്തിൽ കൈപ്പറ്റുന്ന തുകകൾക്കും നിർദിഷ്ട രശീതി നല്കേണ്ടതാണ്.

അപാകതകൾ ശ്രദ്ധയിൽ പെടുത്തി നല്കിയഓഡിറ്റ് എൻക്വയറിക്ക മറുപടി ലഭ്യമാക്കിയിട്ടില്ല.
അതിനാൽ രേഖകളില്ലാതെ ചെലവഴിച്ച 25,000 രൂപയുടെ ചെലവു അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ കൃഷി ഓഫീസർ ശ്രീ.ഒ. പ്രസന്നൻ പക്കൽ നിന്നും തിരിച്ചീടാക്കേണ്ടതാണ്.

## 3-48 നിർമിതി കേന്ദ്രയെ പ്രവൃത്തി ഏല്പിച്ചത് ക്രമത്തിലല്ല.

*പ്രൊജക്ട് നം. 6/17 : ജില്ലാ കോഴിവളർത്തൽ കേന്ദ്രം ആതവനാട് പുനരുദ്ധാരണം.*

ജില്ലാ കോഴിവളർത്തൽ കേന്ദ്രം ആതവനാടിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നവീകരണം ജോലികളാണ് ഈ സ്പിൽ ഓവർ പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ളത്. കേന്ദ്രം വെറ്ററിനറി സർജന്റെ 24-6-15 ലെ 109/15 നമ്പർ കത്തിൽ, 4-6-15- ൽ മലപ്പുറം ജില്ലാ പഞ്ചായത്തിൽ കൂടിയ ഫാം ഡവലപ്മെന്റ് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തി നിർമിതി കേന്ദ്രയെ ഏല്പിക്കാൻ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. മുൻവർഷ പ്രൊജക്ടിന്റെയോ, തൻവർഷ പ്രൊജക്ടിന്റെയോ പ്രൊജക്ട് ഫോറമോ മറ്റു വിവരമോ ഫയലിൽ ഇല്ല. 20,90,000 രൂപയുടെ എസ്റ്റിമേറ്റ് നിർമിതി കേന്ദ്രം തയ്യാറാക്കുകയും, 16 മാസത്തിനകം പൂർത്തിയാക്കുമെന്ന് കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. കരാറിലൊരിടത്തും കരാർ നമ്പരോ തിയ്യതിയോ ചേർത്തിട്ടില്ല. കരാർ തയ്യാറാക്കിയ മുദ്രപത്രം വാങ്ങിയത് 15-1-16 നാണെന്നു കാണുന്നു. കരാർ പത്രത്തിൽ ഒപ്പു വച്ച ഒരാളും തിയ്യതി ചേർത്തിട്ടില്ല. നിർമിതി കേന്ദ്രം പ്രൊജക്ട് മാനേജർ ശ്രീമതി. ബീന. കെ.ആർ-ന്റെ 21-1-16 ലെ NKMP/303/2015-16 നമ്പർ കത്തിൽ 4-3-17 -ൽ പ്രവൃത്തി പൂർത്തീകരിച്ചതായും, പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തിക്ക് ആകെത്തുക 16,69,213രൂപയാണെന്നും, നാളിതു വരെ 12,54,000 രൂപ ലഭിച്ചിട്ടുണ്ടെന്നും ബാക്കി തുക അനുവദിച്ചു തരണമെന്നും അപേക്ഷിക്കുന്നുണ്ട്. (തിയ്യതികളിലെ വൈരുധ്യം ശ്രദ്ധിക്കുക). നിർമിതി കേന്ദ്രയുടെ ലെറ്റർപാഡിലുള്ള 4-3-17 ലെ കംപ്ലീഷൻ സർട്ടിഫിക്കറ്റും, KFC Form 24-ലുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റും ഫയലിലുണ്ട്. 20-3-17 -ന് പ്രൊജക്ട് മാനേജർ സൈറ്റ് തിരികെ കൈമാറിയെങ്കിലും, വെറ്ററിനറി സർജൻ 20-6-17-നാണ് സൈറ്റ് ഏറ്റെടുക്കുന്നത്. ഫയലിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം താഴെ പറയും പ്രകാരമാണ് തുക നല്കിക്കാണുന്നത്.

| *വർഷം* | *തുക* | *ചെക്ക് നം.* | *ഡി.ഡി.നം.* | *നിർമിതി രസീതി നം.* |
|---|---|---|---|---|
| 2015-16 | 4,18,000 | 1626342/24-2-16 | 549074/25-2-16 | 352/25-2-16 |
| 2016-17 | 8,36,000 | 1964326/9-8-16 | 731381/16-8-116 | 434/17-8-16 |

| | | | | |
|---|---|---|---|---|
| ആകെ | 12,54,000 | | | |

M Book -ലോ (നമ്പർ NKMP/303/15-16) വർക്ക് ബില്ലിലോ Memorandum of Payment രേഖപ്പെടുത്തിയിട്ടില്ല. നികുതി ഈടാക്കിയതിന്റെയും ഒടുക്കിയതിന്റെയും വിവരങ്ങളും ലഭ്യമല്ല.

30-1-2013ലെ സ.ഉ.(സാധാ) നം.244/2013/ത.സ്വ.ഭ.വ. പ്രകാരം , തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗം ശക്തമായ സാഹചര്യത്തിൽ നിർമിതി കേന്ദ്രത്തിന്റെ തനതായ ടെക്നോളജി ഉപയോഗിച്ചുള്ള പ്രവൃത്തികൾ മാത്രമേ അവരെ ഏല്പിക്കാൻ പാടുള്ളൂ എന്ന ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ നിർമിതി കേന്ദ്രയുടെ തനതായ ടെക്നോളജി ഉപയോഗിക്കുന്ന യാതൊരു ഇനവും ഇല്ലാതിരിക്കെ, നിർമിതിയെ പ്രവൃത്തി ഏല്പിച്ചത് സർക്കാർ ഉത്തരവിനു വിരുദ്ധമായ നടപടിയാണ്. ഇക്കാരണത്താൽത്തന്നെ , മുകളിൽ സൂചിപ്പിച്ച അപാകതകൾ സംഭവിച്ചതായും കാണുന്നു.

അപാകതകൾ ശ്രദ്ധയിൽ പെടുത്തി നല്കിയഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-49 ഐ.എ.വൈ. വിഹിതം നല്കൽ-- കൈപ്പറ്റും വിനിയോഗവും ലഭ്യമായിട്ടില്ല.

1) പ്രൊജക്ട് ഡയരക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് നിർവഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾക്ക് ചെലവഴിച്ച തുകയുടെ കൈപ്പറ്റും വിനിയോഗസാക്ഷ്യ പത്രവും ലഭ്യമായിട്ടില്ല.

| ക്രമ നം. | ബിൽ നം./തുക | പ്രൊജക്ട് നം. | നല്കിയ ബ്ലോക്ക് പഞ്ചായത്ത് | നല്കിയ തുക |
|---|---|---|---|---|
| 1 | 3/18-1-17 / Rs. 42,51,140 | 594/17 : IAYഅധിക വിഹിതം (TSP) | അരീക്കോട് | 7,24,500 |
| | | | കാളികാവ് | 23,19,140 |
| | | | നിലമ്പൂർ | 5,63,500 |
| | | | പെരിന്തൽമണ്ണ | 3,22,000 |
| | | | വേങ്ങര | 2,41,500 |
| | | | വണ്ടൂർ | 80.500 |
| 2 | 4/9-2-17/ Rs. 1,00,00,000 | 592/17 : IAYഅധിക വിഹിതം (General) | അരീക്കോട് | 25,48,000 |
| | | | കാളികാവ് | 29,96,000 |
| | | | കൊണ്ടോട്ടി | 13,72,000 |
| | | | കുറ്റിപ്പുറം | 16,24,000 |
| | | | മലപ്പുറം | 14,60,000 |
| 3 | 5/9-2-17/ Rs. 1,00,00,000 | 593/17 : IAYഅധിക വിഹിതം (SCP) | അരീക്കോട് | 7,50,000 |
| | | | കാളികാവ് | 8,80,000 |
| | | | കൊണ്ടോട്ടി | 6,10,000 |

| | | | | |
|---|---|---|---|---|
| | | | കുറ്റിപ്പുറം | 3,50,000 |
| | | | മലപ്പുറം | 4,50,000 |
| | | | മങ്കട | 4,50,000 |
| | | | നിലമ്പൂർ | 4,50,000 |
| | | | പെരിന്തൽമണ്ണ | 15,00,000 |
| | | | പെരുമ്പടപ്പ് | 8,60,000 |
| | | | പൊന്നാനി | 8,50,000 |
| | | | താനൂർ | 3,20,000 |
| | | | തിരൂർ | 9,50,000 |
| | | | തിരൂരങ്ങാടി | 2,50,000 |
| | | | വേങ്ങര | 2,60,000 |
| | | | വണ്ടൂർ | 10,70,000 |
| 4 | 6/14-2-17/ Rs. 1,00,00,000 | 592/17 : IAYഅധിക വിഹിതം (General) | മലപ്പുറം | 29,36,000 |
| | | | മങ്കട | 24,08,000 |
| | | | നിലമ്പൂർ | 34,16,000 |
| | | | പെരിന്തൽമണ്ണ | 12,40,000 |
| 5 | 7/14-2-17/ Rs. 1,00,00,000 | 593/17 : IAYഅധിക വിഹിതം (SCP) | അരീക്കോട് | 7,50,000 |
| | | | കാളികാവ് | 8,80,000 |
| | | | കൊണ്ടോട്ടി | 6,10,000 |
| | | | കുറ്റിപ്പുറം | 3,50,000 |
| | | | മലപ്പുറം | 4,50,000 |
| | | | മങ്കട | 4,50,000 |
| | | | നിലമ്പൂർ | 4,50,000 |

| | | | | |
|---|---|---|---|---|
| | | | പെരിന്തൽമണ്ണ | 15,00,000 |
| | | | പെരുമ്പടപ്പ് | 8,60,000 |
| | | | പൊന്നാനി | 8,50,000 |
| | | | താനൂർ | 3,20,000 |
| | | | തിരൂർ | 9,50,000 |
| | | | തിരൂരങ്ങാടി | 2,50,000 |
| | | | വേങ്ങര | 2,60,000 |
| | | | വണ്ടൂർ | 10,70,000 |
| 6 | 8/17-2-17/ Rs. 1,00,00,000 | 592/17 : IAYഅധിക വിഹിതം (General) | പെരിന്തൽമണ്ണ | 24,56,000 |
| | | | പെരുമ്പടപ്പ് | 54,72,000 |
| | | | പൊന്നാനി | 20,72,000 |
| 7 | 9/17-2-17/ Rs. 1,00,00,000 | 593/17 : IAYഅധിക വിഹിതം (SCP) | അരീക്കോട് | 7,50,000 |
| | | | കാളികാവ് | 8,80,000 |
| | | | കൊണ്ടോട്ടി | 6,10,000 |
| | | | കുറ്റിപ്പുറം | 3,50,000 |
| | | | മലപ്പുറം | 4,50,000 |
| | | | മങ്കട | 4,50,000 |
| | | | നിലമ്പൂർ | 4,50,000 |
| | | | പെരിന്തൽമണ്ണ | 15,00,000 |
| | | | പെരുമ്പടപ്പ് | 8,60,000 |
| | | | പൊന്നാനി | 8,50,000 |
| | | | താനൂർ | 3,20,000 |
| | | | തിരൂർ | 9,50,000 |

| | | | | |
|---|---|---|---|---|
| | | | തിരൂരങ്ങാടി | 2,50,000 |
| | | | വേങ്ങര | 2,60,000 |
| | | | വണ്ടൂർ | 10,70,000 |
| 8 | 12/9-3-17/ Rs. 1,00,00,000 | 592/17 : IAYഅധിക വിഹിതം (General) | താനൂർ | 25,00,000 |
| | | | തിരൂർ | 30,48,000 |
| | | | തിരൂരങ്ങാടി | 12,60,000 |
| | | | വേങ്ങര | 17,92,000 |
| | | | വണ്ടൂർ | 14,00,000 |
| 9 | 13/9-3-17/ Rs. 99,42,,000 | 593/17 : IAYഅധിക വിഹിതം (SCP) | അരീക്കോട് | 7,74,000 |
| | | | കാളികാവ് | 8,88,000 |
| | | | കൊണ്ടോട്ടി | 6,27,000 |
| | | | കുറ്റിപ്പുറം | 3,36,000 |
| | | | മലപ്പുറം | 4,77,000 |
| | | | മങ്കട | 4,77,000 |
| | | | നിലമ്പൂർ | 3,51,000 |
| | | | പെരിന്തൽമണ്ണ | 14,22,,000 |
| | | | പെരുമ്പടപ്പ് | 8,85,000 |
| | | | പൊന്നാനി | 8,52,000 |
| | | | താനൂർ | 3,00,000 |
| | | | തിരൂർ | 9,30,000 |
| | | | തിരൂരങ്ങാടി | 2,58,000 |
| | | | വേങ്ങര | 2,91,000 |
| | | | വണ്ടൂർ | 10,74,000 |

| | | | | |
|---|---|---|---|---|
| 10 | 14/21-3-17/ Rs. 1,00,00,000 | 592/17 : IAYഅധിക വിഹിതം (General) | പെരുമ്പടപ്പ് | 44,12,000 |
| | | | താനൂർ | 22,04,000 |
| | | | തിരൂർ | 33,84,000 |
| 11 | 15/25-3-17/ Rs. 47,68,000 | 592/17 : IAYഅധിക വിഹിതം (General) | തിരൂർ | 47,68,000 |
| 12 | 16/25-3-17/ Rs. 1,00,00,000 | 1345/17 : IAYഅധിക വിഹിതം -SCP 2015-16(കുടിശ്ശിക) | അരീക്കോട് | 17,15,000 |
| | | | കാളികാവ് | 25,20,000 |
| | | | കൊണ്ടോട്ടി | 19,25,000 |
| | | | കുറ്റിപ്പുറം | 10,50,000 |
| | | | മലപ്പുറം | 11,20,000 |
| | | | മങ്കട | 6,30,000 |
| | | | നിലമ്പൂർ | 10,40,000 |
| 13 | 17/25-3-17/ Rs. 17,,00,000 | 1271/17 : IAYഅധിക വിഹിതം -SCP 2015-16(കുടിശ്ശിക) | അരീക്കോട് | 1,05,000 |
| | | | കാളികാവ് | 3,85,000 |
| | | | നിലമ്പൂർ | 11,75,000 |
| | | | വണ്ടൂർ | 35,000 |
| 14 | 18/27-3-17/ Rs. 1,00,00,000 | 1345/17 : IAYഅധിക വിഹിതം -TSP (കുടിശ്ശിക) | നിലമ്പൂർ | 4,65,000 |
| | | | പെരിന്തൽമണ്ണ | 15,40,000 |
| | | | പെരുമ്പടപ്പ് | 13,30,000 |
| | | | പൊന്നാനി | 9,45,000 |
| | | | താനൂർ | 4,55,000 |
| | | | തിരൂർ | 14,35,000 |
| | | | തിരൂരങ്ങാടി | 8,40,000 |

| | | | | |
|---|---|---|---|---|
| | | | വേങ്ങര | 8,12,288 |
| | | | വണ്ടൂർ | 21,77,712 |
| 15 | 18/27-3-17/<br>Rs. 4,82,288 | 1345/17 :<br>IAYഅധിക വിഹിതം -SCP 2015-16(കുടിശ്ശിക) | വണ്ടൂർ | 4,82,288 |

ആകെ ചെലവ് വിവരം, പ്രൊജക്ട് അടിസ്ഥാനത്തിൽ-

| | പ്രൊജക്ട് | ചെലവഴിച്ച തുക |
|---|---|---|
| 1 | 592/17 :<br>IAYഅധിക വിഹിതം (General) | 5,47,68,000 |
| 2 | 593/17 :<br>IAYഅധിക വിഹിതം (SCP) | 3,99,42,000 |
| 3 | 594/17 :<br>IAYഅധിക വിഹിതം (TSP) | 42,51,140 |
| 4 | 1271/17 :<br>IAYഅധിക വിഹിതം -SCP 2015-16(കുടിശ്ശിക) | 17,00,000 |
| 5 | 1345/17 :<br>IAYഅധിക വിഹിതം -SCP 2015-16(കുടിശ്ശിക) | 2,04,82,288 |
| | ആകെ | 12,11,43,428 |

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകകൾക്കടക്കം പഞ്ചായത്തുകൾ രശീതി നല്കേണ്ടതാണ്. അതിനാൽ തുകയുടെ കൈപ്പറ്റും വിനിയോഗസാക്ഷ്യ പത്രവും ലഭ്യമാക്കേണ്ടതാണ്.

2) ട്രഷറിയിൽ നിന്നും പിൻവലിച്ച ഈ തുകകൾ സംബന്ധിച്ച വിവരങ്ങൾ കാഷ്ബുക്കിലോ, മറ്റ് യാതൊരു രജിസ്റ്ററിലും ചേർത്തിട്ടില്ല. സ്ഥാപനത്തിന്റെ പേരോ, ആധികാരികത സംബന്ധിച്ച എന്തെങ്കിലും രേഖപ്പെടുത്തലുകളോ ഇല്ലാത്ത ഒരു ബൗണ്ട് ബുക്കിലെ അപൂർണമായ രേഖപ്പെടുത്തലുകൾ മാത്രമേയുള്ളൂ. നിയമാനുസൃതമായ രേഖപ്പെടുത്തലുകൾ വരുത്തിയ രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവു തുക,12,11,43,428 രൂപ തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-50 കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് മഞ്ചേരി - കമ്പ്യൂട്ടർ വാങ്ങൽ-പ്രവൃത്തി പൂർത്തിയായില്ല

ഗവൺമെന്റ് കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് മഞ്ചേരിയിലേക്ക് കമ്പ്യൂട്ടർ , അനുബന്ധ ഉപകരണങ്ങൾ നൽകുന്നതിനാണ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തുന്ന 713/17 പ്രോജക്ട്. (ഫയൽ P3-3352/16) മെയിന്റനൽസ് ഗ്രാന്റ് 845495 രൂപ വകയിരുത്തിയ പ്രോജക്ടിന് ബിൽ 36/24.03.2017 പ്രകാരം 845474 രൂപ പിൻവലിക്കുകയും ചെയിതിട്ടുണ്ട്.
പൊതു മരാമത്ത് ഇലക്ട്രിക്കൽ വിഭാഗം മഞ്ചേരി തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും , തൃശ്ശൂർ ഇലക്ട്രോണിക്സ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതിയും നൽകിയ പ്രവർത്തിക്ക് ഡെപ്പോസിറ്റ് വർക്കായിട്ടാണ് നിർവഹിക്കുന്നത് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.
പരാമർശിത ബിൽ നമ്പർ പ്രകാരം തുക പിൻവലിച്ച് , പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദേശ പ്രകാരം തുക പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ തൃശ്ശൂർ ജില്ലാ ട്രഷറിയിലെ 713011400000255

അകൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.
ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക അടവാക്കുന്നതിന് മുൻകൂറായി പണം പിൻവലിക്കാവുന്നതാണ്.ഇത് GO(P)177/2006/Fin 12.04.2006 ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥ പാലിച്ചും, GO(MS)04/2006/Lsgd/11.01.2016 പദ്ധതി മാർഗരേഖയിലെ നിർദേശങ്ങൾ പാലിച്ച്കൊണ്ടും ആയിരിക്കണം.എന്നാൽ പദ്ധതി മാർഗരേഖയിലെ ഭാഗം രണ്ട് പദ്ധതി ആസൂത്രണ നടപടികൾ (X) പ്രകാരം ബന്ധപ്പെട്ട വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി തദ്ദേശ സ്ഥാപനത്തിന് നൽകേണ്ടതും , ആയത് പ്രകാരം പ്രോജക്ട് തയ്യാറാക്കി അംഗീകാരം ലഭിച്ച് കഴിഞ്ഞാൽ നിർവഹണം നടത്തുന്ന വകുപ്പുമായി തദ്ദേശ സ്ഥാപനം കരാറിൽ ഏർപ്പെട്ട ശേഷം മാത്രമെ മുൻകൂർ നൽകാവൂ എന്നും നിർദേശിച്ചിട്ടുണ്ട്.എന്നാൽ ഈ നിർദേശം പരിഗണിക്കാതെയാണ് തുക അടവാക്കിയത് എന്നും പ്രവർത്തിയുടെ പൂർത്തീകരണം സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല എന്നും ശ്രദ്ധയിൽ പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കുകയുണ്ടായില്ല.
കരാർ വെക്കാതെ തുക അടവാക്കിയ നടപടി ക്രമത്തിലല്ല.പ്രവൃത്തിയുടെ പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 845474 രൂപ തടസ്സം ചെയ്യുന്നു.

## 3-51 മിനി കാപ്പിൽ കുടിവെള്ള പദ്ധതി - ആസൂത്രണത്തിൽ വീഴ്ചകൾ

കണ്ണമംഗലം ഗ്രാമ പഞ്ചായത്തിലെ മിനി കാപ്പിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടലും,പുനരദ്ധാരണവും ലക്ഷ്യമിട്ടാണ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തുന്ന 27/17 പ്രോജക്ട്. (ഫയൽ G3-3328/16) പ്ലാൻ വിഹിതം 15ലക്ഷം വകയിരുത്തിയ പ്രോജക്ടിന് ബിൽ 29/24.03.2017 പ്രകാരം 15ലക്ഷം രൂപ പിൻവലിക്കുകയും ചെയിതിട്ടുണ്ട്.ഡെപ്പോസിറ്റ് വർക്കായിട്ടാണ് പ്രോജക്ട് നിർവഹിക്കുന്നത്.

ഡെപ്പോസിറ്റ് ചെയ്ത് നിർവഹണം നടത്തുന്നതിനായി പദ്ധതിയുടെ എസ്റ്റിമേറ്റ് , മുൻകൂർ രസീത്,കരാർ എന്നിവ ലഭ്യമാക്കാൻ നിർദേശിച്ച് ജില്ലാ പഞ്ചായത്ത് , വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നുണ്ട്.വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ട് , എസ്റ്റിമേറ്റ് എന്നിവ അടിസ്ഥാനമാക്കിയാണ് തുക പിൻവലിക്കുകയും വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ , മലപ്പുറത്തിന്റെ 67000676537 SBI അകൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നത്.08.03.2017 ന് വാട്ടർ അതോറിറ്റിയുമായി കരാർ വെക്കുകയും ചെയ്യുന്നുണ്ട്.

-ഡിവിഷൻ മെമ്പറുടെ 25.05.2017 ലെ കത്തിൽ പ്രസ്തുത പദ്ധതി 'എം.എൽ.എ ഫണ്ടും, മറ്റ് വിഹിതങ്ങളും' ഉപയോഗിച്ച് പൂർത്തീകരിച്ചതായും, ഡെപ്പോസിറ്റ് ചെയ്ത തുക ഉപയോഗിച്ച് ഇതേ പഞ്ചായത്തിലെ തന്നെ കോവിലപ്പാറ മുട്ടിയൻതൊട്ട കോട്ടുമാട് കഴകൻചിന ഏരിയ പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി പകരമായി നിർവഹിക്കണമെന്നും നിർദേശിക്കുന്നുണ്ട്. ഇതേ ആവശ്യം ഉന്നയിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും വാട്ടർ അതോറിറ്റിക്ക് 12.07.2017 ന് കത്ത് നൽകുന്നുണ്ട്.എന്നാൽ വാട്ടർ അതോറിറ്റിയുടെ 31.10.2017 കത്തിൽ കണ്ണമംഗലം ഗ്രാമ പഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് ഡിവിഷന് കീഴിൽ നടപ്പിൽ വരുത്തുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ വിതരണ ശൃഖലകൾ പഞ്ചായത്തിന്റെ മുഴവൻ ഭാഗങ്ങളിലും നടന്ന് വരുന്നതിനാൽ ഡിവിഷൻ മെമ്പറും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും നിർദേശിച്ച പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ആവശ്യമില്ലാത്തതാണ് എന്ന് അറിയിക്കുന്നുണ്ട്.

08.03.2017 നാണ് കരാർ വെക്കുന്നത്. 24.03.2017 നാണ് ബിൽ മാറുന്നത്.25.05.2017 നാണ് ഈ പ്രവർത്തി മറ്റ് ഫണ്ടുകൾ ഉപയോഗപ്പെടുത്തി പൂർത്തിയാക്കി എന്ന് ഡിവിഷൻ മെമ്പർ റിപ്പോർട്ട് ചെയ്യുന്നത്.അതായത് ഈ പ്രവൃത്തി നടന്ന് കൊണ്ടിരിക്കുന്ന സമയത്താണ് ജില്ലാ പഞ്ചായത്ത് പ്ലാൻ വിഹിതം പിൻവലിക്കുന്നത്.ആസൂത്രണത്തിലെ ഗുരുതര വീഴ്ച്ചയായി ഇതിനെ വിലയിരുത്തുന്നു.

ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഒരു നിർമാണ പ്രവൃത്തി ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ അനുമതി / അപേക്ഷ വാങ്ങേണ്ടതാണ്.എന്നാൽ അപ്രകാരം ചെയതിട്ടില്ല എന്ന് വ്യക്തമാവുന്നു.ജില്ലാ പഞ്ചായത്തിന്റെ ആസ്തിയാണ് എങ്കിൽ ജില്ലാ പഞ്ചായത്തിന്റെ അറിവില്ലാതെ മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് പ്രവൃത്തി നിർവഹിക്കുന്നത് ജില്ലാ പഞ്ചായത്ത് അറിഞ്ഞില്ല എന്ന് വിലയിരുത്താനും ആവില്ല.

വ്യക്തമായ കാഴ്ച്ചപ്പാടോ ആസൂത്രണമോ അന്വേഷണമോ ഇല്ലാതെ പ്രോജക്ടിന്റെ ഭാഗമായി തുക നിക്ഷേപ്പിച്ചത് വീഴ്ച്ചയാണ്.സങ്കീർണമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി അംഗീകാരം ലഭിച്ച് വരുന്ന പ്രോജക്ടുകൾ , മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് പൂർത്തിയാക്കി എന്നത് പദ്ധതി പ്രവർത്തനങ്ങളിൽ ഏകോപനമില്ല എന്ന് വ്യക്തമാക്കുന്നു.തുക തിരിച്ചടവാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് ഭരണസമിതിയിൽ ചർച്ചചെയ്ത് നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകി.

നിക്ഷേപിച്ച തുക തിരികെ ഈടാക്കി സർക്കാർ ഹെഡിൽ അടവാക്കേണ്ടതാണ്.ചെലവ് തുക പതിനഞ്ച് ലക്ഷം ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-52 വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം - ലക്ഷ്യം കൈവരിക്കാനായില്ല

വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം നിർമാണ പ്രവൃത്തികളിലെ അപാകതകൾ 2014-15 ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു.പൂർത്തീകരിക്കാത്ത വർക്കിന് മുഴവൻ തുകയും നൽകിയതിലെ വീഴ്ച്ചയും പരാമർശിച്ചിരുന്നു.ഈ പദ്ധതിയുടെ തുടർ

പ്രവർത്തനങ്ങൾക്കായി 2016-17 വർഷം പ്ലാൻ വിഹിതം 466202 രൂപ വകയിരുത്തി 23/17 സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട് .ബിൽ 22/14.02.2017 പ്രകാരം പദ്ധതിക്കായി 128832 രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.ഫയൽ G3-2813/14 ഫയൽ പരിശോധിച്ച് താഴെ കൊടുത്ത കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

-2014-15 വർഷമാണ് ഉപകരണങ്ങൾ സ്ഥാപിക്കൽ എന്ന പ്രോജക്ട് ആരംഭിക്കുന്നത്.ഈ സ്ഥലം ആരുടെ ഉടമസ്ഥതയിലുള്ളതാണ്, നിലവിൽ ഏതെങ്കിലും പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

-പ്രവൃത്തി കോസ്റ്റ് ഫോർഡ് മുഖേനയാണ് നിർവഹിക്കുന്നത്.ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 4(32)-30.12.2014 തീരുമാന പ്രകാരമാണ് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതും കോസ്റ്റ് പോർഡിനെ ഏൽപിക്കുന്നതും. കരാർ പ്രകാരം ആറ് മാസമാണ് പ്രവൃത്തി പൂർത്തിയാക്കാനാനുള്ള കാലാവധി.കോസ്റ്റ് ഫോർഡ് ലഭ്യമാക്കിയ രേഖകൾ പ്രകാരം വർക്ക് പൂർത്തിയാവുന്നത് 07.06.2016 നാണ്.കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വ്യക്തമല്ല. നിയമ പ്രകാരമുള്ള ഫൈൻ ഈടാക്കാതെയാണ് തുക അനുവദിച്ചത് എന്നും വ്യക്തമാവുന്നു.

-കോസ്റ്റ് ഫോർഡിന് അനുവദിച്ച തുകയിൽ നിന്ന് കുറവ് ചെയ്ത വാറ്റ് , ആദായ നികുതി , വെൽ ഫയർ ഫണ്ട് എന്നിവ അടവാക്കുന്നതിനാണ് 23/17 പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത് എന്ന് കാണുന്നു.വാറ്റ് , ആദായ നികുതി എന്നിവ അടവാക്കിയ രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.എന്നാൽ വെൽഫയർ ഫണ്ട് അടവാക്കിയ വിവരം ലഭ്യമല്ല.നികുതി അടവാക്കാനായി മാത്രമാണ് പ്രോജക്ട് വെച്ചത് എന്ന് വ്യക്തമാവുന്നു.

-ശ്മശാനത്തിലേക്ക് നിലവിൽ വൈദ്യുതി ലൈൻ ഇല്ല എന്നും, ഇലക്ട്രിക്കൽ വർക്കുകൾ ചെയ്തിട്ടില്ല എന്നും, സ്ഥലത്ത് വെള്ള ലഭ്യതയില്ല എന്നും കോസ്റ്റ് ഫോർഡ് നൽകിയ കത്തിൽ നിന്ന് വ്യക്തമാവുന്നുണ്ട്. ഇവ ഉറപ്പ് വരുത്തിയാലല്ലാതെ പ്ലാന്റ് പ്രവർത്തിപ്പിക്കുക അസാധ്യമാണ് എന്നും കോസ്റ്റ് ഫോർഡ് തന്നെ ജില്ലാ പഞ്ചായത്തിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ സൌകര്യങ്ങൾ ഒരുക്കിയത് സംബന്ധിച്ച വിവരങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

ഈ പദ്ധതിയുടെ നിലവിലെ അവസ്ഥ റിപ്പോർട്ട് ചെയ്യേണ്ടതാണ്.സ്ഥലം സന്ദർശിച്ച് പ്രവൃത്തിയുടെ പുരോഗതി വിവരം വിലയിരുത്തുന്നതിന് സംവിധാനം ഒരുക്കേണ്ടതാണ് എന്ന് നിർദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകിയില്ല.

വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

തെരുവ് നായ പ്രജനന നിയന്ത്രണ പരിപാലന പദ്ധതി, സർക്കാറിന്റെ പ്രത്യേക അനുമതി പ്രകാരം മൃഗ സംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയരക്ടർ മുഖേന നടപ്പാക്കുന്നു എന്ന് P1-4389/2017 (2) കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തു.എന്നാൽ ലഭ്യമായ തുക, ചെലവഴിച്ച തുക എന്നിവ ലഭ്യമാക്കിയില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| വൈദ്യുതി ബോർഡ് | ചുള്ളിപ്പാറ റോഡിൽ ട്രൻസ്ഫോർമർ ,ലൈൻ മാറ്റൽ | 736505 | 0 | 736505 |
| വൈദ്യുതി ബോർഡ് | കക്കറ ശ്മശാനം വൈദ്യുതീകരണം | 79042 | 0 | 79042 |
| വൈദ്യുതി ബോർഡ് | പുതുപ്പറമ്പ് ലൈൻ മാറ്റൽ-എടരിക്കോട് | 1107204 | 0 | 1107204 |
| PWD | ഗവ കേമേർസ്യൽ ഇൻസ്റ്റിറ്റ്യൂട്ട് | 845474 | 0 | 845474 |

| | | | | |
|---|---|---|---|---|
| ഇലക്ട്രോണിക്സ് | മഞ്ചേരിക്ക് കമ്പ്യൂട്ടർ | | | |
| വാട്ടർ അതോറിറ്റി | മിനി കാപ്പിൽ DWS | 1500000 | 0 | 1500000 |
| വാട്ടർ അതോറിറ്റി | പട്ടിക്കാട് GHSS DWS | 675000 | 0 | 675000 |
| വാട്ടർ അതോറിറ്റി | തിരുനാവായ കുടിവെള്ള പദ്ധതി | 2000000 | 0 | 2000000 |
| വാട്ടർ അതോറിറ്റി | ചെറിയമുണ്ടം താനാളൂർ DWS | 1000000 | 0 | 1000000 |
| വാട്ടർ അതോറിറ്റി | അയനിക്കാട് കുടിവെള്ള പദ്ധതി | 200000 | 0 | 200000 |
| വാട്ടർ അതോറിറ്റി | തിരുനാവായ ത്വരിത കുടിവെള്ള പദ്ധതി | 1000000 | 0 | 1000000 |
| Silk | എഞ്ചിനീയറിങ്ങ് വിഭാഗം ഓഫീസ് നവീകരണം | 360000 | 360000 | |
| Silk | കോളനികളിൽ എൽ.ഇ.ഡി ലൈറ്റ് | 4000000 | 4000000 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല .

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിര നിക്ഷേപങ്ങൾ ഇല്ല .

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3(3) | 75000 | MIED | 11606100016/ 25.04.2016 |
| 2012-13 | 3(20)1,2 | 14172 | EE,Lsgd | 11606100107/ 26.04.2016 |
| 2012-13 | 3-14 | 130976 | EE,Lsgd | 11606100018/ 26.04.2016 |
| 2013-14 | 3-3 | 225000 | MIED | 11606100067/ 30.06.2016 |
| 1998-99 | 48 | 43366 | AXE,Agi,Anakkyam | 116061000112/ 11.08.2016 |
| 1998-99 | 49,69 | 126868 | I.O.C, Kochin | 116061000188/ 03.11.2016 |

| | | | | |
|---|---|---|---|---|
| 2014-15 | 3-35 | 9100 | EE,Lsgd | 116061000212/ 24.11.2016 |
| 2012-13 | 3-13 | 500000 | Secretery, Parappanangadi GP | 116061000250/ 20.01.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ജില്ലാ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൻ മേൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99,99-00 | | 2003-04 | 73,74 | സഹകരണസംഘങ്ങൾക്ക് സഹായം നൽകിത്. | നടപടി തുടരുന്നു. |
| 2000-01 | | 2004-05 | 72 | ,, | നടപടി തുടരുന്നു. |
| 2002-03 | 3-5, 6, 3,4,9,13,15,19 | 2006-07 | | അഡ്വാൻസ് കൈപറ്റി പണി പൂർത്തിയാക്കിയില്ല | ലഭ്യമല്ല |
| 2003-04 | 3-31,3-45,5,13,17,20,22,23, 9,24,35,45,43,11,9,2,7,2-4 | ,, | | 3-31 മാർക്കറ്റ് കെട്ടിട നിർമ്മാണം<br>3-9 കോണിക്കല്ല് കിടിവെള്ള പദ്ധതി<br>3-3 ചെറുകളമ്പ നാറാണത്ത് റോഡ്<br>2-4 അനാഥ ശാലകൾക്ക് അധിക സഹായം | നടപടി തുടരുന്നു. |
| 2004-05 | 3,7,8,11,12,33,34,35,38,40, 42,43,46,48,50,52,53,57 | 2007-08 | | 3-7 വൈദ്യുതി കുടിശ്ശിക അടവാക്കിയില്ല<br>3-8 നഷ്ട ക്വാർട്ടേഴ്സ് | നടപടി തുടരുന്നു. |
| 2007-08 | 3-11 | 2010-11 | | 3-11 വൗച്ചറുകൾ ഹാജരാക്കിയില്ല | നടപടി തുടരുന്നു. |
| 2009-10 | 3.54,73,79,81,101,107 | 2011-12 | | | നടപടി തുടരുന്നു. |
| | | 2013-14 | | തൊഴിൽ സംരംഭങ്ങൾ | നടപടി തുടരുന്നു. |
| 2011-12 | 3-12 | 2014-15 | | 3-1 കാർഷിക യന്ത്രവൽക്കരണം<br>3-2 കസ്റ്റം ഹയറിങ്ങ് സെന്റർ പർച്ചേസ് | നടപടി തുടരുന്നു. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 519377181 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 519445987 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3021896 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 136324586 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 56190 | രാജൻ.എൻ.വി,<br>എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| 3-2 | | 42197 | രാജൻ.എൻ.വി,<br>എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| 3-3 | | 14873 | മുഹമ്മദ് ബഷീർ.ടി.<br>എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| 3-4 | | 15169 | രാജൻ.എൻ.വി,<br>എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| 3-5 | | 83957 | രാജൻ.എൻ.വി,<br>എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| 3-9 | | 52505 | രാജൻ.എൻ.വി,<br>എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| 3-10 | | 39350 | രാജൻ.എൻ.വി,<br>എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| 3-15 | | 135051 | രാജൻ.എൻ.വി,<br>എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| 3-17 | | 41822 | രാജൻ.എൻ.വി,<br>എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| 3-24 | | 5898 | രാജൻ.എൻ.വി,<br>എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| 3-25 | | 12367 | രാജൻ.എൻ.വി,<br>എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| 3-26 | | 290674 | രാജൻ.എൻ.വി,<br>എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| 3-28 | | 9443 | രാജൻ.എൻ.വി,<br>എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| 3-31 | | 2197400 | സി.കെ. ഹേമതല, കുടുംബശ്രീ മിഷൻ കോ ഓർഡിനേറ്റർ |
| 3-47 | | 25,000 | ഒ.പ്രസന്നൻ,സീനീയർ കൃഷിഓഫീസർ,കോക്കനട്ട് |

| | | | |
|---|---|---|---|
| | | | നഴ്സറി.പരപ്പനങ്ങാടി |
| | | 3021896 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-13 | 79042 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| 3-18 | 675000 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| 3-23 | 4000000 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| 3-33(എ ) | 2583433 | ചീഫ് മെഡിക്കൽ ഓഫീസർ-ഹോമിയോ |
| 3-33(ബി) | 256309 | ചീഫ് മെഡിക്കൽ ഓഫീസർ-ആയുർവേദ |
| 3-34 | 5,30,000 | കൃഷി ഓഫീസർ, തവനൂർ സീഡ് ഫാം |
| 3-38 | 1000000 | ഡെപ്യൂട്ടി ഡയറക്ടർ-ആനിമൽ ഹസ്ബന്ററി |
| 3-41 | 904500 | ഡെപ്യൂട്ടി ഡയറക്ടർ-വിദ്യാഭ്യാസം |
| 3-42 | 1446659 | ഡെപ്യൂട്ടി ഡയറക്ടർ-വിദ്യാഭ്യാസം |
| 3-43 | 969926 | ഡെപ്യൂട്ടി ഡയരക്ടർ-വിദ്യാഭ്യാസം |
| 3-44 | 246190 | ഡെപ്യൂട്ടി ഡയരക്ടർ-വിദ്യാഭ്യാസം |
| 3-46 | 15,793 | സീനിയർ കൃഷി ഓഫീസർ,ചോക്കാട് ഫാം |
| 3-49 | 121143428 | പ്രോജക്ട് ഓഫീസർ, പ്.എ.യു |
| 3-50 | 845474 | സെക്രട്ടറി-ജില്ലാ പഞ്ചായത്ത് |
| 3-51 | 1500000 | സെക്രട്ടറി-ജില്ലാ പഞ്ചായത്ത് |
| 3-52 | 128832 | സെക്രട്ടറി-ജില്ലാ പഞ്ചായത്ത് |
| | 136324586 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-27 തുക 12964/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജൻ.എൻ.വി,എക്സിക്യൂട്ടീവ് എഞ്ചിനീയർ, Lsgd,Mpm | എക്സിക്യൂട്ടീവ് എഞ്ചിനീയർ, Lsgd,Mpm | G1,ഗായത്രി അപ്പാർട്ട് മെന്റസ്, ഇസ്റ്റ് ഫ്ലാറ്റ്,തൃശ്ശൂർ 5, |
| സി.കെ.ഹേമലത കുടുംബശ്രീ മിഷൻ കോ ഓർഡിനേറ്റർ | കുടുംബശ്രീ മിഷൻ കോ ഓർഡിനേറ്റർ, മലപ്പുറം | TC68/1983,ശിവദീപം,പാച്ചല്ലൂർ,തിരുവനന്തപുരം-695027 |
| ഒ.പ്രസന്നൻ,സീനീയർ കൃഷി ഓഫീസർ,കോക്കനട്ട് നഴ്സറി.പരപ്പനങ്ങാടി | സീനീയർ കൃഷി ഓഫീസർ,കോക്കനട്ട് നഴ്സറി.പരപ്പനങ്ങാടി | ഒരലങ്കാട്ട് ഹൌസ് ,പന്തീരങ്കാവ്,കോഴിക്കോട്-673019 |
| മുഹമ്മദ് ബഷീർ.ടി,എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് | തയ്യിൽ ഹൌസ്,3/164A, വെസ്റ്റ് നടക്കാവ്,കോഴിക്കോട് |

| | കോർപറേഷൻ | |
|---|---|---|

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFM 4/1568/98 Dtd 04.03.2000 | 12 |
| 1998-99 | LFM 4/1347/02 Dtd 05.07.2003 | 52 |
| 1999-00 | LFM 4/1348/02 Dtd 14.07.2003 | 76 |
| 2000-01 | LFM 23/333/08 Dtd 06.12.2010 | 67 |
| 2001-02 | LFM 23/1894/07 Dtd 08.12.2010 | 82 |
| 2002-03 | LFM 23/1308/07 Dtd 04.12.2010 | 20 |
| 2003-04 | LFM 23/118/08 Dtd 08.12.2010 | 58 |
| 2004-05 | LFM 4/2027/06 Dtd 12.11.2007 | 21 |
| 2005-06 | LFM 08/2135/07 Dtd 17.03.2008 | 38 |
| 2006-07 | LFM 09/1196/08 Dtd 07.09.2009 | 07 |
| 2007-08 | LFM 12/2015/09 Dtd 29.03.2010 | 12 |
| 2008-09 | LFM 12/1182/10 Dtd 10.02.2011 | 31 |
| 2009-10 | LFM 04/1254/11 Dtd 15.09.2011 | 51 |
| 2010-11 | LFM 22/1176/12 Dtd 31.03.2013 | 52 |
| 2011-12 | LFM 23/477/14 Dtd 31.03.2013 | 24 |
| 2012-13 | LFM 08/2875/14 Dtd 14.01.2015 | 69 |
| 2013-14 | KSAMPM 8/2935/15 Dtd 15.01.2016 | 38 |
| 2014-15 | KSAMPM 8/942/16 Dtd 15.01.2016 | 52 |
| 2015-16 | KSAMPM 23/1143/17 Dtd 26.05.2017 | 44 |

സീനിയർ ഡെപ്യൂട്ടിഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

## a-1

## AUDIT CERTIFICATE

KSA/MPM/23/2673/2017

Kerala State Audit Department,
District Office, Malappuram.
Date 18-01-2018

Certified that I have Audited the Annual Financial Statement of Malappuram District Panchayath in Malappuram District for the year 2016-17 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Malappuram District Panchayath for the Finanial year 2016-17 ,except the observations in para 1-3 of my audit report, properly presents the picture of income and expenditure.

Denior DeputyDirector,
Kerala State Audit Department,
District Office, Malappuram

## a-2

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ/എം പി എം/23/2673/2017

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
തീയതി 18-01-2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 1-3ൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ , എന്റെ അഭിപ്രായത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 വാർഷികധനകാര്യ പത്രിക വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003 ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

സീനീയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.